കല്ലിലെ കവിത



സുവർണ്ണ
നാലപ്പാട്ട് ട്രസ്റ്റ്
(ഇന്തോളജി)

ഉള്ളടക്കം

1. സംസ്കൃതകാവ്യങ്ങളിലെ നീതിധർമ്മങ്ങൾ: മഹാഭാരതവും രാമായണവും
2. വർണ്ണങ്ങളുടെ യക്ഷഗാനസംഗഭൂമി
3. കഥക് നൃത്തത്തിന്റെ സാംസ്കാരികഭൂമിശാസ്ത്രം
4. തമിഴ് സിദ്ധവൈദ്യം
5. തീർത്ഥങ്ങൾ-വാരാണസിയിലെ കേദാരേശ്വരം
6. ഹൊയ്സലശിൽപ്പങ്ങൾ-രാജകീയതയുടെ ലക്ഷണം
7. ശിലയുടെ നാദം
8. വാസന്തികാപരിണയം
9. പഴയ ജാവയിലെ കാക്കവിൻരാമായണവും ഇപ്പോഴത്തെ കാക്കവിൻ രാമായണവും
10. 856 എഡിയിലെ ശിവഗൃഹലിഖിതം
11. മദ്ധ്യജാവയിലെ പക്ഷികളും സാധുക്കളും രാജാക്കന്മാരും
12. ബാലിരാമായണം
13. ചണ്ഡി പ്രാംബണിലും പണതരനിലും രാമായണം
14. പെറെങ്ങ് ലിഖിതം
15. രാത്തുബാക്ക ലിഖിതം
16. കല്ലിൽ കൊത്തിയ രാമായണകഥ
17. മിയാൻമാറിലെ രാമവാത്തു
18. തായ് രാമകീൻ
19. 9ആം നൂറ്റാണ്ടിലെ ജാവയിലെ നൃത്തം
20. ലകുലീശനും പൂക്കാട്ടിയൂർ ലിഖിതവും

മഹാഭാരതവും രാമായണവും

മഹാഭാരതത്തിലെ 1000000 ശ്ലോകങ്ങളും വേദവ്യാസന്റെ മനസ്സാഗരസം ഭൂതം (മാനസസമുദ്രത്തിൽനിന്ന് ഉണ്ടായത്) ആണെന്നാണ് പറയപ്പെടുന്നത്. വളരെക്കാലം മുമ്പ് സപ്തർഷിമാർ ചിത്രശിഖണ്ഡി എന്ന് ഒറ്റത്താരമായിരുന്ന കാലത്ത് അവർ ഒരൊറ്റ ചിന്തയായി,ലക്ഷം ശ്ലോകമുള്ള ഒരു കൃതി രചിക്കയും അതിൽനിന്ന് ധർമ്മം രൂപം കൊള്ളുകയും ചെയ്തു. (തൈർ ഏകമതിഭിർ ഭൂത്വായത്പ്രോക്തം ശാസ്ത്രം ഉത്തമം, കൃതം ശതസഹസ്രാനാം ശ്ലോകാനാം ഇദം ഉത്തമം, ലോകതന്ത്രസ്യ കൃത്സ്നസ്യ യസ്മാദ് ധർമ്മ പ്രവർത്തതേ).അതിന്നു മുമ്പ് ബ്രഹ്മാവ് രചിച്ച ലക്ഷം അദ്ധ്യായമുള്ള ഒരു ഗ്രന്ഥമുണ്ടായിരുന്നു.മഹാഭാരതത്തിന്റെ തുടക്കത്തിലും അവസാനഭാഗത്തും പറയുന്ന ഒരു വാക്യം ഇതിലില്ലാത്തതൊന്നും മറ്റൊ

രു ഗ്രന്ഥത്തിലുമില്ല എന്നാണ്. വാമൊഴിസാഹിത്യത്തിൽനിന്ന് വരമൊഴി യായി വികസിക്കുന്നകാലം വരെ വലിയമാറ്റങ്ങളില്ലാതെ ഈ ഗ്രന്ഥം ഭാരതത്തിലെല്ലാം നിലനിന്നു എന്നത് ഇവിടത്തെ അന്നത്തെ വിദ്യാഭ്യാസ രീതി,പാണ്ഡിത്യം ഇവക്ക് നിദാനമാണ്. ഉപാഖ്യാനങ്ങളൊഴിവാക്കി ഒരു ഭാരതസംഹിതയും 24000 ശ്ലോകങ്ങളോടെ വ്യാസൻ രചിക്കയുണ്ടായി. ഭാരതാനാം മഹജ്ജന്മമാണ് ഭാരതമെന്നും ഇത് കേട്ടാൽ പാപമുക്തിയാ യെന്നും വിശ്വാസം.18 പർവ്വവും 100 ഉപപർവ്വവുമുണ്ട്. സാമ്പ്രദായിക മായി രാമായണപാരായണം പോലെ ഭാരതപാരായണവും ക്ഷേത്രങ്ങളിൽ നടപ്പാക്കാനായിരിക്കാം സംക്ഷിപ്തമായി ഉപാഖ്യാനങ്ങളില്ലാതെ രചന. മഹാപാരതപട്ടേരിമാരെന്ന് ഒരു കൂട്ടം പാരായണക്കാർ ഇപ്പോഴും ഉണ്ട്. രാമായണം കാണ്ഡങ്ങളായി വിഭജിക്കുന്നു.സസ്യത്തിന്റെ രണ്ട് പർവ്വ ങ്ങൾക്കിടയിലെ (നോഡ്) ഭാഗമാണ് കാണ്ഡം.. കാണ്ഡവും പർവ്വവും ചേരുമ്പോളാണ് സസ്യത്തിന്റെ തണ്ട് ആവുന്നത്. രണ്ടു കഥകളും ചേർന്ന താണ് പൂർണ്ണം. ശുകനും വൈശമ്പായനനുമടക്കമുള്ള ശിഷ്യന്മാർക്കാണ് വ്യാസൻ ആദ്യം മഹാഭാരതം കേൾപ്പിക്കുന്നത്. വൈശമ്പായനൻ അത് ജനമോജയന് കേൾപ്പിക്കുന്നു.അത് കേട്ട ഉഗ്രശ്രവസ്സ്, ശൌനകന്റെ യാഗ ശാലയിലെത്തി, നൈമിഷാരണ്യത്തിൽവെച്ച് വായിക്കുന്നു. രാമായണം നാരദൻ വാത്മീകിക്കും, പിന്നീട് വാത്മീകി കാവ്യമായും, അവസാനം ശിഷ്യരായ ലവകുശന്മാർ പാട്ടായും മൂന്നു പ്രാവശ്യം അവതരണം ഉണ്ട്.

ലോകത്തിൽ ഏറ്റവും ധർമ്മിഷ്ഠനാര്,അദ്ദേഹത്തിന്റെ ലക്ഷണമെന്ത്. അറി യാനാഗ്രഹിച്ച വാത്മീകിക്ക് നാരദനാണ് അയോദ്ധ്യയിലെ രാമചന്ദ്രനെ പരിചയപ്പെടുത്തുന്നത്. അദ്ദേഹം ബാലിവധം വരെ പറയുന്നുണ്ട്, സീതാ പരീക്ഷണമോ അഗ്നിപ്രവേശമോ പരിത്യാഗമോ പറയുന്നില്ല. മുനിമാരിൽ വസിഷ്ഠനേയും അഗസ്ത്യനേയും മാത്രമേ പറയുന്നുള്ളു. നാരദൻ പോയ ശേഷമാണ് കരയുന്ന ക്രൌഞ്ചമിഥുനത്തിനെ വാത്മീകി കാണുന്നത്. അദ്ദേ ഹത്തിന്റെ വായിൽനിന്നൂർന്നുവീണ മാനിഷാദ, ആദികാവ്യമായി പരിണ മിച്ചു. നാരദൻ പറയാതെ വിട്ടതെല്ലാം നിനക്ക് മനഃപ്രത്യക്ഷമായി ലഭിക്കു മെന്ന ബ്രഹ്മാനുഗ്രഹത്തോടെ വാത്മീകി രാമായണകാവ്യം എഴുതി. വിശ്വാമിത്ര,പരശുരാമ,ഭരദ്വാജഋഷിമാരുമായുള്ള രാമന്റെ ഇടപഴക ലുകളെല്ലാം ഇങ്ങനെ വാത്മീകിക്ക് മനപ്രത്യക്ഷമായി ലഭിച്ചതാണ്. ബാലി വധമോ അഗ്നിപ്രവേശമോ പറയാതെയാണ് മൂന്നാം സർഗ്ഗം സീതാപരി ത്യാഗകഥയോടെ വാത്മീകി നിർത്തുന്നത്.നൈമിഷാരണ്യത്തിലെ യജ്ഞ ത്തിലെന്നപോലെ രാമന്റെ അശ്വമേധയജ്ഞവേദിയിലാണ് ലവകുശന്മാരുടെ അവസാനപാരായണം.രണ്ടു ഇതിഹാസങ്ങളും അവയുടെ കർത്താവിന്റെ നാടകീയമായ പ്രവേശത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട്. രാമന്റെ യജ്ഞ ത്തിൽ വാത്മീകിയും ജനമേജയസത്രത്തിൽ വ്യാസനും പ്രത്യക്ഷപ്പെടുന്നുണ്ട്.

വാത്മീകിക്ക് നാരദനും ക്രൌഞ്ചമിഥുനവും ബ്രഹ്മാവും കൂടാതെ അവ സാനഭാഗം രചിക്കാനുള്ള പ്രചോദനമാവുന്നത് സീതയുടെ ആശ്രമപ്ര വേശമാണ്. എപ്പോഴാണ് ക്രൌഞ്ചപ്പക്ഷിയുടെ രോദനം ഇണയെപ്പിരിഞ്ഞ സീതയുടെ രോദനം പോലെ മുനിമാനസത്തെ കരുണാർദ്രമാക്കിയത്.

ആദ്യമാണോ അവസാനമാണോ(സീത വനശേഷമാണോ) മുനി ക്രൌഞ്ചമിഥുനത്തെ കണ്ടത്. സ്ഥായീഭാവമായ ശോകത്തിന് അംഗിരസമായി കരുണ വരുന്ന കാവ്യം ഉറന്നത് എപ്പോൾ. ഇത്തരമൊരു കാവ്യരസാനുഭൂതിയുടെ കഥ വ്യാസന് കാണുന്നില്ല. മുഴുവനും തന്റെ ചിന്തയിൽ ആദ്യമേ കണ്ട വ്യാസന് മറ്റൊരാളുടെ പ്രചോദനം ആവശ്യമാവുന്നുമില്ല. തമ്മിലടിച്ച് സ്വയം നശിക്കുന്ന രാജവംശങ്ങളുടെ കഥയിലേക്ക് അദ്ദേഹത്തിന്റെ അശ്രുക്കൾക്ക് ധർമ്മചിന്തയോ ശാന്തിയോ കൊണ്ടുവരാനും കഴിയുന്നില്ല. അത് ഒരു കവിതയേക്കാളധികം, വികാരങ്ങളേക്കാളധികം ,വിവേകം തരാനുള്ള ചരിത്രമാണ്. എന്തു ചെയ്യരുത് എന്നാണ് മഹാഭാരതം പഠിപ്പിക്കുന്നത്. പരസ്പരം കലഹിക്കരുത് എന്നാണ് സന്ദേശം. വാത്മീകിയുടേത് കരുണയുടെ സന്ദേശമാണ്. രണ്ടും ധർമ്മാനുഷ്ഠാനത്തിന് പ്രാമുഖ്യം കൊടുക്കുന്നുണ്ട്.

രാമായണത്തിലും ചരിത്രമുണ്ട്. ഉപോദ്ഘാതത്തിനുശേഷം ഇക്ഷ്വാകുവംശാവലി, കോസലതലസ്ഥാനമായ അയോദ്ധ്യ,ദശരഥന്റെ ഭരണം ഇവയാണ്. ലവകുശന്മാർക്ക് അവരുടെ വംശാനുചരിതം പഠിപ്പിക്കലുമാണത്. പറയുന്നവരും കേൾക്കുന്നവരും തമ്മിലുള്ള സംഭാഷണം അനുവദനീയമായിരുന്നു. പക്ഷേ രാമൻ അൽപം കേട്ടശേഷം ഒറ്റ ചോദ്യമാണ് ചോദിച്ചത്. ആരാണീ കാവ്യം രചിച്ചത്. പക്ഷേ, ഉപോദ്ഘാതത്തിന്റെ അവസാനം പാരായണം ആരംഭിക്കുംമുമ്പ്,അദ്ദേഹം പറഞ്ഞത് ഈ മഹാനുഭാവചരിതം എനിക്കും ഉപകാരപ്രദമാവട്ടെ എന്നാണ്. പാരായണക്കാർ സ്വന്തം മക്കളാണെന്നോ അത് സ്വന്തം ചരിതമാണെന്നോ അപ്പോൾ അദ്ദേഹത്തിനറിയില്ല.

കാവ്യം,ചരിതം,ആഖ്യാനം എന്ന് മൂന്നു പേരിലാണ് ഇതിഹാസം അറിയപ്പെടുന്നത്. മഹാഭാരതം 14 പ്രാവശ്യം ആഖ്യാനമെന്നും, 8 പ്രാവശ്യം ഇതിഹാസമെന്നും കൂടാതെ പുരാണം,കഥ സംഹിത, പഞ്ചമവേദം ,കാർഷ്ണവേദം (കൃഷ്ണനെസംബന്ധിച്ച് കൃഷ്ണദ്വൈപായനരചിതം), മഹാജ്ഞാനം,ശാസ്ത്രം,(ധർമ്മശാസ്ത്രം,മോക്ഷശാസ്ത്രം,അർത്ഥശാസ്ത്രം),ഉപനിഷത്ത്, ചരിതം, ജയം,സംവാദം(ഭഗവദ്ഗീത സംവാദമാണ്) എന്നെല്ലാം സ്വയം വിളിക്കുന്നു. കൂടാതെ ഉപാഖ്യാനം (ഉപകഥ) എന്നും.രാമായണം കാവ്യം എന്നു മാത്രമാണ് വാത്മീകി പറഞ്ഞിട്ടുള്ളത്.(മഹാത്മാനാം ചരിതം എന്ന സ്ഥലത്ത് ഒഴികെ) വേദരഹസ്യം വെളിപ്പെടുത്താനുള്ള കാവ്യം പരമപൂജിതം ഞാനെഴുതാൻപോകുന്നു എന്ന് വ്യാസൻ ബ്രഹ്മാവിനോടു പറയുന്നിടത്ത് ഭാരതവും കാവ്യമാണ്. കാവ്യം കൊണ്ടാണ് ഋഷിത്വം (ഋഷിർ വിപ്ര കാവ്യേന. ഋഗ്വേദം. 8.79.1)

മഹാഭാരതത്തിൽ 67 ഉപാഖ്യാനങ്ങളുണ്ട്. അപ്രകാരമുള്ള ഉപാഖ്യാനങ്ങൾ രാമായണത്തിലില്ല.ഋഷ്യശൃംഗ,വേദവതി,മാന്ധാതാ,ശ്വേത,ഇഡ(ഇള) ഇവരുടെ കഥകളെ മാത്രം കാണാം. ഉള്ള ഉപാഖ്യാനമെല്ലാം കഥയോടു ബന്ധപ്പെട്ടതാണ്. വലുതും ചെറുതുമായ പർവ്വ,ഉപപർവ്വങ്ങളെപ്പോലെ ആഖ്യാനങ്ങളും ഉപാഖ്യാനങ്ങളും നിറഞ്ഞതാണ് മഹാഭാരതം. രാമസ്യ ചരിതം കാവ്യമായാണ് എഴുതിയതെന്നതിനാൽ കവീനാം ധർമ്മമായ രസഭാവങ്ങളുള്ള രാമായണം രാജാവിന്റെ ധർമ്മം എപ്രകാരമാവണം എന്നും സ്ത്രീപുരുഷ,ഭാര്യാഭർത്യബന്ധം എങ്ങനെയാവണമെന്നും പഠിപ്പിക്കുന്നുണ്ട്.

കവിധർമ്മം,മാനവധർമ്മം,രാജധർമ്മം ഇവയിലൂന്നിയതാണ് രാമായണം. ഭാരതം ധർമ്മവും അധർമ്മവും എടുത്തുകാട്ടി, എങ്ങനെ ധർമ്മം തെര ഞ്ഞെടുക്കണമെന്നാണ് പറയുന്നത്.

രാമായണകാലത്ത് കാർത്തവീര്യനും ജാമദഗ്ന്യരാമനും തമ്മിലുള്ള യുദ്ധം പൂർവ്വകാലത്ത് നടന്നതാണെന്ന് പറയുന്നു. അതായത് ചരിത്രപരമായി അതു സംഭവിച്ചത് സീതാസ്വയംവരത്തിനും രാമജനനത്തിനും മുമ്പാണ്.

1884ൽ പ്രസിദ്ധീകരിച്ച ചാൾസ് റോക്കെവൽ ലാൻമാന്റെ എ സംസ്കൃത് റീഡർ,1819ലെ ബോപ്പിന്റെ നളചരിതം പടിഞ്ഞാറൻ രാജ്യങ്ങളിലെ സം സ്കൃതവിദ്യാർത്ഥികളുടെ ടെക്സ്റ്റ് ബുക്കാണ്. അഥ നളോപാഖ്യാനം. ആസീദ് രാജോ നളാ നാമ വീരസേനസുതോ ബലി ഉപപന്നോ ഗുണൈർ ഇഷ്ടൈ രൂപവാൻ അശ്വകോവിദ എന്ന ആദ്യവാക്യം അവിടെ സംസ്കൃ തവിദ്യാർത്ഥികൾക്കെല്ലാം സുപരിചിതമാണ്.
പടിഞ്ഞാറൻയൂണിവേഴ്സിറ്റികളിലെ കറിക്കുലത്തിൽ സംസ്കൃതത്തിന് പ്രാധാന്യം കുറഞ്ഞിട്ടില്ല. ജർമ്മനിയും പിന്നീട് അമേരിക്കയും പ്രത്യേകി ച്ചും ഇതിന്ന് വഴി തെളിയിച്ചു.ജർമ്മനിയിൽനിന്ന് സംസ്കൃതം പഠിച്ചന്ന് അമേരിക്കയിൽ സംസ്കൃതം പഠിപ്പിച്ച ഇ.ഇ സാലിസ്ബറി മുതൽ, ഡബ്ലി യു,ഡി വിറ്റ്നി,ജെയിംസ് വിറ്റൻ, വില്യം റെയിനി ഹാർപ്പർ, ചാൾസ് റോക്കർ ലാൻമാൻ,മോറിസ് ബ്ലൂംഫീൽഡ്,ആർതർ ഡബ്ലിയു റൈഡർ, ഫ്രാങ്കലിൻ എഡ്ഗർട്ടൻ, ഇവരിലൂടെ ആധുനികകാലത്ത് ഇങ്കൽസും അദ്ദേഹത്തിന്റെ ശിഷ്യരായ ഷെൽഡൻ പോളക്കും ഡോനി വെൻഡിഗറും വരെയെത്തി നിൽക്കുന്നു അമേരിക്കയിലെ സംസ്കൃതപണ്ഡിതനിര.

18ആം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ബ്യൂറോക്രാറ്റുകൾ ഇന്തോയൂറോപ്യൻ ജുഡി ഷ്യൽ സിസ്റ്റം ഉണ്ടാക്കാനാണ് സംസ്കൃതപഠനം തുടങ്ങിയത്. ക്ലൈവിന്റെ പ്ലാസി യുദ്ധവിജയശേഷമാണ് ഇന്ത്യയിലെ ഭരണസാദ്ധ്യത അവരാലോ ചിച്ചത്. നേരിട്ട ഭരണം വേണമെന്നുണ്ടെങ്കിൽ കോളനിയിലെ ഭരണഭാഷ അറിയണം. ആദ്യം ഇന്ത്യൻനിയമവും ബ്രിട്ടീഷ് നിയമവും വെവ്വേറെയാ ക്കിയാണ് ഭരണം നടത്തിയത്. ക്രിമിനൽകേസുകൾ ഇന്ത്യൻനിയമത്തിനും സിവിൽ കേസുകൾ ബ്രിട്ടീഷ് നിയമത്തിനും വിധേയമാക്കി. മദ്രാസ്, ബംഗാൾ,ബോംബേ എന്ന മൂന്നു വ്യാപാരസ്ഥാനവും ഒരേ കേന്ദ്രാധിപ ത്യത്തിലാക്കിയ വാറൻ ഹേസ്റ്റിങ്സ് ഇന്ത്യൻനിയമത്തെ ഒരുമിപ്പിച്ചു. ഇന്ത്യയിലെ നിയമത്തിലെ ചിലതെല്ലാം സ്വീകരിച്ച് ബ്രിട്ടീഷ് നിയമത്തെ പരിഷ്കരിച്ച് ഉപയോഗിച്ചതും ഹേസ്റ്റിങ്സാണ്. 1773ൽ അദ്ദേഹവും കൂട്ടുകാരും ചേർന്നുണ്ടാക്കിയ laws and tenets of the Mahometans and Gentoos (മൊഹമ്മദന്മാരുടേയും ജന്തുക്കളുടേയും നിയമം. ജന്തു , ജനിച്ചത്. ഇന്ത്യ യിൽ ജനിച്ച ജന്തുക്കൾ) 1776ൽ പല സംസ്കൃതഗ്രന്ഥങ്ങളിൽനിന്നുമായ് പലതരം നിയമങ്ങളുദ്ധരിച്ച് എ കോഡ് ഓഫ് ജന്തൂസ് നിയമങ്ങൾ ഉണ്ടായി. ഇന്ത്യയിലെ പണ്ഡിതർ ഇതെഴുതിയ ഹാൽസ്റ്റഡിന്റെ സംസ്കൃത

ഭാഷയിലെ അജ്ഞത കാരണം ഇത് സ്വീകരിച്ചില്ല. അതിനാൽ ഹാൽസ്റ്റഡ് അറബി(പേഴ്സ്യൻ) ഭാഷയിലേക്കും അതിനെ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യിച്ചു.

അപ്പോഴേക്കും ഇന്ത്യയുടെ സംസ്കൃതിയിലാകൃഷ്ടരായ ചില ബ്രിട്ടീഷ് പണ്ഡിതർ സംസ്കൃതഭാഷ പഠിക്കാനും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്താനും ഉത്സുകരായിക്കഴിഞ്ഞിരുന്നു. 1785ൽ ചാൾസ് വിൽക്കിൻസ് ഭഗവദ്ഗീത, വില്യം ജോൺസ് ശാകുന്തളം,ഇവയും വിൽക്കിൻസിന്റെ സംസ്കൃത വ്യാകരണവും വന്നു. 1783ലാണ് യൂറോപ്പിലെ ബുദ്ധിജീവിയായ ജോൺസ് ബംഗാളിലെ സുപ്രീംകോർട്ട് ജഡ്ജിയായി ഇന്ത്യയിലെത്തുന്നത്. ബുദ്ധിജാവികളും സാംസ്കാരികമായി ഉയർന്നവരും ആയ അംഗങ്ങളുടെ കൂട്ടായ്മയായ ഏഷ്യാറ്റിക്ക് സൊസൈറ്റി അദ്ദേഹം ഉണ്ടാക്കി. ബ്രിട്ടീഷ് ഇന്തോളജി അങ്ങനെ ആരംഭിച്ചു. പ്രാകൃതരും കുട്ടികളെപ്പോലെ നിഷ്കളങ്കരും അലൌകികമായ ദേഹ,മന,ആത്മശക്തിയുള്ളവരുമാണ് ഇന്ത്യക്കാരെന്ന് 17,18 നൂറ്റാണ്ടുകളിലെ ഈ പഠനങ്ങൾ പാശ്ചാത്യലോകത്തിനു മനസ്സിലാക്കിക്കൊടുത്തു. എല്ലാ കാവ്യവും ഉത്ഭവിച്ച സാഹിത്യഭാഷയായ സംസ്കൃതത്തെ അടുത്തറിയാനും പഠിക്കാനും അവർക്ക് ആഗ്രഹമുണ്ടായി. ഫ്രെഡറിക്ക് വോൺ ഷ്ലെഗൽ (ജർമ്മൻ) സംസ്കൃതം കാവ്യാത്മകമാണെന്നും അതിൽ വിവരിക്കാനാവാത്ത അലൌകികആത്മശക്തിയുണ്ടെന്നും അഭിപ്രായപ്പെട്ടു. ഇന്നറിയാവുന്ന ഭാഷകളിൽവെച്ച് ഏറ്റവും പഴക്കം സംസ്കൃതഭാഷക്കാണെന്നും അവർ പറഞ്ഞു. 19ആം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സംസ്കൃതം യൂറോപ്പിലെ യൂണിവേഴ്സിറ്റികളിൽ പഠനവിഷയമായി. കംപാരറ്റീവ് ലിംഗ്വിസ്റ്റിക്സ് എന്ന ശാഖ അക്കാലം മുതലുണ്ടായി. മാക്സ്മുള്ളറും വിറ്റ്നിയും സംസ്കൃതവ്യാകരണവും നിരൂപണവും പരിഭാഷകളും ഭാഷാശാസ്ത്രവും, ഭാഷകളുടെ ഉത്ഭവവും എല്ലാം ചർച്ച ചെയ്യാനുള്ള വ്യുത്പ്പത്തി നേടിയത് സംസ്കൃതത്തോടുള്ള പ്രതിപത്തിയും അതിലെ പഠനവും കൊണ്ടാണ്.

3000 വർഷത്തിലധികമായി സംസ്കൃതം ഇന്ത്യയിലെ സർവ്വകലാശാലകളിലും പ്രൈമറി തലത്തിലും വിദ്യാഭ്യാസഭാഷയായിട്ട്. പാണിനി, കാത്യായന, പതഞ്ജലികാലം മുതലേ നല്ലൊരു വ്യാകരണം ഇവിടെയുണ്ട്. മേൽപ്പത്തൂരിന്റെ പ്രക്രിയാസർവ്വസ്വം(16ആം നൂറ്റാണ്ട്) ഭട്ടോജിദീക്ഷിതരുടെ സിദ്ധാന്തകൌമുദി(17ആം നൂറ്റാണ്ട്) വരെ ആ സമ്പ്രദായം നിലനിന്നിട്ടുമുണ്ട്.സംസ്കൃതപഠനത്തിന്റെ കറിക്കുലം,സിലബസ് ,രീതി ഇവ കാണുക (Education in ancient India. Suvarna Nalapat . Amazon) കുട്ടികൾ ആറുവയസ്സിൽ സംസ്കൃതാക്ഷരങ്ങളും 8 വയസ്സിൽ പാണിനീവ്യാകരണവും , പഠിക്കുന്നത് ഐചിങ് വിവരിക്കുന്നുണ്ട്. ഫാഹിയാനും ഐചിങ്ങും ആൽബറൂണിയും ഇന്ത്യയിലെ സംസ്കൃതപണ്ഡിതർ അവരുടെ ജ്ഞാനം വിദേശികൾക്കോ അന്യമതസ്ഥർക്കോ പോലും കൊടുക്കുന്നതിൽ വിമുഖരായിരുന്നില്ല എന്ന് ചൂണ്ടിക്കാട്ടുന്നു. യൂറോപ്യരുടെ കാര്യത്തിലും ഇങ്ങനെയായിരുന്നു എന്ന് കാണാം. അക്ബറിന്റെ കാലത്തുതന്നെ പോർച്ചുഗീസുകാരും മറ്റും

ഇന്ത്യയിലുണ്ടായിട്ടും അവരാരും സംസ്കൃതം പഠിക്കയോ പഠിക്കാനാ ഗ്രഹിക്കയോ ചെയ്തില്ല. കാരണം കച്ചവടവും ലാഭമുണ്ടാക്കലുമല്ലാതെ അവരാരും ഒന്നും ആഗ്രഹിച്ചില്ല. ഇന്ത്യയുടെ സംസ്കാരം നശിപ്പിക്കാ നല്ലാതെ പഠിക്കാനോ അറിയാനോ സംരക്ഷിക്കാനോ ആഗ്രഹിച്ചില്ല. ബ്രിട്ടീഷുകാരുടെ ഇന്തോളജിപഠനം ഇക്കാര്യത്തിൽ ശ്രദ്ധ അർഹിക്കുന്നുണ്ട്. കോൾബ്രൂക്ക് ശാസ്ത്രഗ്രന്ഥങ്ങളിൽ അതീവ താൽപ്പര്യം കാട്ടി. പ്രത്യേകി ച്ചും ജ്യോതിശ്ശാസ്ത്രം മുതലായവയിൽ. പക്ഷേ, കോളേജുകളിൽ കമ്പനി യുടെ ജോലിക്കാരെ പരിശീലിപ്പിക്കാനുള്ള വിദ്യാഭ്യാസമാണ് കൊടുത്തത്. ജർമ്മൻ,അമേരിക്കൻ യൂണിവേഴ്സിറ്റികളിലെപ്പോലെ ശാസ്ത്രീയമായ ഗവേഷണമൊന്നും നടന്നില്ല. ബ്രിട്ടീഷുകാർ കോളേജുകളിൽ സംസ്കൃതം പഠിച്ചത് ഇന്ത്യയിലെ കോളനിഭരണം സുഗമമാക്കാനാണ്, ജർമ്മനിയിൽ റൊമാൻറിക്ക് വിപ്ലവമുണ്ടാക്കാനാണ്. അമേരിക്കയിൽ അങ്ങനെ ഒരു പ്രത്യേകഉദ്ദേശമൊന്നും ഉണ്ടായിരുന്നില്ല. അമേരിക്കയിലെ വിറ്റിനിയുടെ അഭിപ്രായം ഇന്ത്യ ഒരു ബാർബേറിയൻരാജ്യമായിരുന്നു എന്നും ബ്രിട്ടീ ഷുകാരാണ് അവരെ സംസ്കാരം പഠിപ്പിച്ചതെന്നും പാണിനിയുടെ വ്യാ കരണം വെറും വേസ്റ്റ് ആണെന്നുമാണ്. വിറ്റ്നിയുടെ സംസ്കൃതവ്യാ കരണമാണ് അമേരിക്കയിലെ യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുന്നത്. Sanskrit for the sake of the language itself or for the sake linguistic science, there is no question that the study of Sanskrit in West has suffered from a lack of a clearly defined identity.എന്ന് ഹെർമ്മൻ തുൾ പറയുന്നു. ഏതായാലും സംസ്കൃതത്തെ പഠനഭാഷയായി സജീവമായി നിലനിർത്തുന്നതിൽ അവരുടെ പങ്ക് കുറച്ചുകാണാനാവില്ല.

പ്രാദേശികം(ലോക്കൽ) ദേശീയം,അന്തർദ്ദേശീയം(നാഷണൻ, കോസ്മോപോ ളിറ്റൻ) സംസ്കാരങ്ങളുടെ തനിമയും തമ്മിലുള്ള പരസ്പരബന്ധവും

ദേശീയവും അന്തർദേശീയവുമായി സംസ്കൃതമായിരുന്നു ഇന്ത്യയിലെ ഭാഷ.സൌത്ത് ഈസ്റ്റ് ഏഷ്യ മുഴുവനും അതിന്റെ തെളിവുകൾ വ്യാപിച്ചു കിടക്കുന്നുണ്ട്. സംസ്കൃതി, ഭരണശക്തി,ഇവയുടെ പ്രതിഫലനം കൂടിയാണ് കോസ്മോപോളിറ്റനായി ഭാഷ അംഗീകരിക്കപ്പെടുന്നത്. ഇന്ന് ഇംഗ്ലീഷിനു ള്ള സ്ഥാനം 16ആം നൂറ്റാണ്ടിനു മുമ്പ് സംസ്കൃതത്തിന് ഉണ്ടായിരുന്നു. പ്രാദേശികവും കോസ്മോപോളിറ്റനും പരസ്പരം തുടർച്ചയുള്ളവയാണ്. അവ ഒന്നിച്ച് നിലനിൽക്കുന്നവയുമാണ്. പ്രാദേശികഭാഷകൾക്ക് ചില അതിർത്തികളുണ്ട്.അവക്കു പുറത്ത് അവയുടെ പ്രസക്തി കുറവാണ്. എന്നാൽ കോസ്മോപോളിറ്റൻ ഭാഷക്ക് അതിർത്തികളെ ഭേദിക്കാനും വേഗം പരക്കാനും പ്രസക്തി സ്വയം കണ്ടെത്താനും കഴിയും. ശങ്കരാ ചാര്യരെ കേരളമെന്ന പ്രാദേശികമായ അതിർത്തിയിൽനിന്ന് മോചിപ്പി ക്കുന്നത് കോസ്മോപോളിറ്റനായ സംസ്കൃതഭാഷയാണ്. പ്രാദേശികമായ അതിരുകൾ,യാത്രകൾ,വിഭിന്നഭാഷാപരിചയം ഇവ അന്തർദ്ദേശീയമായ ഒരു കാഴ്ചപ്പാടിലേക്ക് മനുഷ്യനെ വളർത്തുന്നു.പരസ്പരആശയവിനിയോ ഗത്തിനുപയോഗപ്പെടുന്ന കോസ്മോപോളിറ്റൻ ഭാഷ എന്ന നിലക്ക് പണ്ട് സംസ്കൃതവും ഇന്ന് ഇംഗ്ലീഷും ആവശ്യമാണ്.കലകളിലും ആചാരങ്ങളി ലും എല്ലാം പ്രാദേശികവും ദേശീയവും ആയ ഉൾപ്പിരിവുകളും അവ

തമ്മിൽ അനേകസാദൃശ്യങ്ങളുമുണ്ട്. ആദ്യകാലത്തെ മലയാള,തമിഴ്, കർണ്ണാടകകവിതകളെല്ലാം സംസ്കൃതകാവ്യങ്ങളുടെ ആവർത്തനങ്ങളോ അനുരണങ്ങളോ ആയിരുന്നു, സൌത്ത് ഈസ്റ്റ് ഏഷ്യയിലും ഈ പ്രവണത കാണാം. വള്ളത്തോളും കൂടി ബന്ധനസ്ഥനായ അനിരുദ്ധനുശേഷമാണ് പുതിയ വഴികളിലേക്ക് സഞ്ചരിച്ചത്. മണിപ്രവാളകവിതകളെല്ലാം പ്രാദേശിക,സംസ്കൃതപദസമ്മിശ്രമാണ്.

വർണ്ണങ്ങളുടെ യക്ഷഗാനരംഗഭൂമി

സംസ്കൃതം,കർണ്ണാടകം,തുളു ഇവയുടെ സമ്മേളനമാണ് യക്ഷഗാനം. സംസ്കൃതത്തിലെ പ്രസിദ്ധമായ കഥകളാണ് ആടുന്നത്. സംഗീതനൃത്ത നാടകപ്രധാനമായ യക്ഷഗാനം തീരദേശകർണ്ണാടകത്തിലാണ് പ്രസിദ്ധം. ബയലാത്ത(തുറന്ന രംഗഭൂമിയിലെ ആട്ടം) എന്ന് പ്രാദേശികമായി അറിയപ്പെടുന്നു.കൊയ്ത്തുകഴിഞ്ഞ വയലിലും വലിയ ജന്മിമാരുടെ മുറ്റത്തും കളിക്കാറുണ്ട്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന ട്രൂപ്പുകളുമുണ്ട്. താൽക്കാലികമായി കെട്ടിയുണ്ടാക്കിയ മരസ്റ്റേജിലാണ് കളി. തുണികൊണ്ട് മുകളിലും വശത്തും കെട്ടി മറക്കും. സന്ധ്യക്ക് തുടങ്ങിയ കളി പുലർച്ച വരെ നീളും. (കഥകളിപോലെ) രാമായണം,ഭാരതം,ഭാഗവതം മുതലായവയാണ് സാധാരണ കളിക്കുക.സ്ഥലപുരാണങ്ങളും ക്ഷേത്രപുരാണങ്ങളും അതാതു ക്ഷേത്ര,ദേശഭേദമനുസരിച്ച് കളിക്കും. പഴയ പ്രസംഗ(പ്രബന്ധ)ങ്ങളിൽ പെരുമ്പറയും ഇലത്താളവും അകമ്പടിസേവിക്കുന്ന സംഗീതം മാത്രമാണുണ്ടായിരുന്നത്. പാടുന്ന ആളെ ഭാഗവതനെന്ന് പറയുന്നു.പാട്ടിലും കഥയിലും മനോധർമ്മമനുസരിച്ച് മാറ്റം വരുത്താനും സ്വാതന്ത്ര്യമുണ്ട്. 15ഓളം പുരുഷന്മാർ നടന്മാരായി വരുന്നു. പൂർവ്വരംഗം,സഭാലക്ഷണം ഇവ (തുടക്കം,ഒടുക്കം) പാട്ടും നൃത്തവും കൊണ്ട് ദേവന്മാരെ പുകഴ്ത്തുന്ന ആചാരങ്ങളാണ്. കർണ്ണാടക,ഹിന്ദുസ്ഥാനിസംഗീതശൈലിക്കുമുമ്പ്, യക്ഷന്മാരാൽ പാടപ്പെട്ടിരുന്നതണ് ഇത് എന്ന് പറയപ്പെടുന്നു. കർണ്ണാടകത്തിലെ ദാസസമ്പ്രദായം(ഹരിദാസ മുതലായവ) പ്രാദേശികഭാഷയിലുള്ള ഇഷ്ടദേവതാപരമായ ഗീതങ്ങളാണ്. അതുമായി യക്ഷഗാനത്തിനു ബന്ധമുള്ളതായിട്ടാണ് കാണുന്നത്. വൈഷ്ണവഭക്തിപ്രസ്ഥാനമായ ദാസസമ്പ്രദായം ഇന്നുമുണ്ട്. 16ആം നൂറ്റാണ്ടിലെ വിജയനഗരരാജാക്കന്മാരുടെ സഭയിൽ അവർക്ക് ആദരണീയമായ സ്ഥാനമുണ്ടായിരുന്നു. ദാസഗാനവും യക്ഷഗാനത്തിലെ പ്രസംഗവും തമ്മിലുള്ള ബന്ധം ഘടനാശൈലിയിലും ഉള്ളടക്കത്തിലും മതപരമായ സിദ്ധാന്തങ്ങളിലും ഉണ്ട്. രണ്ടിലും പുരാണേതിഹാസകഥകളെ ഉപയോഗിക്കുന്നു, മനുഷ്യജീവിതത്തെക്കുറിച്ച് ഒരേ കാഴ്ചപ്പാട് പുലർത്തുന്നു. മാത്രമല്ല,ഏറ്റവും പഴയ ചില പ്രസംഗങ്ങളിൽ പുരന്ദരദാസനെ പിതാമഹനെന്നു വിളിക്കയും ചെയ്യുന്നു.പുരന്ദരദാസൻരെ താളപരിഷ്കരണത്തിനുമുമ്പുള്ള താളമാണ് യക്ഷഗാനം ഉപയോഗിക്കുന്നത്. ആന്ധ്രപ്രദേശിലും മറ്റും കാണുന്ന നൃത്തഗാനസമുദായത്തിലെ ആളുകളെ ജക്കുലു എന്നാണ് പറയുക. അതുപോലെ ഉള്ള ഒരു ഗായകസമുദായമാവാം യക്ഷന്മാരെന്നും കരുതുന്നു. പക്ഷേ പുരാണേതിഹാസങ്ങളിൽ ഇവർ കുള്ളന്മാരായ

(മുണ്ട) താളവാദ്യക്കാരും കുബേരവംശവും ആണ്. എല്ലാ ക്ഷേത്രത്തിലും ക്ഷേത്രത്തെ താങ്ങും വിധം ഇവരുടെ ശിൽപ്പം കാണാം.

16ആം നൂറ്റാണ്ടിൽ യക്ഷഗാനം അതിന്റെ പൂർണ്ണരൂപം പ്രാപിച്ചുകഴിഞ്ഞിട്ടുണ്ട്. താളമൊപ്പിച്ച പാട്ടും ഗദ്യവും രാഗവും മദ്ധ്യകാലത്തെ ഷട്പദികളുള്ള പദ്യവും വചനവുമുള്ളവയാണ് ഏറ്റവും പഴയ മാനുസ്ക്രിപ്ടുകൾ. നാടകത്തേക്കാളും സംഗീതത്തോടാണ് അടുപ്പം. വചനം കേൾക്കലാണ് പ്രധാനം. പുരാണേതിഹാസങ്ങൾ മാത്രമല്ല, ആയുർവ്വേദം മുതലായ ശാസ്ത്രങ്ങളും ഇത്തരം മാനുസ്ക്രിപ്ടുകളിൽ കാണുന്നുണ്ട്. (കാരന്ത് 1997) അതിനാൽ യക്ഷഗാനം സാഹിത്യരൂപമായിട്ടാണ് ആദ്യം ഉണ്ടായതെന്ന് കരുതുന്നു. പിന്നീട് അത് ക്ഷേത്രങ്ങളിൽ പാടാനായി പ്രാദേശികഭാഷയിലാക്കിയത് വൈഷ്ണവരാണ്. യൂറോപ്യൻ വിദ്യാഭ്യാസസമ്പ്രദായം വരുംമുമ്പ് തീരദേശകർണ്ണാടകത്തിൽ ഐഗലമഠങ്ങൾ ഉന്നതകുലജാതരായ കുട്ടികളെ പഠിപ്പിച്ചിരുന്നു. എഴുത്തും വായനയും യക്ഷഗാനപ്രസംഗത്തിലൂടെയാണ് പഠിപ്പിച്ചിരുന്നത്. ഹരികഥ,ദാസസമ്പ്രദായം ഇവയോടു ചേർന്നാണ് ഈ സാഹിത്യസമ്പ്രദായം ദൃശ്യാവതരണമായി മാറിയത്.

തുളുനാടാണ് യക്ഷഗാനകേന്ദ്രം. കാസർഗോഡു മുതൽ കർണ്ണാടകത്തിലെ ഗോകർണ്ണം വരെ ഇത് നീളുന്നു. തുളു ദ്രാവിഡിയൻഭാഷകളിലൊന്നാണ്. ബ്രഹ്മാവരത്തിനു വടക്കുള്ള സീതാനദി വരെയാണ് തുളുഭാഷാസീമ എന്നും നദിക്കു വടക്കുള്ള കുന്ദാപുരമാണ് തുളുകേന്ദ്രമെന്നും രണ്ടഭിപ്രായമുണ്ട്. ദേവതമാരെ സംബന്ധിക്കുന്ന നിരവധി വാമൊഴിസാഹിത്യങ്ങൾ തുളുഭാഷയിലുണ്ട്. തുളുസംസ്കാരകേന്ദ്രം കൂടാതെ കന്നഡ സംസാരിക്കുന്ന ഉത്തരകർണ്ണാടകമേഖലയുണ്ട്.(ശിമോഗ,ചിക്കമംഗലൂരു ഉൾപ്പെട്ടത്). ഈ കന്നഡസംസ്കാരമേഖലയാണ് യക്ഷഗാനമേഖല. തുളു,കന്നഡമേഖലകൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന സംസ്കാരമാണ്. കർണാടകസംസ്കാരമേഖലയിൽ ഇവയെ തമ്മിൽ ബന്ധിപ്പിച്ചിരുന്നത് വിദ്യാഭ്യാസത്തിലുള്ള യക്ഷഗാനസമ്പ്രദായമാണ്. സംസ്കൃതവും പ്രാദേശികഭാഷകളും തമ്മിലുള്ള ഒരുമയും ഈ വിദ്യാഭ്യാസസമ്പ്രദായവും കൂടി ബന്ധമുണ്ട്. ഉഡുപ്പിയിലെ കൃഷ്ണക്ഷേത്രവും ചുറ്റുമുള്ള 8 മഠങ്ങളും ദ്വൈതവേദാന്തസ്കൂളെന്ന സംസ്കൃതഭാഷാപഠനകേന്ദ്രങ്ങളുമായിരുന്നു. വൈഷ്ണവമായ ഈ ചുറ്റുപാടിലാണ് യക്ഷഗാനം രൂപം പ്രാപിച്ചതും വളര്ന്നതും. സംസ്കൃതം,കന്നഡ,തുളുഭാഷകളുടെ സമന്വയം കൊണ്ട് ഒരേ സമയം ഭാരതത്തിന്റെ മുഴുവനും , കർണ്ണാടകതുളുദേശങ്ങളുടെ പ്രാദേശികവുമായ ഭാ,യും സംസംകാരവും പകരുന്ന തരമായിരുന്നു വിദ്യാഭ്യാസം .

യക്ഷഗാനത്തിലെ മൂന്നു സമ്പ്രദായങ്ങൾഃ-1.വൈഷ്ണവഭക്തി. 2. തുളുനാട്ടിലെ ഭൂതാരാധന 3. പ്രാദേശികമായ നാഗാരാധന

മദ്ധ്യകാലഗ്രന്ഥങ്ങളായ കർണ്ണാടകഭാരതകഥാമഞ്ജരി, ജൈമിനിഭാരതം, തോരവേ രാമായണം ഇവയുടെ പ്രതിഫലനം ആദ്യകാലയക്ഷഗാനപ്രബന്ധങ്ങളിലുണ്ട്.യക്ഷഗാനം ഉൾപ്പെടെ എല്ലാ ഫോക്ലോർനൃത്തങ്ങളും

ഭൂതാരാധനയിൽനിന്ന് ഉണ്ടായവയാണ്. 60 കളിൽ യക്ഷഗാനത്തെക്കുറിച്ച് ഗവേഷണം നടത്തിയ കാരന്ത് നാഗമണ്ഡലാരാധനയും യക്ഷഗാനവും തമ്മിലുള്ള ബന്ധം പ്രസ്താവിച്ചിട്ടുണ്ട്. നാഗമണ്ഡലം വരച്ച് നാഗാരാധന ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ തുളുനാട്ടിലും പതിവാണ്. നാഗക്കാവുകളിലാണ് പ്രധാനം. നാഗകന്യവേഷം കെട്ടി ഡമരു കയ്യിലേന്തി പാടിയും ആടിയും കവുങ്ങിൻപൂക്കുലയേന്തിയും കളം മാക്കുന്ന പെൺകുട്ടികളുടെ ഗാനം യക്ഷഗാനത്തോടു സാമ്യമുണ്ട്. യക്ഷഗാനത്തിലെ സ്ത്രീകഥാപാത്രങ്ങളുടെ ചില സ്റ്റെപ്പുകളും, കൈത്തലം മലർത്തുകയും കമിഴ്ത്തുകയും ചെയ്യലും നാഗനൃത്തത്തോടു സാമ്യം കാട്ടുന്നു.

ഭൂതാരാധനയിൽ ഭൂതമെന്നും ദൈവമെന്നും ഒരേ അർത്ഥത്തിൽ പറയുന്നു. നിരവധി പൂർവ്വീകരുടെ ആത്മാക്കളും പഞ്ചഭൂതങ്ങളും നിറഞ്ഞ ലോകത്തിൽ അവരെയെല്ലാം പ്രസാദിപ്പിക്കാനുള്ള ചടങ്ങുകളാണ് ഭൂതാരാധന. നേമമെന്നും കോലമെന്നും പേരിൽ വാർഷികച്ചടങ്ങുകളായി ഇവ നടത്തുന്നു. ചാവടികളുടെ മുമ്പിലുയർത്തിയ താൽക്കാലികഷെഡ്ഡിലോ, ക്ഷേത്രത്തിലോ ഇത് നടത്തും. വിളവെടുപ്പിനു ശേഷമുള്ള ശ്രീഭൂതബലി ഭൂമിക്കുള്ള നന്ദിപ്രകടനമാണ്. ഭൂവുടമ (ബന്ദ്, വൊക്കലിഗ) ഇതിന് നേതൃത്വം വഹിക്കും. കള്ളുചെത്തുന്നവരായ ബില്ലവ(ബിരുവേരു) സമുദായം പൂജാരിയെ കൊടുക്കണം. പമ്പാട ദൈവത്തിന്റെ വിഭൂഷകളണിയുന്നു. ദേവതാചരിത്രം പാടുകയും അഭിനയിക്കയും ചെയ്യുന്നു. കാണികളെ അനുഗ്രഹിക്കയും പ്രശ്നപരിഹാരം നിശ്ചയിക്കയും പമ്പാട(വെളിച്ചപ്പാട്)യുടെ ജോലിയാണ്. യക്ഷഗാനത്തിലെ ഭൂതാരാധനാചടങ്ങുകൾ തെക്കൻസമ്പ്രദായത്തിലാണ് (തെങ്കുത്തിട്ടു).ചെണ്ട,വേഷം, നൃത്തം ഇവയെല്ലാം തെക്കൻമട്ടിലാണ്. രാക്ഷസന്മാരുടെ വേഷം പ്രത്യേകിച്ചും. കഥകളിയിൽ ഭൂതാരാധനയായ തെയ്യം, സംസ്കൃതനാടകമായ കൂടിയാട്ടം ഇവയുടെ മിശ്രമായ വേഷമാണ്, ഇതും തെങ്കുത്തിട്ട് ആണ്. നമ്മുടെ ക്ഷേത്രോത്സവങ്ങളിലെ ചടങ്ങുകളെല്ലാം ഭൂതാരാധനയിൽനിന്ന് ഉണ്ടായവതന്നെയാണ്.

പകുതി മറയ്ക്കുന്ന ഒരു തിരക്കുപിന്നിൽ പ്രധാനകഥാപാത്രങ്ങളെ പരിചയപ്പെടുത്തുന്നതിന് യക്ഷഗാനത്തിൽ ഒഡ്ഡോലക എന്ന് പറയുന്നു ഈ വാക്കിന്റെ അർത്ഥം രാജസദസ്സ്,രാജസഭ എന്നെല്ലാമാണ്. രാജസഭയിലേക്ക് പ്രവേശിച്ച് സദസ്സിനു ദർശനം നൽകലാണിത്. കഥകളിയിലും തിരനോട്ടം ഇതാണ്. ദൈവഭൂഷകളണിഞ്ഞ പാമ്പാട പ്രവേശിക്കുന്നതിനും ഒഡ്ഡോലക എന്ന് പറയുന്നു. പ്രാർത്ഥനക്കുശേഷമാണ് ചിലങ്ക അണിയുന്നത്. ഗഗ്ഗര (ചിലമ്പ്) ആർക്കാണോ കൈമാറുന്നത് അവർക്ക് ദൈവീകത്വവും കൈമാറുന്നു.ഇത് നർത്തകരുടെ ഇടയിൽ ഇപ്പോഴുമുള്ള സമ്പ്രദായമാണ്. രാക്ഷസവേഷക്കാരുടെ ഗഗ്ഗര ചെറിയതായിരിക്കും. ഭൂതാരാധനയിൽ പ്രധാന പങ്കു വഹിക്കുന്ന കള്ളുചെത്തുന്നവരും ബില്ലവരും പറയരും യക്ഷഗാനത്തിൽ പങ്കെടുക്കാനനുവാദമില്ല. തൈലം എടുക്കുന്നവർക്കും പ്രവേശനമില്ല. രണ്ടിനും നേതൃത്വം വഹിക്കുന്നത് ഭൂവുടമ തന്നെയാണ്. പല സമുദായക്കാർക്കും അവരവരുടേതായ കലകളും ആചാരങ്ങളും അതാതു

കാലത്ത് അവതരിപ്പിക്കാനും വികസിപ്പിക്കാനുമുള്ള ഒരു പദ്ധതിയായി വേണം ഇതിനെ കാണാൻ.

കഥകളിയും കളരിപ്പയറ്റും തമ്മിലുള്ള ബന്ധം പലരും പഠിച്ചിട്ടുള്ളതാണ്. തുളുനാട്ടിലാണ് ഏറ്റവും പ്രധാനമായ കളരികളുണ്ടായിരുന്നത്. ഇന്ന് തുളുനാട്ടിൽ കളരികളില്ല. പക്ഷേ, ബില്ലവസമുദായത്തിന്റെ വീരപുരുഷന്മാരായ കോടി,ചന്നയ്യാ ഇവരുടെ ക്ഷേത്രങ്ങൾ പണ്ട് കളരി അഭ്യാസ കേന്ദ്രങ്ങളായിരുന്നു എന്ന് ഐതിഹ്യം നിലനിൽക്കുന്നു. യക്ഷഗാനവും അതുമായി കഥകളിക്കെന്നപോലെ സാമ്യവും ബന്ധവും ഉണ്ടാവാം. ധർമ്മസ്ഥല, ഉള്ളാളിലെ സോമനാഥക്ഷേത്രത്തിനകത്ത് ഭൂതങ്ങളുടെ ഉപദേവക്ഷേത്രങ്ങളുണ്ട്. കേരളത്തിലും ഇപ്രകാരം കാണാം. അതായത്, ഹിന്ദുമതാചാരങ്ങളെല്ലാം തന്നെ ആദിവാസിആചാരങ്ങളാണ്, ഒരേ സംസ്കാരമാണ് നമ്മുടേത് എന്ന് മനസ്സിലാക്കാം. ബില്ലവസമുദായം പഞ്ചുർളിയെ ആരാധിക്കുന്നവരാണ്. യക്ഷഗാനട്രൂപ്പുകളെല്ലാം ദുർഗ്ഗാപരമേശ്വരീക്ഷേത്രങ്ങളിലാണുള്ളത്. കാരണം ദേവിക്കാണത്രേ യക്ഷഗാനം പ്രിയം. കേരളത്തിലെ പല ക്ഷേത്രങ്ങളും (പ്രത്യേകിച്ച് ദേവീക്ഷേത്രം) ദാരികനും ദേവിയും കൂടിയുള്ള യുദ്ധം അഭിനയിക്കാറുണ്ട്. (കാട്ടകാമ്പാൽ പോലെ) ഇതിലെ വേഷം, അഭിനയം ഇവയും യക്ഷഗാനവും , കളരിപ്പയറ്റും എല്ലാം താരതമ്യപ്പെടുത്താവുന്നതാണ്.

വടക്കേ മലബാറിലെ തെയ്യം ദൈവം ഉറയുന്ന നർത്തരൂപമാണ്. ഇതും കളരിപ്പയറ്റും ബന്ധപ്പെട്ടതുമാണ്. തെയ്യം എന്നാൽ ദൈവം. തെയ്യാട്ടം എന്നാലോ,ദൈവത്തിന്റെ ആട്ടം,നൃത്തം. കോഴിക്കോട്ടും കണ്ണൂരും വയനാട്ടിലും കാസർഗോഡും ഇതുണ്ട്. പുരുഷന്മാരാണ് തെയ്യം കെട്ടുക. ഒരു പ്രത്യേകസമുദായത്തിലെ സ്ത്രീക്ക് അപ്സരയായി ദേവക്കൂത്ത് ആടാനുള്ള അനുവാദമുണ്ട്. തെയ്യം ആവേശിക്കുക,ഉറയുക എന്നത് തമിഴ് സംഘകാലം മുതലേ നിലനിന്നിരുന്നതിനാൽ തെയ്യത്തിന് വളരെ നീണ്ട ചരിത്രമുണ്ട്. 1912ൽ തേഴ്സ്റ്റൻ മലയന്മാരുടെ ഭൂതനൃത്തമെന്ന് ഇതിനെ വിളിച്ചു. കഥകളി,മുടിയേറ്റ്, തിറയാട്ടം ഇവ തെക്കേ മലബാറിലുമുണ്ട്. നങ്ങ്യാർകൂ

ത്ത് അഥവാ ദൈവക്കൂത്ത് മാത്രമാണ് സ്ത്രീതെയ്യം. ഭൂതക്കോലവും ഭൂതാരാധനയുമുള്ള പ്രദേശത്തെല്ലാം തെയ്യാരാധനയുമുണ്ട്. തെയ്യം കെട്ടുന്നവർക്ക് മന്ത്രവാദവും അറിയാമെന്നാണ് വിശ്വാസം. കാവുകളിലാണ് തെയ്യം കെട്ടുക. അസാധാരണപ്രാഗത്ഭ്യം തെളിയിച്ച തെയ്യം കലാകാരന്മാരുടെ ബിരുദമാണ് പെരുവണ്ണാനെന്നത്. കാവുകളിലാണ് ദിവ്യമായ തെയ്യവേഷം. .ദേവതയുടെ തോറ്റം പാട്ട് ആദ്യം പാടുന്നു. ദൈവം ഉറയുന്നതിന് ഉപകരണവാദ്യസംഗീതം വേണം. കിരീടമണിഞ്ഞ് കണ്ണാടി നോക്കുമ്പോഴാണ് ദൈവം പെരുവണ്ണാന്റെ ശരീരത്തിൽ പ്രവേശിക്കുന്നത്.

കാവുകളിലാണ് തെയ്യാട്ടം. കാവിന് മറ്റുപേരുകൾ:-സ്ഥാനം,മുണ്ട്യ, പള്ളിയറ, കോട്ടം, അറ,കഴം. തെയ്യം കൃഷിയോടും മരങ്ങളോടും ഔഷധികളോടും ബന്ധപ്പെട്ടതാണ്.തോറ്റം പാട്ടിൽ അനേകം വൃക്ഷലതാദികളുടെ വിവരണമുണ്ട്. കാവുകൾ അപ്രത്യക്ഷമാവുന്നതോയെ തെയ്യാട്ടവും ഇല്ലാതായേക്കാം.തെയ്യം കലാകാരന്മാരെല്ലാം ആദ്യം കളരിപ്പയറ്റു പഠിക്കുന്നുണ്ട്.

കഥക് നൃത്തത്തിന്റെ സാംസ്കാരികഭൂമിശാസ്ത്രം

ലക്നൌ ഗുരുശിഷ്യപരമ്പര(ഘരാന). ജയ്പൂർ ഘരാന, ബനാറസ് ഘരാന.ലാഹോറിലും ജമ്മുവിലുമുണ്ടായിരുന്ന ഘരാനകൾ ഇപ്പോഴില്ല. ജയ്പൂർ,ബനാറസ് ഘരാനകൾ ശുദ്ധമായ ഭക്തിസമ്പ്രദായമാണ്. ലക്നൌ ഘരാനയിലാണ് പ്രേമഗാനങ്ങളും ഹിന്ദു-മുസ്ലിം മിശ്രവും കാണുന്നത്.

വൈഷ്ണവഭക്തിസമ്പ്രദായവുമായി ബന്ധപ്പെട്ടത്. വ്രജഭൂമിയിൽ കൃഷ്ണലീലകളാടിയതിന്റെ തുടർച്ച. ഗംഗായമുനാസംസ്കാരത്തിന്റെ ലക്ഷണം. നടവരിനൃത്തം (നട് വർ കൃഷ്ണനാമം) എന്നായിരുന്നു പഴയ പേർ. ഉത്തർപ്രദേശിലും ബീഹാറിലുമുള്ള കഥക്കുകളെന്ന കാഥികരാണ് ഇത് പ്രചരിപ്പിച്ചത്. നവാബ് ആലിഷായുടെ സഭയിലെ കഥക്കുനർത്തകരെ ഭഗത്ത് എന്നാണ് വിളിച്ചിരുന്നത്. അലഹബാദിനടുത്ത കിച്ചിക്കില ഗ്രാമത്തിൽ 989 നർത്തകകുടുംബങ്ങൾ കഥാകാർ എന്ന പേരിൽ രാമ,കൃഷ്ണകഥകൽ പാടി നടന്നിരുന്നുവെന്നും അവരാണ് തന്റെ പൂർവ്വികരെന്നും ബിർജു മഹാരാജ്. കുടുംബത്തിലെ 60 പേരാണ് നവാബിന്റെ കോർട്ടിലേക്ക് ക്ഷണിക്കപ്പെട്ടത്.

തമിൾസിദ്ധവൈദ്യം

ഇരാമതേവരും(യാക്കോപ്പു) ഭോഗരും

പതിനെണ്ണു(18) ചിത്തർകളിലെ കായസിദ്ധബ്രാഞ്ചിലാണ് ഇവർ. ഇരാമതേവർ മെക്ക സന്ദർശിച്ചിട്ടുണ്ട്. ഭോഗർ പലവട്ടം ലോകം ചുറ്റി. മെക്ക, റോം,യെരൂശലേം, ചൈന ഇവ സന്ദർശിച്ചു. യോദ്ധാക്കളായ മറവർതേവർകുലത്തിൽ ജനിച്ച രാമതേവർ 15ആം നൂറ്റാണ്ടിലാണ് ജീവിച്ചതെന്ന് കരുതുന്നു. ആതിമുതലെൻപേരു ഇരാമതേവർ ഇന്ദ്രനും അഹല്യയും തമ്മിലുള്ള സംയോഗഫലമായുണ്ടായ പരമ്പരയാണ്. ഗൌതമർ മറവർ,

തേവർകുലമായിരുന്നു,ഇരാമതേവർക്ക് അകത്തിയർ മഹാപതി എന്ന പേരും കൊടുത്തു. മെക്കയിൽവെച്ച് മതംമാറി സ്വീകരിച്ച പേരാണ് യാക്കോപ്പു.ഗുരു ഇരാചുൽ ആണ് ആ പേരുതന്നതെന്ന് വേറൊരു പുസ്തകത്തിലും അദ്ദേഹം പറയുന്നു. മന്ത്രവാദം,ആൽക്കെമി ,വൈദ്യം ഇവയിലായി 17 പുസ്തകം രചിച്ചിട്ടുണ്ട്. മക്കതേശത്തേക്ക് കപ്പലും ആകാശഗമനത്തിനുള്ള രസം അടങ്ങിയ ഗുളികയും താൻ ഉപയോഗിച്ചതായി അദ്ദേഹം പറയുന്നു. വടക്കും തെക്കുമുള്ളകടലിലൂടെ സഞ്ചരിച്ച്, പടിഞ്ഞാറെ കടലിലെത്തി, ഗുളിക ഉപയോഗിച്ച് മെക്കതേശത്ത് ചെന്നു. എന്റെ ലക്ഷ്യം വീണ്ടും കിഴക്കേ കടലോരത്ത് എത്തലാണെന്ന് പറയുന്നു. രസവാദം അറിയുന്ന നബിമാർകൾ ആദ്യം അദ്ദേഹത്തെ ശത്രുവെപ്പോലെ കണ്ടു. അവരെ പ്രീതരാക്കാൻ അദ്ദേഹം അവരുടെ ആചാരങ്ങളെല്ലാം പാലിക്കയും മതം സ്വീകരിക്കയും ചെയ്തു. അപ്പോൾ അവർ രസക്കിണറിന്റെ സ്ഥാനം പറഞ്ഞുകൊടുത്തു. യാക്കോപ്പു ആവശ്യമുള്ള രസം എടുത്ത് രണ്ടുവിധ ഗുളികകളും കൂടി ഉണ്ടാക്കി. മക്കയിൽനിന്ന് അതിദൂരം ആകാശമാർഗ്ഗം അവയുടെ സഹായത്തോടെ പറന്ന് ലോകം മുഴുവനും കണ്ടു, എല്ലാ രാജ്യത്തുമുള്ള സിദ്ധരുമായി സംവദിച്ചു. ഖേചരീവിദ്യ അദ്ദേഹത്തിന് നേരത്തേ അറിയാമായിരുന്നു. കയ്യിലെ ഗുളിക തീർന്നതുകൊണ്ടാണ് ആ ദേശത്തെ രസക്കിണർ കണ്ടുപിടിക്കേണ്ടിവന്നത്. ഇന്ത്യയിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലലും രസക്കിണറുകളുണ്ടെന്ന് സംസ്കൃതസാഹിത്യം. ഖേചരീവിദ്യ തന്ത്രസാഹിത്യത്തിലെ പ്രധാനപ്പെട്ട ആകാശഗമനസിദ്ധിയാണ്. ഇന്ത്യയിലെ വിമാനങ്ങളിൽ രസം ഉപയോഗിച്ചിരുന്നതായി ശാസ്ത്രഗ്രന്ഥങ്ങളിലുണ്ട്. ശാസ്ത്ര,സൂത്രങ്ങളിലെ യോഗ,തന്ത്ര,രസ, രസായന വിദ്യകളെല്ലാം ഇന്ത്യയിലെ സിദ്ധരിൽനിന്ന് താൻ അഭ്യസിച്ചിരുന്നതായി അദ്ദേഹം പറയു ന്നുണ്ട്.തന്റെ ഗ്രന്ഥം പഠിച്ചവർ മുക്തി പ്രാപിക്കുമെന്ന് അദ്ദേഹം പ്രവചിക്കുന്നു. തന്റെ സിന്ദൂരം ധരിച്ചവർ മൂവുലകിലേയും നബിമാരാവുമെന്നും (പ്രവാചകർ) ആവുമെന്നും പറയുന്നു.(സിന്ദൂരം ഇന്ത്യക്കാരുടെ തിലകമാണ്. കാൽസിയമുള്ള റഡ് ഓക്സൈഡ്). രസം (മെർക്കുറി) പ്രധാനമായി ഉണ്ടാക്കുന്ന ഗുളികയായ കളങ്കു ഇതേ ഗുണമുള്ളതെന്ന് പറഞ്ഞിരിക്കുന്നു.

ഭോഗർ 7000 എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ് ഭോഗർ. 1000 ശ്ലോകമുള്ള സപ്തകാണ്ഡമുണ്ട് പുസ്തകത്തിൽ. തിരുമൂലരുടെ തിരുമന്തിരത്തിൽ പറയുന്ന ബോഗർ 10-11 നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്. 17ആം നൂറ്റാണ്ടിൽ ചതുരഗിരിയിൽ മറ്റൊരു ഭോഗരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യരായി കൊങ്കണാരെന്നും കരുവൂരാരെന്നും പ്രസിദ്ധരായ രണ്ടു സിദ്ധരുണ്ടായിരുന്നു. ചതുരഗിരി മധുരജില്ലയിലെ ശ്രീവില്ലിപുത്തൂരിലാണ്. നവപാഷാണം കൊണ്ട് പഴനി ദണ്ഡപാണിവിഗ്രഹം തീർത്ത ഭോഗർ പഴനിയിൽ 17-18 നൂറ്റാണ്ടുകളിലാണ് ജീവിച്ചത്. 1788-1839 വരെ ജീവിച്ച കുഞ്ഞൻകുട്ടി മസ്താനെന്ന മാപ്പിളസിദ്ധനെ (സൂഫികവി) പരാമർശിക്കുന്നതിനാൽ, ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളെങ്കിലും ഈ ഭോഗരുടെ കാലത്ത് കൂട്ടിച്ചേർത്തതാവണം. അഗസ്ത്യശിഷ്യനായ ഭോഗരുടെ പരമ്പരയാണ് ഈ

ഭോഗന്മാരെല്ലാവരും എന്ന് പറയപ്പെടുന്നു. നവപാഷാണം വീരം,പൂരം (മെർക്കുറി),ഇലിങ്കം (മഞ്ഞള്), മനോചിലൈ, താലകം,കൌരി (സ്വർണ്ണനിറമുള്ള ആർസനിക്ക്),വെള്ളൈ(വെളുത്ത ആർസനിക്ക്),എലിപ്പാഷാണം, കാർമുകിൽ(കറുത്ത നിറമുള്ള കൃത്രിമആർസനിക്ക്) ഇവ ചേർന്നതാണ്. തമിഴ്നാട്ടിലെ സിദ്ധവൈദ്യന്മാർ ഇത് ഉപയോഗിക്കാറുണ്ട്.

ഭൂമിയിലും ജലത്തിലും ആകാശത്തിലും ഭോഗർ സഞ്ചരിച്ചിരുന്നു. രസഗുളികയുടെ സഹായത്തോടെ ആകാശത്തിലും പുകൈരാട്ട അഥവാ ദേവരഥം (സ്റ്റീം എഞ്ചിൻ) യുടെ സഹായത്തോടെ എല്ലാ ദിക്കിലും സഞ്ചരിച്ചിരുന്നതായി പറയുന്നുണ്ട്. കപ്പലും നീരാവിക്കപ്പലും,മേൽപ്പോകും കൂന്തു എന്ന ആകാശബലൂണും കൂന്തു എന്ന പാരച്യൂട്ടും അദ്ദേഹം യാത്രകൾക്ക് ഉപയോഗിച്ചിരുന്നു. അദ്ദേഹം തന്നെ സ്വയം നിർമ്മിക്കുകയാണ് ഈ വാഹനമെല്ലാം. ആകാശത്തിൽനിന്ന് ഭൂമിയെ കാണാനുള്ള വാഹനനിർമ്മിതിയെക്കുറിച്ച് ഇങ്ങനെ പറയുന്നുഃ-കുടയുടെ നീളവും വീതിയും അളവ് കൃത്യമാകണം. 6 അടി വൃത്തം മതിയാകും. നല്ല സിൽക്കുകയറു വേണം. 32 രാട്ടനും ശക്തമായ ചക്രവും കുടയോട് ഘടിപ്പിക്കണം. ചക്രത്തിൽ നിശ്ചിതസ്ഥാനങ്ങളിൽ ഇരുമ്പാണി പിടിപ്പിക്കണം. നിവർത്തുമ്പോൾ കുട ഭംഗിയായി നിവരണം. ചാടുമ്പോൾ കാറ്റ് അതിന്റെ ഗതിയെ നിയന്ത്രിക്കുന്ന വിധം ഉണ്ടാക്കണം. നന്നായി നിർമ്മിച്ച പാരച്യൂട്ട്(കുട) വായുവിൽ ഊഞ്ഞാലാടും. പർവ്വതത്തിൽനിന്ന് ചാടുന്ന പക്ഷം കുട മേലേക്ക് ഉയർത്തിപ്പിടിക്കണം. താഴെയുള്ള സർവ്വവും ചെറിയതായി കാണും. സ്വന്തം കണ്ണു കൊണ്ടു കണ്ടാലേ ആരും വിശ്വസിക്കയുള്ളു. ഭോഗർ ഇപ്രകാരം പറഞ്ഞു.

മേരു,രോമകപുരം, മക്കാവാംപുരി(മെക്ക),എറുചലേം നകരം, ചീനം ഇവിടങ്ങളെല്ലാം ഈ വിധം അദ്ദേഹം സഞ്ചരിച്ചു. ചില സിദ്ധരെ ചൈനയിലേക്ക് തന്റെ വിമാനത്തിൽ അദ്ദേഹം കൊണ്ടുപോകയും ചെയ്തു. 70 രാജ്യം സന്ദർശിച്ചതായി പറയുന്നു. പാരച്യൂട്ടും മാളികയും ആവിയന്ത്രവും നിർമ്മിക്കാനുള്ള വിദ്യ ചൈനയടക്കം താൻ സന്ദർശിച്ച രാജ്യത്തെല്ലാം അദ്ദേഹം ,കമലമുനിയുടെ ആജ്ഞാനുസരണം, പഠിപ്പിച്ചു. കാലാംഗി എന്ന ചൈനീസ് ഗുരുവിന്റെ ശിഷ്യനായ ചൈനക്കാരനായിരുന്നു ഭോഗരെന്നും അഗസ്ത്യമുനി ചൈന സന്ദർശിച്ചകാലത്ത് അദ്ദേഹത്തിൽനിന്ന് വിദ്യകളെല്ലാം അഭ്യസിച്ച് ശിഷ്യത്വം സ്വീകരിച്ച് ഇന്ത്യയിലെത്തിയെന്നും, ഭോഗരുടെ ചൈനീസ് ശിഷ്യനാണ് പുലിപ്പാണിസിദ്ധരെന്നും കരുതപ്പെടുന്നു. ഭോഗർ താവോയിസം ചൈനയിൽ ആദ്യമായി പ്രചരിപ്പിച്ച ലാവോസു ആണെന്നും വാദമുണ്ട്. മറിച്ച് തമിഴ്നാട്ടിലെ അഗസ്ത്യശിഷ്യനായ ഭോഗർ അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം ചൈനയിലേക്ക് ഗുരുവായി പോയതാണെന്നും ഒരഭിപ്രായം. തിരുമന്തിരമെഴുതിയ തമിഴ്സിദ്ധനാണ് തന്റെ ഗുരുവെന്ന് ഗ്രന്ഥത്തിൽ കാണുന്നതിനാൽ തമിഴകമാണ് ജന്മഭൂമി എന്ന് ഉറപ്പിക്കാം.

രാജ്യം എന്നാൽ കാണേണ്ടത് ചൈനയാണെന്നും ഭക്തി എന്നാൽ അറിയേണ്ട ഭക്തി ബ്രഹ്മമാണെന്നും ഭോഗർ കരുതുന്നുണ്ട്. ലോകത്തിലെ സകല മനുഷ്യർക്കും വേണ്ടിയാണ് ഭോഗർ ഗ്രന്ഥം രചിച്ചതെന്ന് എടുത്തുപറയുന്നു. മനുഷ്യർക്കു മാത്രമല്ല,മൃഗങ്ങൾക്കും പക്ഷികൾക്കും മരങ്ങൽക്കും കൂടിയാണ് വൈദ്യം.

തീർത്ഥങ്ങൾ-വാരാണസിയിലെ കേദാരേശ്വരം

ചെറുതും വലുതുമായ നിരവധി തീർത്ഥങ്ങളുടെ നാടാണ് ഭാരതം. ഓരോ തീർത്ഥത്തിനും സ്ഥലപുരാണവും മാഹാത്മ്യവുമുണ്ട്. രാജരാജേശ്വരക്ഷേത്രത്തെപ്പോലെ മാന്ധാതാവിന് ശിവൻ കൊടുത്ത ആത്മലിംഗകഥ ഇവിടെയുമുണ്ട്. (പ്രാദേശികത്തെ ദേശീയമാക്കുന്ന കഥകൾ) തമിഴ്നാട്ടിൽനിന്ന് വരുന്ന പൂജാരിമാരെ കുമാരസ്വാമിമഠമാണ് താമസിപ്പിക്കുന്നത്, അവരാമ് ആരതി ചെയ്യുന്നത്. ഇവരുടെ അധികാരപരിധി അകത്തെ ചടങ്ങുകളിലേ ഉള്ളു.പണം ശേഖരിക്കുന്നതും വരുന്ന ഭക്തരെ നിയന്ത്രിക്കുന്നതും പണ്ഡകളാണ്. കുമാരസ്വാമിമഠം ഇവരുടെ വിക്രിയകളെ സഹിക്കുന്നു. ഇവർക്ക് പൂജാദികളിൽ അധികാരമില്ല.മകരസംക്രാന്തിക്ക് പട്ടം പറത്തലും വിശിഷ്ടഭക്ഷണവും പ്രധാനം. കിഛ്രികാദിനം അഥവാ കിച്ചടി ഉണ്ടാക്കുന്ന ദിനമെന്ന് പേരുണ്ട്. മണ്ഡപത്തിൽ കിച്ചടി ഉണ്ടാക്കിവെക്കും. ഇതും മധുരമുള്ള ഗീറും പ്രസാദം. കൂവളഇല,പൂക്കളെന്നിവ കൊണ്ട് ലിംഗത്തിന് മാല ചാർത്തും. അന്ന് ആരതി ചെയ്യുക പാണ്ഡമുഖ്യനാണ്. മാന്ധാതാവിന് കിച്ടിയിൽനിന്ന് ലിംഗം ഉണ്ടാക്കിക്കൊടുത്തു എന്ന കഥയാണ് ഈ ഉത്സവത്തിനു പിന്നിൽ.ഹിമാലയത്തിലെ കേദാരത്തിൽനിന്നാണ് ഇവിടത്തെ കേദാരേശ്വരനെ കൊണ്ടുവന്നത്. അതായത്, ആദ്യം മാന്ധാതാവിനു കൊടുത്ത ലിംഗം ഹിമാലയത്തിലാണ്.ഇവിടത്തെ ഗൌരീകുണ്ഡമാണ് പ്രാചീന (ആദി)മണികർണ്ണിക.

തൃശൂരിലും ഇന്ത്യ മുഴുവനും സഞ്ചരിച്ച ശങ്കരാചാര്യരും പ്രാദേശികവും ദേശീയവുമായ ഒരുമക്കുവേണ്ടി ദിഗ്വിജയം നടത്തി. .തൃശൂരിലെ നാലു മഠംപോലെ ഇന്ത്യയിലെ നാലുവശവും നാലു മഠം സ്ഥാപിച്ചു. ഗോവർദ്ധന,ശാരദാ, ദ്വാരക,ജ്യോതിർമഠ(കാഞ്ചികാമകോടി) നാലു വിദ്യാപീഠം കൂടാതെ ശൃംഗേരിശാരദാപീഠവും അദ്ദേഹത്തിന്റെ വൈജ്ഞാനികരാജസൂയത്തിന്റെ സംഭാവനയാണ്. .വൈദികമായ രാജസൂയ, അശ്വമേധങ്ങളിലെന്നപോലെ സർവ്വജ്ഞപീഠം അലങ്കരിക്കാനുള്ള വിദ്യായജ്ഞം.

ഹോയ്സലശിൽപ്പങ്ങൾ- രാജകീയതയുടെ ലക്ഷണം

ദമ്പതിചിത്രം. വലിയ വസ്ത്രവും കിരീടവും ധരിച്ച പുരുഷനും ചെരിപ്പു മാത്രം ധരിച്ച നഗ്നസ്ത്രീയും ചുറ്റും നാഗങ്ങളും. കയ്യിൽ രണ്ടുപേർക്കും വടിയുണ്ട്. വൈദികവും പ്രാദേശികവുമായ സംസ്കാരത്തെ കാട്ടുരാജാക്കന്മാരുടെ രീതികളിൽനിന്ന് കർണ്ണാടകം എങ്ങനെ സ്വാംശീകരിച്ചു എന്നതിന് തെളിവ് ഈ ശിൽപ്പങ്ങളിലുണ്ട്. ചക്രവും ഗദയും നാഗവും ധരിച്ച പുരുഷനും സർപ്പവും വടിയോ പാശമോ ധരിച്ച സ്ത്രീയും ദക്ഷിണക

ർണ്ണാടകത്തിലെ ശിൽപ്പങ്ങലിൽ സാധാരണ കാണാം. ചിലപ്പോള് കപാല വും കാണാം. അതിൽ ഫലങ്ങളും സർപ്പവും ഉർവ്വരതാചിഹ്നങ്ങളാണ്. വിഷ്ണുവർദ്ധനന്റെ കാലത്തെ ശിൽപ്പങ്ങലും മഹാരാഷ്ട്രത്തിലെ ചാലൂക്യകാലശിൽപ്പങ്ങളും തമിഴകത്തെ ചട്ടൈനാഥർ, ഭൈരവശിൽപ്പവും (ചിക്കളി 16ആം നൂ) തമ്മിലുള്ള സാദൃശ്യം കാണുക.

വിഷ്ണുവർദ്ധനകാലത്ത് പുരുഷനും സ്ത്രീയും അടുത്തടുത്താണ്,സ്ത്രീക്ക് പുരുഷനേക്കാളും വലിപ്പമുണ്ട്. നരസിംഹകാലത്ത് രണ്ടുപേരും വെവ്വേറെയാണ്, പുരുഷന് ദൈവീകത്വം വന്നു,സ്ത്രീയുടെ അതേ വലിപ്പമായി. ഇത് കാളമുഖമതപ്രചാരവും ശിൽപ്പങ്ങളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നു. ഹാലെബിഡ്.ബേലൂർ,അരസിക്കരേ ഇവിടങ്ങളിലെ പഠനം. ദേവരഗുഡ്ഡയിലെ വാഗയ്യ ശൈവസമ്പ്രദായത്തിൽനിന്നാണ് ഈ ശിൽപ്പങ്ങളുണ്ടായതെന്ന് സൂചിപ്പിക്കുന്നു.

പുരുഷൻ നീണ്ട വസ്ത്രം ധരിച്ചിരിക്കെ സ്ത്രീ നഗ്നയായതെന്തുകൊണ്ട്. നാഗങ്ങൾക്കു പുറമേ സ്ത്രീയുടെ ഉയർത്തിയ കൈയിനു മുകളിലായി ഗൌളി പോലൊന്നിനെ എന്തിനു കൊത്തിവെച്ചു. സ്ത്രീയുടെ കൈ ചിന്മുദ്ര അഥവാ വ്യാഖ്യാനമുദ്രയായിരിക്കുന്നു .അതായത്, അവളൊരു ഗുരുവാണ്. അന്നാ തൊസാറ്റോ ഇത് അരാളമുദ്രയാണെന്ന് പറയുന്നുണ്ട്. അരക്കേരെയിലെ ചന്നകേശവരക്ഷേത്രത്തിലെ സ്ത്രീരൂപം മാത്രമാണ് നർത്തകിയെന്നു വിളിക്കാവുന്നത്. വിഷമോ അമൃതോ കുടിക്കുമ്പോളാണ് അരാളഹസ്തം ഉപയോഗിക്കുക. കൊറവംഗലയിലെ ശിൽപ്പത്തിന് ദ്രവം ഊറ്റാനുള്ള കപ്പും കയ്യിലുണ്ട്. രാജസ്ഥാനിൽ ഓപ്പിയം കുടിക്കാനുപയോഗിക്കുന്ന കപ്പിന്റെ ശൈലിയിലാണത്. എല്ലാ ശിൽപ്പത്തിലും സ്ത്രീ നിൽക്കുകയാണെങ്കിലും കാലുകൾ വ്യത്യസ്തരീതിയിലാണ്. അഭംഗം, പദവാസ്തികം,ചന്നകേശവരക്ഷേത്രത്തിലെ ഒരു കാലുയർത്തിയ സ്ഥിതി. കാലമുഖപാശുപതന്മാരിലെ കാപാലികന്മാർ ഡെക്കാനിൽ 10ആം നൂറ്റാണ്ടിനു മുമ്പുതന്നെ പോപ്പുലറാണെന്നും കാപാലികന്റെ ഇണയായ സ്ത്രീ അവന്റെ ബ്രഹ്മഹത്യാപാപത്തിന്റെ സിംബലാകാമെന്നും അഭിപ്രായങ്ങളുണ്ട് .ശിവശക്തിലയനം പോലെ ഈ സ്ത്രീയുമായി ലയിച്ചാണ് കാപാലികർ ശക്തന്മാരാവുന്നത്. എന്നാൽ ആദ്യകാലഹൊയ്സലക്ഷേത്രങ്ങലിലെ സ്ത്രീരൂപം പുരുഷരൂപത്തേക്കാളും പ്രാധാന്യം കൊടുത്താണ് സൃഷ്ടിച്ചിരിക്കുന്നത്.(ദൊദ്ദഗദ്ദവല്ലിയിലെ മഹാദേവി, ബേലൂരിലെ ചന്നകേശവര, ഹാലബിഡുവിലെ ഹൊയ്സലേശവര).അവയിലെ പുരുഷരൂപം ഭവ്യതയോടും ഭക്തിയോടുമാണ് സ്ത്രീരൂപത്തിനു മുമ്പിൽ നിൽക്കുന്നത്. ഇണയേക്കാളേറെ ഗുരുരൂപമായ ദേവിയായി തോന്നുന്നു. പാലംപേട്ടിലെ രാമപ്പക്ഷേത്രത്തിലെ (കാകതീയ)ശിൽപ്പവുമായി താരതമ്യം നടന്നിട്ടുണ്ട്. ഇതിനു ചുറ്റുമായി, 11 ശിൽപമുണ്ട്. രണ്ടുപേർ നായാടുന്ന കിരാതികളാണ്, ഒരാൾ മറ്റൊരാളുടെ കാലിലെ മുള്ളു നീക്കം ചെയ്യുകയാണ്. ഒന്ന് തന്റെ വസ്ത്രം അഴിച്ച കുരങ്ങനെ ഓടിക്കുന്ന സാലഭഞ്ജികയാണ്. മറ്റുള്ളവർ നർത്തകരും ഗായകരുമാണ്. ചെന്നകേശവരക്ഷേത്രത്തിൽ ആ സ്ഥാനത്ത് 39 മദനികമാരാണ്. അവരെ കൂടാതെ 2 കാളിമാരുമുണ്ട്.

(രാമപ്പക്ഷേത്രത്തിലില്ല) മൂന്നു പുരുഷന്മാരുമുണ്ട്. ഗർഭഗൃഹത്തിന്റെ പ്രവേശനദ്വാരത്തിനുമുന്നിലാണിവരെ കാണുന്നത്. സാലഭഞ്ജികയും നാഗമണിഞ്ഞ സ്ത്രീയും ചിലങ്ക അണിയുന്ന സ്ത്രീയും കർണ്ണാഭരണമണിയുന്നവളും കിരാതിയും,കുഞ്ഞിനെ എടുത്ത സ്ത്രീയും നർത്തകിമാരും സംഗീതക്കാരും കാളിമാരും ഇവിടെ കാണുന്നു. ഉത്തരകർണ്ണാടകത്തിലെ ഗഡ്ഡക്ക് സരസ്വതീക്ഷേത്രത്തിലും (ചാലൂക്യകാലം)മണ്ഡപത്തിനു ചുറ്റുമായി നാഗസ്ത്രീയേയും മറ്റു സ്ത്രീകളേയും കാണാം. രാമപ്പക്ഷേത്രത്തിലെ അതേ ഇക്കണോഗ്രാഫിയാണിവിടെയും. ജൽസിങ്കി മഹാദേവക്ഷേത്രം,നിലങ്ക നീലകണ്ഠേശ്വരക്ഷേത്രം , തഹകാരി ജഗദംബാമാതാക്ഷേത്രം എന്നിവിടങ്ങളിലും പുറത്തേ ചുമരിൽ സമാനശിൽപ്പങ്ങളുണ്ട്. ചിലയിടങ്ങളിൽ നാഗമണിഞ്ഞ സ്ത്രീ മാത്രമേയുള്ളു.

നാഗമണിഞ്ഞ സ്ത്രീ യോഗിനിയാണ്, ക്ഷേത്രസംരക്ഷണമാണ് ജോലി. യോഗിനിമാർ താന്ത്രികദേവതകളാണ്.ഭൈരവന്റെ ഇണകളുമാണ്. അവർ ആദ്യകാലഗ്രാമദേവതകളാണ്. 800ലെ ഹിരാപ്പൂരിലെ യോഗിനീക്ഷേത്രത്തിൽ കിരാതിയും ചിലങ്ക അണിയുന്നവളും നാഗമണിഞ്ഞ രണ്ടുപേരും സാലഭഞ്ജികപോലെ ചുറ്റും ലതകളാൽ ചുറ്റപ്പെട്ടവളും കാണന്നുണ്ട്. യോഗിനിമാർ 64,അഥവാ 81 ഗ്രൂപ്പായിട്ടാണ് കാണുക. അവരുടെ കൂടെ മൃഗങ്ങളും കാണാറുണ്ട്. ഇപ്പറഞ്ഞ ഇടങ്ങളിൽ 12 മുതൽ 39 വരെയേ ഉള്ളു, നാഗം മാത്രമാണ് ഒരേ ഒരു മൃഗം. മരങ്ങളും കാടുകളുമായി ബന്ധപ്പെട്ട യോഗിനി.യക്ഷിരൂപങ്ങളാണ് കൌലസമ്പ്രദായത്തിലെ പ്രത്യേകത. നാഗദേവതയായ പത്മാവതിയെ ജൈനർ യക്ഷിയെന്നും വിളിക്കുന്നു. ആന്ദ് കുമാരസ്വാമി പറയുന്നപോലെ ആദ്യകാലത്ത് കാവുകളിലുണ്ടായിരുന്ന യക്ഷികളെന്ന ഗ്രാമദേവതകളാണ് യോഗിനികളായതെന്നു വരാം.

ചെന്നകേശ്വരക്ഷേത്രത്തിലെ ശിൽപ്പം ഹൊയ്സലരാജവംശത്തിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ടതാണെന്ന് പറയുന്നു.1117ലെ വിഷ്ണുവർദ്ധനകാലത്ത് ഉണ്ടായ ശാലാചരിതം പറയുന്നത് ശാലനെന്ന പ്രഥമരാജാവ് ശശാകപുരത്തെ ദേവിയോട് തനിക്ക് ഭരിക്കാനായി രാജ്യം ആവശ്യപ്പെട്ടു. പുലിയോട് യുദ്ധം ചെയ്തു ജയിച്ച് രാജാവാകാനുള്ള അർഹത നേടി.രാജാവിനു വേണ്ടി ശശാകപുരത്തെ ദേവിപത്മാവതിയെ മുനി മന്ത്രം ജപിച്ച് ആവാഹിക്കുമ്പോളാണ് പുലി ചാടി വീണത്. മുനി പൊയ്ശാല എന്ന് (അടിക്ക്,ശാലാ) എന്ന് പറഞ്ഞപ്പോഴാണ് രാജാവ് അടിച്ചതെന്നും അതാണ് ഹൊയ്ശാലവംശമെന്നു പേരുള്ളതെല്ലും പറയുന്നു. ആയ്ശാല ഹോയ്ശാലയായതാണെന്നാണ് ശരി. (യാദവവംശത്തിലെ സാലനാണ് ശാലൻ) വസന്തകാലത്താണ് പത്മാവതി പ്രത്യക്ഷമായതെന്നതിനാൽ രാജാവ് അവളെ വാസന്തിക എന്ന പേരിലാണ് ആരാധിച്ചത്. ഹാലേബീഡു ബസ്തിഹല്ലി ലിഖിതപ്രകാരം ശശാകപുരത്തെ ദേവിയായ യക്ഷി കുലദേവതയായി വാസന്തികയായി ആരാധിക്കപ്പെട്ടു. അഹോബിലത്തിലെ(ആന്ധ്ര) കുലദേവതയും വാസന്തികയാണ്, വാസന്തികാപരിണയത്തിൽ അവളുടെ കഥയുണ്ട്. വല്ലല രണ്ടാമന്റെ ആസ്ഥാനകവി ജന്നന്റെ യശോധരാചരിതത്തിലും വീരവല്ലല മൂന്നാമന്റെ കാലത്തും ഈ കഥ ഉണ്ട്. ഭാർഹൂത്തിലെ

സ്തൂപത്തിലും യക്ഷി ആരാധന ഉണ്ട്. ഉർവ്വരതയോടും ഗ്രാമത്തിലെ കളക്ടീവ് കോൺഷ്യസ്നസ്സിനോടും ബന്ധപ്പെട്ടതാണ് ഗ്രാമദേവതകളായ യക്ഷികളുടെ ആരാധന. ഈ ആരാധനയാണ് ദുർഗ്ഗാരാധനയായി പരിണമിച്ചത്

പുരുഷന്റെ അഭംഗ,യോഗാസനം അഞ്ജലീമുദ്ര വടിയോ ചക്രമോ വൃത്താകൃതിയിലുള്ള ഉപകരണമോ കപാലമോ ധരിച്ച രൂപം,നാഗങ്ങളെന്നിവ ശിൽപ്പങ്ങളിൽ കാണുന്നു.മഹാപാശുപതത്തിലെ കാപാലികന്മാരാണിവരെന്ന് കരുതപ്പെടുന്നു. ഇവരിലെ കാലമുഖന്മാർ ഹോയ്സലവംശവുമായി ബന്ധപ്പെട്ടവരാകയാൽ അവരാകാമെന്നും അഭിപ്രായം. ലകുലീശന്മാരോടു ബന്ധപ്പെട്ട ലിഖിതങ്ങളിലെ ഗുരുക്കന്മാരുടെ അപരിമിതമായ ശക്തികളോടോ സിദ്ധികളോടോ ബന്ധപ്പെട്ടതാവണമെന്ന് കരുതുന്നു.

ഇക്കോണോഗ്രാഫി കാണുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റ്

1. വിഷ്ണുവർദ്ധനകാലം (1104-1141) ദൊദ്ദഗദ്ദവല്ലി മഹാദേവിക്ഷേത്രം.ബേലൂർചെന്നകേശ്വര, ഹാലേബിഡ് ഹൊയ്സലേശ്വര, ഹാലേബിഡ് പാർശ്വനാഥബസതി,
2. നരസിംഹ 1. (1141-1173) ഹാലേബിഡ് ഹൊയ്സലേശ്വര, കിക്കേരി ബ്രഹ്മേശ്വര, കിക്കേരി ജനാർദ്ദന,കൊരവംഗല ഗോവിന്ദേശ്വര

3. ബല്ലല 2 .(1173-1220)കൊരവംഗല ഭൂചേശ്വര,അമൃതപുരം അമൃതേശ്വര,ഹാലേബിഡ് കേദാരേശ്വര,ഹാലേബിഡ് വീരഭദ്ര, മോസാലേ നാഗേശ്വര-ചെന്നകേശവസമുച്ചയം, ബേലൂരിലെ മൂലേസിംഗേശ്വര, പാതാളേശ്വര, ആണ്ടാൾ ക്ഷേത്രങ്ങൾ
4. നരസിംഹ 2 (1220-1235)ഹാരനഹല്ലി കേശവ,സോമേശ്വരക്ഷേത്രങ്ങൾ, ഹിരേനരല്ലു മല്ലികാർജ്ജുന,ബസ്രാൽ(ബസരലു) മല്ലികേശ്വര, അരക്കേരേ കേശവ
5. സോമേശ്വര (1235-1256)നുഗ്ഗിഹല്ലി ലക്ഷ്മിനരസിംഹ, ജാഗവൽ ലക്ഷ്മിനരസിംഹ, അരലഗുപ്പേ ചെന്നകേശ്വര, ഗോവിന്ദഹല്ലി പഞ്ചലിംഗേശ്വര, ഹോസഹാലോലു ലക്ഷ്മീനാരായണ

കാലമുഖരുടെ രണ്ട് പരിഷത്ത് ശക്തിപരിഷത്ത്, സിംഹപരിഷത്ത്. ശക്തിപരിഷത്തിന് രണ്ട് ശാഖ. പർവ്വതാവലി, ഭുജംഗാവലി. വടക്കു കിഴക്കേ കർണ്ണാടകത്തിൽ ഇവരുടെ മഠങ്ങളുണ്ട്.കനിക്കട്ടേ മഠത്തി ലെ ക്രിയാശക്തിപണ്ഡിതന്റെ പേര് ലിഖിതങ്ങളിലുണ്ട്. ജ്ഞാനശക്തി, ക്രിയാശക്തി ഇവ കാലമുഖന്മാരുടെ പേരുകളാണ്. പാശുപതരും കാലമുഖരും തമ്മിലുള്ള ബന്ധം ചാലൂക്യ,ഹൊയ്സാലരുടെ ബന്ധ ത്തിലേക്കും വിരൽ ചൂണ്ടുന്നു. ചാലൂക്യകാലത്താണ് ബല്ലിഗാവേ കേദാരേശ്വരത്ത് കാലമുഖമഠങ്ങൾ ആദ്യം പണിതത്. പിന്നീട് ഹൊ യ്സാലരും അതിനെ പുനരുദ്ധരിച്ചു. പാശുപതന്മാർ കുലദേവതയാ യി ആരാധിക്കുന്ന ദേവതയാണ് ചാലൂക്യരുടെയും പരദേവത. ലജ്ജാഗൌരി. പട്ടാടക്കലും ബാദാമിയിലും ഒഴികെ എല്ലാ ചാലൂക്യ ക്ഷേത്രത്തിലും ലജ്ജാഗൌരിയുണ്ട്. വിനയാദിത്യകാലത്ത് (681-96)ഈ ഗ്രാമദേവതയെ ബല്ലിഗവേ കേദാരേശ്വരത്തെ ക്ഷേത്രസമുച്ചയത്തി ലേക്ക് കൊണ്ടുവരാനായി കാലമുഖർ ശ്രമിച്ചു. 8ആം നൂറ്റാണ്ടിലെ ലജ്ജാഗൌരിവിഗ്രഹം ഇപ്പോഴും കേദാരേശ്വരക്ഷേത്രത്തിലുണ്ട്.

വാസന്തിക കൽട്ടിന് എത്രയോ മുമ്പാണിത്.

നരസിംഹന്റെയും മകൻ വല്ലല 2 ന്റെയും കാലത്ത് കാലമുഖന്മാർക്ക് പണ്ഡിതനാമം കിട്ടിക്കഴിഞ്ഞു. വല്ലലന്റെ ലിഖിതപ്രകാരം പണ്ഡിതന്മാർ ലകുലശാഖയിലുള്ളവരാണ്. പല കാലമുഖപണ്ഡിതരും ലകുലീശസമ്പ്രദായത്തിലെ ഗുരുക്കന്മാരായി കരുതപ്പെടുകയും ചെയ്തു.ഇത് പാശുപതരും കാലമുഖരും തമ്മിലുള്ള അനിഷേധ്യമായ ബന്ധത്തിനു തെളിവാണ്. ലകുലീശ്വരന്റെ വംശത്തിലുള്ളവരാണ് കാലമുഖന്മാരെന്ന് ചൌബി,ഫ്ലഡ്, ലോറൻസൻ. വടിയും പിടിച്ച് നീണ്ട വസ്ത്രം ധരിച്ച ഗുരു ലകുലീശ്വരസംഘത്തിലെ പണ്ഡിതഗുരുവാണെന്ന് പലരും അഭിപ്രായപ്പെടുന്നു. ലകുലീശന് കാതിൽ നാഗാഭരണം പറയുന്നു. ഉഷ്ണീഷവും വടിയും നാഗവും ജപമാലയും ഇവർക്കുണ്ട്. ബല്ലല 2 ന്റെ കാലം മുതലേ ഉഷ്ണീഷവും ജപമാലയുമുള്ളു. മറ്റുള്ളവ ആദ്യം മുതലേ ഉണ്ട്. ചിക്കാളിയിലെ ചാത്തെനാർ വിഗ്രഹം (16ആം നൂറ്റാണ്ട്) ശിവാവതാരമായ ലകുലീശനാണെന്ന് പാശുപതരും കാലമുഖരും കരുതുന്നു. കാലമുഖർ കദംബവംശ ത്തേയും സഹായിച്ചിരുന്നു. ഗദ താഴേക്കു പിടിച്ച ലകുലീശനെന്ന ശിവാവതാരം ആന്ധ്രയിലും

> തമിഴകത്തും പാശുപത,കാലമുഖരുടെ ആരാധനാപാത്രമാണ്. ഇത് ഭൈരവരൂപമാണ്. ചോളകാലം മുതൽ ഈ വിഗ്രഹമുണ്ട്. ഒരു കയ്യിൽ ചിന്മുദ്ര,മറ്റേതിൽ താഴേക്കു മുഖമായി പിടിച്ച ഗദ. ഇപ്ര കാരമുള്ള ചാത്തനാതർ തന്നെയാണിത്.ശിവഗുരുവാണ് ലകുലീശൻ. രാജഗുരുവായ പണ്ഡിതന്മാരെല്ലാം കാലമുഖരും പാശുപതരുമാ യിരുന്നു വല്ലലകാലത്ത്. .

തന്റെ വംശം ശക്തവും പുരാതനവുമാണെന്ന് തെളിയിക്കാനാണ് വിഷ്ണു വർദ്ധനന്റെ ലിഖിതങ്ങളിൽ പ്രാദേശികവും ദേശീയവുമായ ഐതിഹ്യ, ചരിത്രങ്ങളുപയോഗിക്കുന്നതെന്ന് എലീന മുച്ചിയാരെല്ലി (എബർഹാർഡ് കാൾസ് യൂണിവേഴ്സിറ്റി) അതിനാൽ അതൊരു തരം മാസ് മീഡിയ കമ്മ്യൂണിക്കേഷനാണെന്നും അവർ കൂട്ടിച്ചേർക്കുന്നു. ശിലയാണ് ഇവിടെ മീഡിയം. വിശാലമായ സാംസ്കാരിക,രാഷ്ട്രീയവികാസചരിത്രത്തിൽ സൌന്ദര്യവും സാഹിത്യവും നിയമവും ദാനവുമെല്ലാം ഈ മീഡിയ ത്തിലൂടെ ഇന്ത്യ നിർവ്വഹിച്ചിരുന്നു.തലക്കാടിലെ കീർത്തിനാരായണക്ഷേ ത്രത്തിലെ ലിഖിതം സംസ്കൃതവും തമിഴുമാണ്, അതേ വിഷ്ണുവർദ്ധന ന്റെ ബേലൂരിലെ ലിഖിതം കന്നഡവും സംസ്കൃതവുമാണ്. ഇത് പ്രാദേ ശികപൊതുജനഭാഷയും വിദ്യാഭ്യാസഭാഷയും ഉള്ള ദ്വിഭാഷാലിഖിതം മാസ് കമ്യൂണിക്കേഷനുവേണ്ടിയായിരുന്നു എന്നതിന് തെളിവാണ്. ഇതേ രീതിയാണ് അശോകശാസനങ്ങളിലും സ്വീകരിച്ചിരുന്നതെന്ന് തെക്കും വടക്കുമുള്ള അശോകശാസനങ്ങലിലെ ഭാഷ നോക്കിയാലറിയാം. ജനതയെ നോക്കിയാണ് ഭാഷ. അവർക്കു വായിച്ചാൽ മനസ്സിലാവണമെന്നതാണ് ലക്ഷ്യം. കന്നഡഭാഷ എഡി 500ലെ ഹൽമിദി (ബേലൂരിലെ ഗ്രാമം) ലിഖിതത്തിലുണ്ട്. രാഷ്ട്രകൂടകാലത്തേക്ക് (8ആം നൂറ്റാണ്ട്) കന്നഡഭാഷയുടെ ലിഖിതോപയോഗം വളരെ കൂടി. 875 എഡിയിൽ കവിരാജമാർഗ്ഗമെന്ന കന്നഡകാവ്യം രചിക്കപ്പെട്ടിട്ടുണ്ട്.(നൃപ തുംഗഅമോഘവർഷന്റെ സദസ്സിലെ ശ്രീവിജയ) അവരുടെ സാമന്തനായ ചാലൂക്യരാജാവിന്റെ സദസ്സിലെ പമ്പ ആദ്യത്തെ കന്നഡഇതിഹാസകാവ്യം വിക്രമാർജ്ജുനീയവിജയം (950) രചിച്ചു.പ്രാദേശികഭാഷയും സംസ്കൃതവും പരസ്പരം നശിപ്പിക്കാതെ വികാസം പ്രാപിച്ചു.

ശിലയുടെ നാദം

ഹൊയ്സലരാജാക്കന്മാർ പഴയ ശശാകപുരം(ഇപ്പോഴത്തെ അങ്ങാടി) എന്ന സഹ്യാദ്രിതാഴ്വാരത്തിൽനിന്നു വന്നവരാണ്. അവർ ബേലൂരും ഹാലേബീ ഡും (ഹസ്സൻ ജില്ല, ഗംഗാവാടി)കേന്ദ്രമാക്കി. ചാലൂക്യരുടെ സാമന്തനായാ ലും വിഷ്ണുവർദ്ധനൻ വടക്ക് ഭാഗത്ത് പടിഞ്ഞാറൻ ചാലൂക്യരേയും തെക്ക്ഭാഗത്ത് ചോളന്മാരാൽ പരാജിതരാക്കപ്പെട്ട ഗംഗന്മാരേയും കീഴടക്കി. ഗംഗന്മാർ 4-10 നൂറ്റാണ്ടുവരെ ഗംഗാവാടി വാണിരുന്ന കർഷകമുഖ്യന്മാ രായിരുന്നു. വളരെ പഴയ രാജവംശമാണ്. വിഷ്ണുവർദ്ധനന്റെ മരുമക ന്റെ വല്ലല(വല്ലഭ)നാമം ഇവരുടെ വംശവും ഗംഗാവംശം പോലെ മൂഷ കവംശം തന്നെയാണെന്ന് കാണിക്കുന്നു. കലയും സൌന്ദര്യബോധവും

സാഹിത്യപ്രേമവുമാണ് ഹോയ്സലരാജാക്കന്മാരുടെ മുഖമുദ്ര. മൃദുവായ സാന്റ്സ്റ്റോണി ലാണ് ശിൽപ്പങ്ങളെല്ലാം കൊത്തിച്ചത്. വളരെ ദൈർഘ്യമുള്ള ലിഖിതങ്ങളാൽ അവ ഒരു മാസ് കമ്യൂണിക്കേഷൻ സ്പേസ് ആക്കാനും അവർക്ക് സാധിച്ചു. നാഗവർമ്മൻ 2, നാഗചന്ദ്രനെന്ന അഭിനവപമ്പൻ, ഇവർ വിഷ്ണുവർദ്ധനന്റെ സദസ്സിലെ കവികളായിരുന്നുവെങ്കിലും അവരാരും ഈ ശിലാലിഖിതങ്ങളെഴുതുന്നതിൽ പങ്കു വഹിച്ചിട്ടില്ല. വല്ലലൻ 2 വിന്റെ സദസ്സിലെ ജന്നകവി 2 ലിഖിതങ്ങളെഴുതിയിട്ടുണ്ട്. (കണ്ണരായപട്ടണത്തിലും, തരിക്കേരേയിലും 1190, 1197)ശിലാശാസനമായാലും പ്രശസ്തിയായാലും പ്രധാനമായി മുഴങ്ങിക്കേൾക്കുന്ന നാദം രാജനാദമാണ്, ഹോയ്സലശാസനങ്ങളിൽ.

സിന്ധികേരേ ഗ്രാമത്തിലെ ബ്രഹ്മേശ്വരക്ഷേത്രത്തിലെ ബസതിയിൽ കാണുന്ന തുലാപുരുഷദാനച്ചടങ്ങിനെ കുറിച്ചുള്ള ലിഖിതം ശ്രദ്ധേയമാണ്. (1137). ജൈനബസതിയുടെ തൂണിലുള്ള ഇത് വൈദികമായ ചടങ്ങു സംബന്ധിച്ചതാണ്. വൈഷ്ണവരും വൈദികരും ശമണരും , ബസവണ്ണന്റെ (വീരശൈവ) വചനം ആരംഭിക്കുന്നതിനു മുമ്പ് വെവ്വേറെയായിരുന്നില്ല . മത്സ്യപുരാണത്തിൽ പറയുന്ന 16 മഹാദാനങ്ങളിലൊന്നാണ് തുലാപുരുഷദാനം. രാജാവിന്റെ തൂക്കത്തിനനുസരിച്ച സ്വർണ്ണം ബ്രാഹ്മണർക്ക് ദാനം ചെയ്യുന്ന ചടങ്ങാണത്. നാലാം നൂറ്റാണ്ടുമുതലേ കദംബരും ഗംഗരും തുലാപുരുഷദാനം ചെയ്തിരുന്നു. 2-3 നൂറ്റാണ്ട് ബിസിയിൽത്തന്നെ ശതവാഹനരും വൈദികയജ്ഞം നടത്തിയിരുന്നു. ഗ്രാമം ക്ഷേത്രത്തെ കേന്ദ്രീകരിച്ച അഗ്രഹാരമായിരുന്നു. നിലവും തോട്ടവും ധനവും രാജാവ് വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും സൈനികചെലവിനും വേണ്ടി പ്രത്യേകം ദാനം ചെയ്തിരുന്നു. ചന്നകേശവരക്ഷേത്രത്തിലെ രംഗമണ്ഡപത്തിലെ തെക്കുകിഴക്കേ തൂണിലെ മദനികയുടെ താഴെയുള്ള ലിഖിതം തലസ്ഥാനമായ ബേലൂരിനെ അഗ്രഹാരമെന്നാണ് വിളിക്കുന്നത്. (സ്വസ്തി ശ്രീമദു കുന്തളദേശത മഹാഅഗ്രഹാര ബേഹൂര ത്രിഭുവനമല്ലദേവര മാനിക്കൈ) ബോയ്സല ശിൽപ്പങ്ങളിലെ പ്രധാനതനിമയായ മദനികയുടെ താഴെയാണ് ഇത് കൊത്തിയിരിക്കുന്നത്. ഇതിനുതാഴെ അതിപ്രധാനമായ ഒരു ദാനശാസനവുമുണ്ട്. രാജ്യാഭിവൃദ്ധിക്കായി സർവ്വമാന്യമായി ദാനം ചെയ്തത്:- ശ്രീവിജയനാരായണസ്വാമിക്ക് ജപം,ഹുതം,ഹോമം ചെയ്യുന്ന 120 ഭട്ടന്മാർക്ക് ചിക്കനഹല്ലിയോടുകൂടി ഹിരിയമുകലിനിലം, 21 ഭട്ടന്മാർക്ക് കേളേയബേയഹല്ലിയോടുകൂടി ബെണ്ണേയൂരും അരേയഹല്ലിയും, 32 ശ്രീവൈഷ്ണവർക്ക് താഗരേയിലെ നിട്ടൂരു. നാരായണായനമഃ

വിഷ്ണുവർദ്ധനപത്നി സന്തളാദേവീസംബന്ധമായ ഒരു ലിഖിതത്തിൽ ചന്ദ്രോത്സവത്തിലുള്ളതിനു സമാനമായി(വരകൽപ്പവല്ലി) രൂപകൽപ്പവല്ലരി എന്ന് കാണുന്നു. സൊംപുവെട്ടു പുരുഷഭ്രതതിം ദളം എറി ഭാഗ്യമാം ജരിഗലൻ ആന്തു രഞ്ജീസുവ ശാന്തളാദേവിയാ രൂപകൽപ്പവല്ലരീയ അടർത്തു വിഷ്ണുനൃപനെൻപ സമുന്നതകൽപ്പവൃക്ഷമം .കാലിൽ കൂർമ്മവും കണ്ണിൽ മത്സ്യവും കണ്ഠവും വക്ഷസ്സും വരാഹവും കടിഭാഗം നരസിംഹവും ശോഭയിൽ രാമനും, മനസ്സിന്റെ വികാസത്തിൽ

ബുദ്ധനും ആയി വീഷ്ണുവിന്റെ സകലഅവതാരരൂപവും രാജാവിലുണ്ടെന്ന് പറയുന്നു,തുടർന്ന്. ആരാണ് സാന്തളാദേവി, സാന്താളുകളെന്ന ട്രൈബൽ വംശത്തിലെ വധുവാണോ. ആയിരിക്കാനുള്ള സാദ്ധ്യത വാസന്തികാപരിണയചരിതത്തിലെ കഥ ചൂണ്ടിക്കാട്ടുന്നു.

ജന്നനെന്ന കവിയുടെ യശോധരചരിതേ എന്ന കാവ്യത്തിൽഃ

സാലനേംബ യാദവാം പോയ്
സലാനാദം ശശാകപുരദ വാസന്തികേയോ
മുലിദു പുലി പായ്ദുഡും പോയ്
സലഎന്തോഡെ ഗുരുഗലിത്തു കുഞ്ജത സേലേയം
എന്ന് യാദവവംശത്തിലെ പ്രശസ്തമായ സാലവംശമാണ് പോയ്സലവംശം എന്നും, ശശാകപുരത്തെ വാസന്തികാവനത്തില് വെച്ച് ഗുരു വളഞ്ഞ വടി കൊടുത്ത്, പോയ് സാലാ എന്ന് പുലിയെ വധിക്കാനാജ്ഞാപിച്ചു എന്നും രണ്ടു കാരണം ഉത്ഭവകഥക്ക് പറയുന്നു. അരിസിക്കേരെ ലിഖിതത്തിൽ പുലിയും ദണ്ഡവും (കുഞ്ജം വളഞ്ഞ പിടിയുള്ള ചാമരവുമാണ്.) ചിഹ്നമായതും അതാണെന്ന് പറയുന്നു.

അനവദ്യം മന്ത്രവിദ്യാപരിണതൻ അഭയം ദിവ്യയോഗീന്ദ്രൻ
ഒർബ്ബം തനഗാതം നാമ്നാൻ ആഗലസാലനൃപൻ അവനം നോടി സാമ്രാജ്യം
മാൽപ്പെൻ എനുട്ടം മോഹദിംദം ശശാകപുരദ വാസന്തികാദേവ്യാം
പുണ്യനിദാനം
യുക്തപൂജാപരികരവിധിയം നിശ്ചലം സാധിപാമ്നാം

അദൻഎട്ടാം വിഘ്നമം മാദുവബാഗേ മിഗേ ശാർദ്ദൂലൻ ആകാരദിം
പായിവുഡും
ആഗല യോഗി നീം പോയ് ശാലൈ എനേ സുഭതം നിശ്ചലം ബെട്ടദിം
പോയിവുഡും ആയതാപോയ്സലാങ്കം
യദുനുർ ഇപരോലെ ദേവീപ്രസാദോദ്ഭവശ്രീവിദിതാം ശാർദ്ദൂലതോൽ
കുഡിഡാ സേലേ പിരിദും ചിഹ്നം അംദിംദാം ഇട്ടൽ

അമൃതേശ്വരം അമൃതപുരം ലിഖിതം

സാലൻ എംബാം ശശകപ്രസിദ്ധപുരദോൽ വാസന്തികാദേവിയാം
തലേദ് ആരാധിസുവാഗൽ ഉത്തരലനേത്രം ഘോരവക്ത്രം വിശൃംഗലഗാത്രം
പുലി
പായേകണ്ടു മുനിനാഥൻ കുഞ്ചമം കോട്ടു പോയ് സാലൈ എംദം ബലിക്
ആയ്തു
പോയ്സലവേശര ത്തം യാദവോർവ്വീശരോലു

ഹോയ്സലരുടെ മുൻഗാമികളായ കദംബരും ഗുരുവിന്റെ വരലബ്ദപ്രസാദം കൊണ്ട് സാമ്രാജ്യം നേടിയവരാണെന്നതിനാൽ അവരുടെ തുടർച്ചയായി ഹൊയ്സലരെ കാണാവുന്നതാണ്.(വാസന്തികീദേവീലബ്ധവരപ്രസാദനം). വിനയാദിത്യ,എരേയാംഗ,വല്ലല 1, ഇവരാണ് വിഷ്ണുവർദ്ധനന്റെ പൂർവ്വികർ. വസന്തകാലത്ത് വരം ലഭിച്ചതിനാല് വസന്തോത്സവം രാജവംശം

ആരംഭിച്ചു എന്നത് , സാലവംശത്തിന്റെ കാലത്തുണ്ടായതാണ്, വിഷ്ണുവർദ്ധനകാലമല്ല. അതിനെ നിരന്തരമായി ഓർമ്മപ്പെടുത്തുവാനായി 245 മദനികമാരെ വിഷ്ണുവർദ്ധനൻ കൊത്തിച്ചുവെച്ചു. (ചെന്നകേശവ) പുലിക്കു പകരം വിഷ്ണുവർദ്ധനൻ സിംഹത്തെ കൊത്തിച്ചത് കദംബരുടെ ചിഹ്നം സിംഹമായതിനാലായിരിക്കാം. പുലി ഗംഗചോളരുടേതുമാണല്ലോ .യാദവരാണ് ഹോയ്സലരെന്ന് രണ്ടു ശാസനത്തിലുമുണ്ട്.

വാസന്തികാപരിണയം

അഹോബിലമഠത്തിലെ ഏഴാമത്തെ മഠാധിപതിയുടെ സംസ്കൃതകാവ്യമാണ് ഇത്. ആ സ്ഥലത്ത് ഉള്ള ട്രൈബലുകളാണ് ചെഞ്ചുക്കൾ, അവരിലെ ഒരു തരുണിയായ ചെഞ്ചിതയെ നരസിംഹം വിവാഹം കഴിക്കുന്ന കഥ പാലിയോലിത്തിക്ക് കാലം മുതൽ ട്രൈബലുകൾക്കിടയിൽ വാമൊഴിയായിട്ടുണ്ട്. കാട്ടിൽ നടക്കുന്ന സിംഹം ചെഞ്ചിതയെ കണ്ട് മോഹിച്ചു. അവളെ കിട്ടാനായി ശബര(കിരാത)വേഷമെടുത്ത് വന്നു, അവളുടെ പിതാവായ ശൂരസേനന്റെ നിർദ്ദേശമനുസരിച്ച് യോഗ്യതാപരീക്ഷണത്തിനു വിധേയനായി. ഉയരമുള്ള കൊടുമുടികളിൽ കേറിയും,തേൻ ശേഖരിച്ചും, ചിതൽപുറ്റ് കുഴിച്ചെടുത്തും നായാട്ടിലെ സാമർത്ഥ്യം തെളിയിച്ചും യോഗ്യത ഉറപ്പാക്കി അവളെ വിവാഹം കഴിച്ചു. താൻ യാദവവംശജനാണെന്ന് ശൂരസേനനോട് നരസിംഹം പറയുന്നുണ്ട്. വൈദികനരസിംഹം ട്രൈബൽ സ്ത്രീയെ വിവാഹം കഴിച്ച് ഉച്ചനീചത്വം തനിക്കില്ലെന്ന് തെളിയിച്ചു. ഇതുപോലെ മുരുകനും (വിഷ്ണുവിന്റെ മരുമകൻ) കുറത്തിയായ വള്ളിയെ പരിഗ്രഹിച്ചിട്ടുണ്ട്. മരുമക്കത്തായപ്രകാരം മുരുകനാണ് (യുവരാജാ) പിന്നത്തെ വിഷ്ണുസ്ഥാനം.

ഹിരണ്യകശിപുവിനെ വധിച്ച സിംഹം നല്ലമലയിലൂടെ നടക്കുമ്പോഴാണ് ഈ സംഭവം നടക്കുന്നത്. വൈഷ്ണവഭക്തിയിൽ രണ്ടാംഭാര്യയുടെ ഭക്തിയും ശ്രദ്ധയും കൊണ്ട് അവളും ദേവീഭാവമാർജ്ജിക്കുന്നു. ട്രൈബലുകൾ തങ്ങളുടെ മുഖ്യന്റെ സഹോദരീഭർത്താവായിട്ടാണ് നരസിംഹത്തെ കാണുന്നത്.

വരമൊഴിയിൽ സംസ്കൃതകാവ്യത്തിൽ വാസന്തികാ എന്നാണ് നാമം. ഇതിന്റെ കാരണം എന്താവാം. ഹൊയ്സാലരുടെ വനദേവതയാണ് വാസന്തിക. ഇതിന്റെ തുടർച്ചയാണ് സാലുവനരസിംഹവംശമെന്ന് പറയാനാവാം ഈ നാമമാറ്റം. ആരാണ് ചെഞ്ചുക്കൾ. പുളിന്ദ,ശബര,കിരാതരെല്ലാം ചെഞ്ചുക്കളാണ്. ഇവരെക്കൂടാതെ അംഗ,നിഷാദ,ബില്ല,മാതംഗ, ചണ്ഡാല, പുൽക്കസവർഗ്ഗത്തേയും ചെഞ്ചുക്കാരായിത്തന്നെ കരുതുന്നു. ഇവരുടെ വേഷം ഇലകൾ ധരിച്ച് പീലിചൂടി, ആനക്കൊമ്പുകൊണ്ടുള്ള ആഭരണവും കുന്നിക്കുരുമാലയും ധരിച്ച് മൃഗത്തോലുടുത്താണ്. വാസന്തികയെ അലങ്കരിക്കുന്ന സമയത്ത് പറയുന്നത്, ശബരികയെ ഈ വേഷമെല്ലാം മാറ്റി മുത്തും പട്ടും ഉടുപ്പിച്ചു,പീലി മാറ്റി എന്നാണ്. ശബരന്മാരുടെ രാജാവാണ് വാസന്തികയുടെ പിതാവ് ശൂരസേനനെന്നും പറയുന്നു. ഈശ്വരൻ രണ്ടാമത്തെ പത്നിയായി ട്രൈബൽയുവതിയെ വിവാഹം കഴിക്കുന്നത് മുരുകന്റെ ചരിത്രത്തിലെ പ്രത്യേകതയാണ്. ഈ വിധം വിവാഹങ്ങൾ കാർത്തവീര്യാർജ്ജുനപുത്രന്റെ പുത്രനായ നന്ദനകാലം മുതലേ ദക്ഷിണേന്ത്യയിലുണ്ട്. വിജയനഗരസാമ്രാജ്യത്തിലും ഇത്തരം കഥകളുണ്ടായിരുന്നു. ദൈവതു

ല്യനായ രാജപുരുഷനും പ്രാദേശികട്രൈബൽതരുണികളും തമ്മിലുള്ള ബന്ധം ഇതുപോലെ ശക്തവും ദിവ്യവുമായ പരിവേഷം കൊടുത്ത് ഉറപ്പിച്ചിരുന്നു. അഹോബിലത്തിലെ നരസിംഹനും ചെഞ്ചുവർഗ്ഗക്കാരി യായ കിരാതിയും തമ്മിലുള്ള പ്രേമവിവാഹമാണ് സംസ്കൃതകാവ്യമായ വാസന്തികാപരിണയത്തിലെ ഇതിവൃത്തം. (ലകുലീശനെന്ന് പേരുള്ള ശിവൻ വൈഷ്ണവിയായ തന്റെ ആയ് വധുവിനെ ചെഞ്ചുരുണി എന്ന് വിളിക്കുന്നത്, വള്ളുവനാട്ടിലെ (വല്ലഭക്ഷോണി) വളാഞ്ചേരിയിലെ (വലഭഞ്ചേരി) പൂക്കാട്ടിയൂരിലെ ലിഖിതത്തിലുള്ളത് അവസാനത്തെ അദ്ധ്യായത്തിൽ കാണുക.

മുരുകന്റേത് കുറത്തിയുമായാണെങ്കിൽ നരസിംഹന്റേത് ചെഞ്ചുത്തരുണിയു മായാണ്. രാജസിംഹാസനങ്ങളിലേക്ക് ആഗ്രഹമുള്ളവരെല്ലാം ഇത്തരം രണ്ടാം വിവാഹത്തിന് ഉത്സുകരായിരുന്നു, മഹാഭാരതത്തിലെ ശന്തനുകഥ യിലെ മുക്കുവത്തിയായ സത്യവതിയെപ്പോലെ. ഇത്തരം വിവാഹം അനു വദനീയമായിരുന്നു. ഇത് സമൂഹത്തിലെ ഉച്ചനീചത്വങ്ങളെ ഉന്മൂലനം ചെയ്യാനും സഹായിച്ചിരുന്നു. 16ആം നൂറ്റാണ്ടിലെ അഹോബിലശ്രീവൈ ഷ്ണവമഠത്തിലെ ഏഴാം മഠാധിപതി, ശതകോപയതീന്ദ്രമഹാദേശികന്റെ സംസ്കൃതഗ്രന്ഥം ഭക്തിയുടെ ലക്ഷണമായിട്ടാണ് ഈ രണ്ടാംവിവാഹത്തി ലെ നായികയുടെ പ്രേമത്തെ വാഴ്ത്തുന്നത്. ആണ്ടാളിനെപ്പോലെ. നരസിം ഹനെന്ന നായകനാമം വിഷ്ണുവിന്റെ പ്രതിപുരുഷനായ നായകനെ ദൈ വീകനാക്കുന്നു. ആന്ധ്ര, തെലുങ്കാന ഉൾപ്പെട്ട വിജയനഗരപ്രദേശങ്ങളിലെല്ലാം ഈ ഫോക്ക് കഥ പ്രസിദ്ധമാണ്.അവിടെയെല്ലാം ചെഞ്ചുവർഗ്ഗക്കാർ ധാരാള മുണ്ട്. ട്രൈബലുകൾക്കിടയിൽ വാമൊഴിയായി പ്രചാരത്തിലിരുന്ന പ്രേമക ഥയാണ് സംസ്കൃതകാവ്യമായി രചിക്കപ്പെട്ടത്. നവനരസിംഹക്ഷേത്രങ്ങളു ള്ള അഹോബിലത്തിലെ തെലുഗു സംസാരിക്കുന്നവർ മാത്രം അറിഞ്ഞിരു ന്ന കഥയെ സംസ്കൃതമാക്കി പ്രാദേശികത്തെ ദേശീയമാക്കുകയാണ്

പഴയ ജാവയിലെ കാക്കവിൻരാമായണവും, ഇപ്പോഴത്തെ കാക്കവിൻരാമായണവും

1954ൽ പ്രൊഃപി.ജെ.സൊയറ്റ്മുൾഡർ യോഗിയായ പഴയ ജാവനീസ് കവി എന്ന പ്രബന്ധം രചിച്ചു. 1955ലെ അദ്ദേഹത്തിന്റെ കവി ദാൻ കാക്കവിൻ എന്ന ഇന്തോനേഷ്യൻഭാഷയിലുള്ള ലേഖനം 1957ൽ ഇംഗ്ലീഷ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. 1974ൽ അദ്ദേഹത്തിന്റെ ഒരുലേഖനം പഴയ ജാവനീസ് സാഹിത്യത്തിന്റെ സർവ്വേ എന്ന ശീർഷകത്തിൽ പ്രസിദ്ധമായി. പല കാക്കവിൻ രാമായണങ്ങളിലും കവി യോഗത്തിലേക്കുള്ള ലക്ഷ്യവും മാർഗ്ഗവും വിവരിക്കുന്നുണ്ട്.കാക്കവിന്നുകളുടെ തിയോളജി എന്ന ഒരു പുസ്തകം തനിക്കെഴുതണമെന്നുണ്ടെന്ന് സൊയറ്റ്മുൾഡറുടെ ആഗ്രഹം നടക്കാതെ പോയി. കാക്കവിൻ അർജ്ജുനവിവാഹം കാന്റോ 10-11 (ശിവസ്തോത്രം) വളരെ ബുദ്ധിമുട്ടാണ് മനസ്സിലാക്കാനെന്ന് സ്റ്റുവാർട്ട് റോബ്സൺ. 1933ൽ സി,സി. ബെർഗ്ഗ് ,ഇതിനു ശ്രമിച്ചിട്ടുണ്ട്. 1971ൽ സ്റ്റുവർട്ട് റോബ്സൺ,ഈ രണ്ട് ശ്ലോകമാണ് ബാലിയിൽ ദേവയജ്ഞസ മയത്ത് ഉച്ചരിക്കുന്നതെന്ന് കണ്ടു. ബാലിക്ഷേത്രങ്ങളിലെ ദേവയജ്ഞ സമ

യത്ത് ദേവകൾ സ്വയം ഇറങ്ങിവരുമെന്നാണ് സങ്കൽപ്പം.അർജ്ജുനവിവാഹത്തിലെ വാക്ക് സ്തുതി എന്നാണ്, പൂജ എന്നല്ല.അർജ്ജുനൻ ഒരു സംക്ഷിപ്തപൂജ ചെയ്തിട്ടാണ് ശിവനെ സ്തുതിക്കുന്നത്. സംസ്കൃതകാവ്യം കിരാതാർജ്ജുനീയത്തിൽ (18. 21-43) ശിവനെ സ്തുതിക്കുന്ന നീണ്ട ഒരു പ്രശസ്തി (ഇതേ സന്ദർഭം) ഉണ്ട്. അവിടെ സ്തോത്രമാണ്,സ്തുതിയല്ല. മറ്റു കാക്കവിൻ ഗ്രന്ഥങ്ങളിലും ഇപ്രകാരം സ്തുതികളുണ്ട്. ഭൂമാന്തക (കാന്റോ 108) ബ്രഹ്മാവ് വിഷ്ണുവിനെ സ്തുതിക്കുന്നതാണ്. ഭൌമന്റെ അന്ത്യം വിഷ്ണുവിനാൽ നടക്കുമ്പോളാണ് ഇത്. ഹരിവംശത്തിൽ കൃഷ്ണാർജ്ജുനയുദ്ധസമയത്താണ് സ്തുതി. യുധിഷ്ഠിരനാണ് സ്തുതിക്കുന്നത്. കാക്കവിൻ സ്മരദഹനത്തിൽ സ്തുതി ശിവനെ ശാന്തനാക്കാനാണ്. ഘടോത്ക്കചാശ്രയത്തിൽ അഭിമന്യുവിന് ക്ഷിതിസുന്ദരിയോടുള്ള പ്രണയം കേട്ട് ബലരാമൻ ക്ഷുഭിതനായി. രക്ഷപ്പെടാനായി ഓടിപ്പോയ അവനെ കരാളവക്ത്രൻ ദുർഗ്ഗക്ക് ബലികൊടുക്കാനായി കൊണ്ടുപോയി. ഭയങ്കരരൂപമെടുത്തെത്തിയ ദുർഗ്ഗ അഭിമന്യുവിന്റെ ദുർഗ്ഗാസ്തുതിമന്ത്രം കേട്ട് ശാന്തയായി, ഘടോത്കചനെ സമീപിക്കാനും അങ്ങനെ തന്റെ കാമിനിയെ നേടാനും ഉപദേശിച്ചു. 5 ശ്ലോകമുണ്ട് ഇവിടെ. അതിനെ സ്തുതി എന്ന് കവി വിളിക്കുന്നില്ല. തുടക്കം ഓം,ശെംബാ നിങ് അനാശ്രയമേകുൽ ഐയോങ് പരമസകല രേന നിങ് ജഗത്ത് എന്നാണ്. 15ആം നൂറ്റാണ്ടിലെ ശിവാരത്രികൽപ്പം ലുബ്ധകനെന്ന പാപിയെ യമദൂതന്മാർ കൊണ്ടുപോകുമ്പോൾ ശിവഭൂതങ്ങൾ അവനെ ശ്വസവിധത്തിലെത്തിച്ചു, യമനും സംഘവും അവിടെയെത്തി ശിവനെ സ്തുതിച്ചു. ഇവിടെയും ഓം ശെംബാ നിങ് അനാശ്രയ....എന്നാരംഭിക്കുന്നു. ഇവിടെ സ്തവമെന്ന് വിളിക്കുന്നു. കുഞ്ജരകർണ്ണധർമ്മകഥനം ഗന്ധർവ്വന്മാരും കുഞ്ജരകർണ്ണനും 3 ശ്ലോകം കൊണ്ട് (സ്തുതി) ബുദ്ധനെ പ്രശംസിക്കുന്നു. ഇവിടെയും ഓം നിങ് അനാശ്രയ എന്നാണ് തുടക്കം. ബുദ്ധൻ അവർക്ക് ധർമ്മോപദേശം നൽകുന്നു. കാക്കവിൻ രാമായണത്തിൽ രാവണൻ രാമശിരസ്സുകാട്ടി സീതയെ ഭയപ്പെടുത്തി,അവൾ അഗ്നിയിൽ ചാടാനൊ രുങ്ങുമ്പോൾ ത്രിജട തടയുന്നു.വളരെ ദീർഘമായ വരികളാൽ സീത അഗ്നിയെ സ്തുതിക്കുന്നു. ദേവത ആരായിരുന്നാലും സ്തുതി സമാനമാണ്. ദേവതാദർശനം ,വരം ഇവ തരുന്നതാണ്. അതിനാൽ കാക്കവിൻ തിയോളജിയുടെ പ്രധാന ഭാഗമായി സ്തുതിയെ അംഗീകരിച്ചിരിക്കുന്നു.

(From lanka Eastwards -Ramayana in literature and visual arts of Indonesia Ed:Andrea Acri,Helen Creese,Arlo Griffiths .KITLV Press Leiden 2011(Royal Netherlands Academy of arts and sciences)

സംസ്കൃതകാവ്യ,മഹാകാവ്യരീതികളോട് കാക്കവിൻ കവികളുടെ രീതിയെ താരതമ്യപ്പെടുത്താനാവുമോ. Sheldon Pollock uses the term 'Sanskrit cosmopolis' for 'the transregional culture-powersphere of Sanskrit' as spread 'across all of South and much of Southeast Asia' and defines 'cosmopolitanvernacular' as a 'synthetic register of an emergent regional literary language that localizesthe full spectrum of expressive qualities of the superposed cosmopolitan code' (Pollock 2006.13. 12,322) സംസ്കൃതവൃത്തങ്ങളിലാണ് കാക്കവിൻ രാമായണം രചിച്ചിട്ടുള്ളത്. ജാവയിലെ സംസ്കാരം അതിലെല്ലാം സ്വതന്ത്രമായി പ്രതിഫലിക്കുന്നുണ്ട്.

കവിസമയം-

കവികളുടെ കൂട്ടായ്മ,സമ്മേളനം എന്നെല്ലാം പറയാവുന്ന ഇതിനെ രാജശേഖരന്റെ കാവ്യമീമാംസയിലെ അദ്ധ്യായം 14-16 ആധാരമാക്കി പഠിക്കണം. കവിശിക്ഷ(കവികളുടെ വിദ്യാഭ്യാസം) ആണ് കാവ്യമീമാംസയിലെ ഉള്ളടക്കം. അലങ്കാരശാസ്ത്രം മാത്രമല്ല അത്. കവിയുടെ ദൈനന്ദിനചര്യ, മറ്റു കൃതികളിൽനിന്നുള്ള കടമെടുപ്പ്, ഭൂമിശാസ്ത്രപരമായ വസ്തുതകൾ, ഇവയെല്ലാം അതിൽപെടും. രാജശേഖരന്റെ അഭിപ്രായം കവിസമയം എന്നത് കവി താൻവായിച്ചറിഞ്ഞതിൽനിന്ന് സ്വീകരിച്ചതും, ലോകത്തിൽ അനുഭവിച്ചറിഞ്ഞിട്ടില്ലാത്തതുമായ (അശാസ്ത്രീയ, അലൌകിക) വിഷയങ്ങളെ സൃഷ്ടിക്കുമ്പോൾ, അതുവരെ കേട്ടതിൽനിന്ന് വ്യത്യസ്തവും വിരുദ്ധവുമായിട്ടുപോലും ,അതിനെ പരമ്പരായതമായി സ്വീകരിക്കപ്പെടുന്നതാണ്. ത്രിലോകങ്ങളും അലൌകികമായും, (ഭൌമ്യ,സ്വർഗ്ഗ്യ, പാതാലീയ) അവയിലെ ജാതി,ദ്രവ്യ,ഗുണ,ക്രിയാദികളും കൂടാതെ മൂന്നു വിധം കൂടി രാജശേഖരൻ പറയുന്നു. ഭൂമിയെ ഒഴിച്ച് മറ്റെല്ലാ ലോകത്തിലും എല്ലാം അലൌകികമാണ്. അതിനാൽ നിയമങ്ങൾ മാത്രമാണ് കവികൾക്ക് അനുസരിക്കാനാവുക. കാവ്യനിയമംമാത്രം അനുസരിക്കുന്നത് യഥാർത്ഥ കാവ്യമാവില്ല, അനുകരണമാവും. സർഗ്ഗാത്മകതയാണ് കവിസമയത്തിന്റെ ലക്ഷണമെന്ന് പറയപ്പെടുന്നു. അത് അലൌകികമാണ്. ഒരു കവികൂട്ടായ്മയിലെ എല്ലാ കവികളും ഒരേപോലെ എഴുതിയാലത് കവി സമയമാവില്ല. ഓരോരുത്തർക്കും ഒറിജിനാലിറ്റി വേണം.

1. അസതോ നിബന്ധനം. യഥാർത്ഥത്തിനു വിരുദ്ധമായത്. ചകോരം ചന്ദ്രകിരണം ഉണ്ണുന്നത് . ക്രിയാവദ് അസതോ നിബന്ധനം .വികാരങ്ങൾക്ക് വർണ്ണം പറയുന്നത് ഗുണവദ് അസതോ നിബന്ധനം
2. സതോപി നിബന്ധനം . യാഥാർത്ഥ്യത്തെ പറയാതെ വിട്ടുകളയുന്നത്
3. നിയമം. കൃത്രിമമായി തടയുന്നത്.

ഓരോ വാക്കിന്റേയും ശ്ലോകത്തിന്റേയും ഘടനക്കപ്പുറത്ത്, കാവ്യം തരുന്ന ധ്വനിയും രസവും ആനന്ദവർദ്ധനൻ(ധ്വന്യാലോകം) പ്രധാനമായി കരുതി. കാക്കവിൻ കവികളും ഈ ലക്ഷ്യം മനസ്സിൽ കണ്ടിരുന്നു. അവരുടേത് വെറും അനുകരണമായിരുന്നില്ല.

ഭട്ടികാവ്യത്തിലും രഘുവംശത്തിലും കാക്കവിൻരാമായണത്തിലും ശിവഗൃഹലിഖിതത്തിലും(856 എഡി) കാണുന്ന യമകങ്ങൾ:- ഒരേ വാക്ക് ആവർത്തിക്കുന്ന യമകം വേദകാലം മുതലേ സംസ്കൃതത്തിലുണ്ട്. ഇത് ശബ്ദാലങ്കാരമാണ്. ഭട്ടികാവ്യത്തിലുള്ളപോലെയുള്ള യമകം കാക്കവിൻരാമായണത്തിലുമുണ്ട്. അനുപ്രാസവും യമകവും ജാവയിലെ കാവ്യങ്ങളിലുമുണ്ടെന്ന് 1926 മുതലേ പാശ്ചാത്യർ ചൂണ്ടിക്കാട്ടാനാരംഭിച്ചു. ശബ്ദാലങ്കാരവും അർത്ഥാലങ്കാരവും കാളിദാസന്റെ രഘുവംശത്തിലെന്നപോലെ കാക്കവിൻകവികളും പ്രയോഗിക്കുന്നതായി അവർ കണ്ടു. ഇവയിൽ പലതും അവസാനവരിയിലെ യമകമാണെന്നും ഇന്ത്യയിലെ തമിഴ് ഉൾപ്പെടെ പലഭാഷകളിലും ഇത് ഉപയോഗിക്കുന്നുണ്ടെന്നും അവർ മനസ്സിലാക്കി. ഒരു പാദത്തിന്റെ അവസാനാക്ഷരം അടുത്തപാദത്തിന്റെ

ആദ്യാക്ഷരമാവുന്ന കാഞ്ചീയമകവും അവരുടെ കൃതികളിലുണ്ട്. നാട്യ ശാസ്ത്രത്തിൽ ഇതിനെ ചക്രവാളയമകമെന്ന് പറയുന്നു. ഇത്തരം യമക ത്തെ ഏകാവലി(ഒറ്റവരി കോർത്ത മുത്തുമാല,അഥവാ പുഷ്പമാല) ആയി ഉപയോഗിക്കുന്നു.സംസ്കൃതകാവ്യത്തിന്റെ സൌന്ദര്യം വർദ്ധിപ്പി ക്കുന്ന യമകവും ശ്ലേഷവും കാക്കവിനും പ്രയോഗിക്കുന്നു. ഇരുവശത്തേ ക്കും വായിക്കാവുന്ന യമകവും ഉണ്ട്

ഉദാഃ മസ ലിംഗര ശൂന്യ പ്രി

പ്രിഹ്ന്യശൂര ഗലിൻ സമ

പാദാദിയമകം (കാക്കവിൻരാമായണം) ഉദാഃ-

മധുലുർ-ധുലുർ യാരംപുകൻ ആസന
മണിധുൻ-ഇധുൻയാചൻക്രമ കസുകൻ

മതുരു-തുരു രൊൺധൊൺ പിനക തിലം തുമേന-
തേന രിൻ ചന്ദ്രവിലാസിത

ഭരതന്റെ നാട്യശാസ്ത്രത്തിലെ ചതുർവ്യവസിതയമകത്തെ ആധാരമാ ക്കിയാണ് ഭട്ടികാവ്യത്തിലെ സർവ്വയമകം. ഓരോ പദവും ഓരോ പ്രാവശ്യം(നാലുപ്രാവശ്യം) വായിക്കുമ്പോൾ നാല് അർത്ഥം ലഭിക്കും. ഭരതന്റെ സമുദ്ഗയമകം അരപ്പദം ആവർത്തിക്കുന്നതാണ്,അതിനെ മുഴുവൻപദവും ആവർത്തിക്കുന്നതാക്കി ഭട്ടിയുടെ മഹാപദം. യമകത്തിൽ അവ്യാപേതവും വ്യാപേതവും തമ്മിൽ വേർതിരിച്ചത് ഭട്ടിയല്ല, ഭാമഹ നാണ്. ഇത് ഭാമഹനുമുമ്പ് അഗ്നിപുരാണത്തിലുണ്ട്. ഇദ്ദേഹം കാളിദാസനു ശേഷം ഭാരവിയുടെ കാലത്താണ് ജീവിച്ചത് Yamaka in the Śiśupālavadha' that draws immediate attention to the importance of sonorous or musical effects in the composition of figures like yamaka. For the present purposes one of the most useful insights to be gained from a review of his work is his analysis of an extended series of yamaka in the first fifty-four verses of the ninth canto of Kālidāsa's Raghuvaṃśa (ഗാരി ടബ്ബ് 2003.)

ഭട്ടികാവ്യത്തിലെ ഒരു ശ്ലോകം നോക്കുകഃ(ലങ്കാദഹനവേളയിലാണ്.)

നാരീണാം അപനുനുദുർ ന ദേഹഖേദാൻ
നാരീണാമലസലില ഹിരണ്യവാപ്യാ
നാരീണാം അനിലാപരീതപത്രപുഷ്പാൻ
നാരീണാം അഭവത് ഉപേത്യ ശർമ്മ വൃക്ഷാൻ

മറ്റൊരുദാഹരണം

ന ഗജാ നഗജാ ദയിതാദയിതാ
വിഗതം വിഗതം ലലിതം ലലിതം
പ്രമദാപ്രമദാമഹതാ മഹതാം
അരണം മരണം സമയാത് സമയാത് (ഭ.കാ)

മൂന്നാമത്ഃ

ബഭൌ മരുത്വാൻ വി കൃത സ മുദ്രോ
ബഭൌ മരുത്വാൻ വികൃത സ മുദ്രാ

ബഭൌ മരുത്വാൻ വികൃത സ മുദ്രോ
ബഭൌ മരുത്വാൻ വി കൃത സ മുദ്രാ

ബഭൌ മരുത്വാനെന്നതിന്റെ നാലു വിശേഷണം നോക്കുക. ആദ്യത്തേതിൽ പല സാഹസകൃത്യങ്ങളും ചെയ്തവൻ, രണ്ടാമത്തേത് സീതയിൽനിന്ന് മുദ്ര ധരിച്ചവൻ, സമുദ്രം ലംഘിച്ചവൻ, ശോഭിച്ചു . (വികൃത സമുദ്രയുടെ നാല ർത്ഥം) മരുത്തുക്കളുടെ രാജാവ്(ഇന്ദ്രൻ)അപ്സരഗണത്തോടെ ശോഭിച്ചു, ചുഴലികളാൽ മന്ഥനം ചെയ്യപ്പെട്ട സമുദ്രം തന്റെ സീമകളെ ലംഘിച്ചു പൊങ്ങി, മകന്റെ വരവു കണ്ട വായു തന്റെ വേഗത കുറച്ച് പ്രശോഭിച്ചു എന്നും അർത്ഥം വരുന്നുണ്ട്.ഭട്ടിയും കാളിദാസനും യമകത്തിൽ ജാവയി ലെ കവികൾക്ക് പ്രചോദനമായിരുന്നു എന്ന് പാശ്ചാത്യ പണ്ഡിതരുടെ അഭിപ്രായം

856 എഡിയിലെ ശിവഗൃഹലിഖിതം

മൂന്നു കാര്യങ്ങളാൽ ഈ ലിഖിതം പ്രധാനമാണ്.

1. പഴയ ജാവാഭാഷയിൽ വൃത്തനിബദ്ധമായും സംസ്കൃതകാവ്യമാതൃകയിലും രചിച്ച ആദ്യത്തെ കാക്കവീൻ ലിഖിതം

2. അക്കാലത്തെ മദ്ധ്യജാവയിലെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു

3. ചണ്ഡിപ്രാംഭനിലെ വലിയ ശിവക്ഷേത്രസമുച്ചയത്തെക്കുറിച്ച് വിവരം തരുന്നു

ശിവഗൃഹം അഥവാ ശിവാലയം എന്ന പേരുതന്നെ ഇത് ഒരു ശൈവക്ഷേത്രസമുച്ചയമായിരുന്നു എന്ന് തെളിയിക്കുന്നു. ലിഖിതത്തിലും ഈ പേരുണ്ട്. കവികൾ യമകപൂർവ്വം ഈ വരികൾ കൊത്തിയത് അന്നത്തെ ഭരണത്തിലുള്ള രാജാവിനും അന്ന് നടന്ന ഉത്സവസമമായ ഏതോ പ്രധാനകാര്യത്തിനും ശിവക്ഷേത്രത്തിനും പെരുമ കൊടുക്കാനാവണമെന്ന് അഭിപ്രായമുണ്ട്. ഭട്ടികാവ്യത്തിലുള്ള പോലെ പല വൃത്തങ്ങളിലും യമകമുള്ള വരികൾ ഇവിടെയും കാണാം. പല വരികളും കല്ലിന്റെ ജീർണ്ണതകൊണ്ട് വായിക്കാനാവാത്ത വിധമാണ്. വസന്തതിലകത്തിലുള്ള വരികളുടെ ഉദാഹരണം-

1 മൻരക്ഷ ഭൂമി രി ജവാർജ്ജവാ (ആർജ്ജവത്തോടെ മനു ജാവാഭൂമി രക്ഷിച്ചുപോന്നു)

2. രാജ്ഞേ ത സൻ പതി അയാത് പതിഹാകലങ്കാ (കളങ്കമറ്റ സംസ്കാരച്ചടങ്ങ് പ്രധാനമന്ത്രി രാജാവിനായി ചെയ്തു)

3. മെരൻ നുണി ന നുണി നുണി ന സമരാൻ തനീവുൻ(ഇവുങ്ങ് ഗ്രാമത്തിലെ പഴയ യുദ്ധം അൽപ്പം കൂടുതലായെന്ന് അദ്ദേഹം ലജ്ജിച്ചു)

രജനീവൃത്തം ഉദാഹരണങ്ങൾഃ-

1. മഹായു കൈ ത പാന്തി തിനപാൻ തിരാൻ സവലൂയി(ആശ്രമങ്ങളെപ്പോലെ നിർമ്മിച്ച നിരവധി ചെറിയ ഭവനങ്ങൾ മനോഹരമായിരുന്നു)

2. നികട ഭതാര യൻ തുവു അപൂർവ്വ രി പൂർവ്വദിശാ (ഭട്ടാരന്റെ-ഈശ്വരന്റെ സവിധത്തിലായതിനാലാണ് ക്ഷേത്രത്തിന്റെ കിഴക്കേ ദിശയിലുള്ള അവക്ക് ഇത്രയും സമൃദ്ധി കൈവന്നത്)

3. അതിശയ പാരിജാതക തരൂപമ രൂപനീയാൻ(അതിശയകരമായ പാരിജാതവൃക്ഷത്തിന്റെ രൂപമുള്ള)

4. സഗൂപുരപാർഹ്യാണൻ അഗണിതാംഗനാ താ പചലാൻ(ഉയരമുള്ള ഗോപുരങ്ങളും പ്രാംഗണങ്ങളും, ചലിക്കാത്ത സുന്ദരിമാരുടെ അഗണനീയമായ(അസംഖ്യം പ്രതിമ) രൂപങ്ങളുമുള്ളത്

5. അപ ത പദന്യ ദിവ്യതമ ദിവ്യകേന യ ഹനാ (അതിനേക്കാൾ ദിവ്യതമമായി ഏതുണ്ട്, അത് ദിവ്യകമെന്ന് വിളിക്കപ്പെടാനായി ഉണ്ടായി.

6. അതിശയ തൻ നാരണ്യ തനാരണ്യ മഹാതിശയ (അതിശയം,മഹാതിശയം. മനുഷ്യർക്ക് അത് ശാന്തി തരുന്നു) ദണ്ഡി ദുഷ്കരമെന്ന് വിളിച്ച യമകമാണിത്.വ്യാപേത,പാദാദ്യന്തയമകമാണ്) ആദ്യം അതിശയ,അവസാനം മഹാതിശയ. നടുവിലാണ് അവ്യാപേത പാദമദ്ധ്യയമകം. തൻ നരണ്യ, തനരണ്യ. തനാരണ്യമഹാതിശയ എന്ന അവസാനഭാഗം ആദ്യഭാഗത്തിന്റെ ഒരു ആവർത്തനവും കൂടിയാണ്. ആദ്യഭാഗത്തിന്റെ കണ്ണാടിപ്രതിബിംബം. തിബത്ത് ഉൾപ്പെടെ തെക്കുകിഴക്കൻ ഏഷ്യയിലെങ്ങും പ്രചാരത്തിലിരുന്ന ദണ്ഡിയുടെ കൃതി ജാവയിലും പഠിച്ചിരുന്നിരിക്കാമെന്നും, കാളിദാസന്റെയും ഭട്ടിയുടേയും പണിപ്പുരയിലാണ് ജാവയിലെ ഈ കാക്കവിൻലിഖിതവും സൃഷ്ടിക്കപ്പെട്ടതെന്നും പണ്ഡിതന്മാർ പറയുന്നു. നിര്യാതനായ ജ്യേഷ്ഠനുവേണ്ടി അനുജനായ രാജാവ് പണിതീർത്ത ദേവാലയത്തിലെ ഈ യമകകവിത എഴുതിയ കവി ആരായിരുന്നാലും അദ്ദേഹത്തിന് യമകാലങ്കാരത്തെക്കുറിച്ച് നല്ല ജ്ഞാനമുണ്ടായിരുന്നു. 5,6,7 നൂറ്റാണ്ടുകളിലെ ഇന്ത്യൻസംസ്കൃതകാവ്യങ്ങളുമായി അടുത്ത പരിചയമുണ്ടായിരുന്നു. ഇതിൽ പറയുന്ന യുദ്ധം ശൈലേന്ദ്രവംശത്തെ ജാവയിൽനിന്ന് തുടച്ചുനീക്കിയ യുദ്ധമാണെന്ന് കാണുന്നു.

കാക്കവിൻരാമായണത്തിലെ സീതാവിചാരം

കപനാന്ത നൊര ത കുനേൻ-ഇകേൻ ഉണെൻ
മനന മനാകു മനസർ മനൻ ലനാ

മനരന്ത സൻ മദന മെദി മൻലരേ
മമന സിരാമനസി മൻരുരാ ഹതി

പാദമദ്ധ്യാന്തം, പാദമദ്ധ്യം, പാദാദിമദ്ധ്യം എന്നീ യമകങ്ങളുണ്ട്. മനം ചഞ്ചലിക്കുന്നു(മനസർ),രോദനം ചെയ്യുന്നു(അനാൻ മനാൻ),വേദനിക്കുന്നു(മനരന്ത),അസ്ത്രം തുളക്കുന്നു(മമനാ), വേവുന്നു(മമനസി) ഇങ്ങനെ യമകങ്ങളുടെ പലവിധമുള്ള ഉപയോഗം സീതയുടെ മാനസികാവസ്ഥ നന്നായി എടുത്തുകാട്ടുന്നു. യമകം ഗാംഭീര്യവും ദൈവികതയും കാട്ടു ന്ന പ്രയോഗമാണ്. വലിയ വാസ്തുപോലെ മനോഹരവുമാണ്. അതു കൊണ്ട് സേതു കെട്ടുന്ന ശ്ലോകം കാക്കവിൻരാമായണത്തിൽ നിരവധി യമകങ്ങളോടെയാണ്. അതിനുശേഷമാണ് രാമൻ സുബേലപർവ്വതത്തിലെത്തി സുന്ദരമായ ലങ്കയെ കാണുന്നത്. കാമദേവന്റെ ശക്തി പറയുമ്പോൾ കാഞ്ചീയമകം(ചക്രവാളയമകം)ഉപയോഗിക്കുന്നു. കാഞ്ചീയമകത്തിൽ ആവർത്തിക്കുന്ന അക്ഷരം പദത്തിന്റെ ആദ്യവും അവസാനവും ഉണ്ടാവും. അല്ലെങ്കിൽ മദ്ധ്യയമകം,ആദ്യന്തയമകം പോലെ ഓരോ പദത്തിന്റേയും ആദ്യവും അവസാനവും വരും. ചക്രവാളയമകം ഒരു പദത്തിന്റെ അവസാനം പിന്നെവരുന്ന പദത്തിന്റെ ആദ്യമായി വരും. ഇപ്പോഴും ബാലിയിൽ ആവർത്തിക്കുന്നതും പ്രചാരത്തിലുള്ളതുമായ കാക്കവിൻരാമായണശ്ലോകം രാമൻ വിഭീഷണനെ രാജധർമ്മം ഉപദേശിക്കുന്ന ഭാഗത്തുള്ളതാണ്.

പ്രിഹേൻ തെമേൻ ധർമ്മ ധുമാരണൻ സരാട്
സരാഗ സൻ സാധു സിരേക തൂതന
തൻ അർത്ഥ തൻ കാമ പി ദോന്യ തൻ യശ
യ ശക്തി സൻ സജ്ജന ധർമ്മരക്ഷക

ജഗത്തിനെ സംരക്ഷിക്കുന്ന ധർമ്മത്തെ സംരക്ഷിക്കുക. സാധുക്കളുടെ ധർമ്മമാർഗ്ഗത്തെയാണ് സരാഗം പിന്തുടരേണ്ടത്. അർത്ഥമോ കാമമോ യശസ്സോ ആവരുത് നിന്റെ ലക്ഷ്യം. സജ്ജനങ്ങളുടെ ശക്തി ധർമ്മരക്ഷകരാണ് എന്നതാണ്. തുടർന്ന് കശ്മലസ്വഭാവവും, ജ്ഞാനികളും സുശീലരുമായ ധർമ്മിഷ്ഠരുടെ മാർഗ്ഗവും പറയുന്നുണ്ട്.

മദ്ധ്യജാവയിലെ പക്ഷികളും സാധുക്കളും രാജാക്കന്മാരും

മന്ത്രമാർഗ്ഗം,അതിമാർഗ്ഗം(പാശുപതം) എന്ന് 2 വിധമാണ് ശൈവന്മാരുടെ ആരാധന.ശൈലേന്ദ്രബാലപുത്ന്റെ അന്ത്യത്തോടെ ശൈലേന്ദ്രവംശം ജാവയിൽ ഇല്ലാതായതാണ് ശിവാലയത്തിലെ ലിഖിതം കാണിക്കുന്നത്. പാശുപതം ജാവയിൽ എത്രമാത്രം വേരൂന്നിയിരുന്നു എന്ന് സംശയമാണ്.

നടനും സാധുവിനും ഇടയിലായി വിദു എന്ന് പഴയ ജാവയിൽ പറയുന്നത് ഇന്ത്യയിലെ വിദൂഷകനെയാണ്. ലങ്കയിലേക്ക് വീണ്ടും ഐശ്വര്യം വരുമ്പോഴത്തെ അവസ്ഥ പറയുമ്പോൾ വിദൂഷകൻ ചോദിക്കയാണ്. ശാന്തമായി സാധുവിന്റെ ആശ്രമത്തിൽ ഒരുമിച്ചു കഴിഞ്ഞിരുന്ന വന്യമൃഗങ്ങളെല്ലാം വീണ്ടും ശബ്ദമുണ്ടാക്കിത്തുടങ്ങി. ഗുഹക്കകത്ത് നഗ്നനായി തുടരണോ, (ലകുലീശ) പുറത്ത് ഭിക്ഷുവായി അലയണോ. കുയിലും ജലാകയും(രണ്ട് പക്ഷി)തമ്മിലുള്ള വാക്കേറ്റം പോലെ ഇവരുടെ ചർച്ചയെ അവതരിപ്പിക്കുന്നു.

മന്യൻ മന്യൻ യ മേണാനാലൂല-ണാലൂല റിൻ പ്രജ്ഞോജല ജലക്ക്

മരക്കൊമ്പത്തിരുന്ന് ഇലകൂട്ടിത്തുന്നുന്ന ഹിജി (തുന്നക്കാരൻപക്ഷി) നില ത്തിരുന്ന് കുഴിതോണ്ടി വീടുണ്ടാക്കുന്ന പുയു(കൊയിൽ)വിനെ കളിയാക്കു ന്നു. മലിനരായ ആലേപകരെന്ന ഭിക്ഷുവാണ് ഇവിടെ പുയു. അപ്പോൾ ഗുഹാവാസിയായ കുവോൻ(കുയിൽ) പ്രത്യക്ഷപ്പെട്ട് ഞാനും വസിക്കുന്നത് ഗുഹയിലാണ്,പക്ഷേ മലിനനല്ല എന്ന് പ്രഖ്യാപിക്കുന്നു. കുവോൻ മയിലാണെന്ന് വൃത്തസഞ്ചയം. കോകിലമെന്നും,കാക്കയെന്നും കൂമനെന്നും ഭിന്നാഭിപ്രായം കാണുന്നു.

വാലിക്ക് (കോലിക്ക്) ചന്ദ്രനെ പ്രേമിക്കുന്ന പക്ഷിയാണ്. തുഹുതുഹു അഥവാ തുഹുഹു എന്ന് ശബ്ദംവെച്ചാണ് അതിനു പേർ. വാലിക്കിനും തുഹുതുഹുവിനും ഒണോമട്ടോപ്പിയ വെച്ചാണ് പേരുള്ളത്. കോകില ത്തിനും കുവോങിനും അംഗാലിക്ക്-അലിക്ക്, (കാകുലിക്ക്-കുലിക്ക്) എന്ന് ശബ്ദം വെച്ചാണ് പേർ. ഈ പക്ഷിനാമങ്ങളെല്ലാംതന്നെ കുയിലിന്റെ തന്നെ പേരുകളാണെന്ന് സോയിറ്റ്മുൾഡർ(1974). വാർത്തസഞ്ചയത്തിലെ കുവ്വാൻ അൻലിൻ തുഹുതുഹു എന്നതുവെച്ച് തുഹുതുഹുവും കുയിലും ഒന്നാ ണ്.ചെറിയ ഇനം കുയിലിനാണ് ശ്രുതി ഏറിയും കുറഞ്ഞും ചൂളം വിളി ക്കുന്നപോലെയും ശബ്ദം. തൂയി തൂയി തൂയി, തൃൂഹോ ദോഹോദോഹോ ദോഹോദോഹോദോഹോദോ എന്ന് പാടുന്ന ഇത് ഇന്ത്യമുതൽ ഇന്തോനേ ഷ്യവരെയും കാണുന്ന പക്ഷിയാണ്. തുഹുതുഹു എന്നാൽ ജാവഭാഷയി ൽ സത്യവചനമെന്നും അർത്ഥമുണ്ട്.. വികുപ്പക്ഷി മാംസഭുക്കാണ്. തുഹു തുഹുവും കോകിലവും അങ്ങനെയല്ല. കുയിൽ കാക്കയോടോ ,ജലപ്പക്ഷി യായ ജങ്കുൻപക്ഷിയോടോ കൂട്ടു കൂടാറില്ല. അവ മാംസഭുക്കായതു കൊണ്ട്. കുയിലിന്റെ ഭക്ഷണം വാരിങിൻ,ഹംബുലുമരങ്ങളുടെ തളിരി ലയാണ്. (മാന്തളിരെന്ന് ഇന്ത്യയിലെ കവികൾ) കാക്ക ശവം തിന്നും. ജങ്കുൻ മത്സ്യം തിന്നും. സംസ്കൃതത്തിലെ അഭക്ഷ്യമായ പക്ഷികളുടെ ലിസ്റ്റ്-കാകോലൂകഗൃദ്ധ്രശ്യേനകങ്കകോകിലസൂചികാ,കീരശുകാശ്ചശാരികാ സർവ്വം അഭക്ഷമാംസകം(അമരകോശം)

കാക്കവിൻ ക്രൂരപക്ഷിലിസ്റ്റ്ഃ-
ഗഗക്ക്,ദോക്ക്,അതത്,ശ്യൂൻ,നോറി,അയാൻബഹികുക്ക്, ഉലൂൻ, ത്രിലകാ ക്,കാക,തുഹുതുഹു, ദൊംദമൻ, മനുക്ക്കോദ്, ഗഗന്ദൻ,ആലാപാലാപ്, ബിബിദോ.ദര്യാസ്, മനുക്ക് വിദു.

കുയിലും വിദുവും താരതമ്യം- ലീനൻ ലൂനൻ യ ഹൂനൻ മുനി മനുക് ഉയകൻ യേകാമിദു-മിദു മുനി മനുക്ക് ഉയക്കൻ ലീനനും ലൂനനുമായി ഉറക്കെ ശബ്ദമുണ്ടാക്കി വിദുവിനെപ്പോലെ കരയുന്നു, അഭിനയിക്കുന്നു. വിദു ജാവയിലെ ശൈവസന്യാസിയുടെ പേരാണ്. കുവോന്റെ നാദം ഇടി വെട്ടുപോലെയാണ്. (അട്ടഹാസം)പെരുമ്പറയൊച്ചപോലെ എന്ന് സാരം. വിദുതാഹേൻ(വിദൂഷകൻ)അതിന്നൊത്ത് ചെയ്യുന്ന രംഗനൃത്തത്തെയാണ് താരതമ്യം ചെയ്യുന്നത്. സൂര്യോദയത്തിൽ പക്ഷികളുടെ ചിലക്കലിനേയും ഇപ്രകാരം ഉപമിക്കുന്നുണ്ട്. തന്ത്രികമണ്ഡകമെന്ന ജാവാനീസ് ഗ്രന്ഥവും കുവോനെ വാക് വജ്രമെന്നു വിളിക്കയും അതിന്റെ ബജ്രഗീത(പാട്ട്) സുന്ദര മായി പാടാനുള്ള കഴിവാണെന്ന് പറകയും ചെയ്യുന്നു. ഇടിവെട്ടുമ്പോളു ള്ള വജ്രഗീതവും നൃത്തവും മയിലുകളുടേതുമാണ്. പർവ്വതഗുഹകളിലാ ണ് മയിലുകളുടെ വാസം പാട്ടുപാടുന്ന മനുക്ക് വിദ്വാനെന്നും കുവോ

ങ്ങ്പക്ഷിയെ വിളിക്കുന്നു. വിദ്,വിദു,വിദ്വാൻ,വൈദ്യുത് ഇങ്ങനെയാണ് ഇവിടെ ഈ പദങ്ങളും അർത്ഥങ്ങളുമെല്ലാം സംസ്കൃതത്തിലെന്ന പോലെ ഉപയോഗത്തിൽ വന്നിരിക്കുന്നത്. വയാങ്ങിലെ ഗായകപ്രതിഭയായ കുവാങ്ങ് (കുയിൽ) അയാളെപ്പോലെ തെണ്ടിനടക്കുന്നവനും വീടില്ലാത്തവനും കുട്ടികളെ ശ്രദ്ധിക്കാത്തവനുമായ അസന്മാർഗ്ഗിയായും (അചരിത) ഗണിക്കപ്പെടുന്നു. പാട്ടുകാരും,മുഖംമൂടിനൃത്തക്കാരും,നടന്മാരും,വിദൂഷകരും ,നിഴൽനാടക ക്കാരും അവരിലെ വിദുഷന്മാരും വിദുഷികളും വിദു എന്ന പേരിലറിയപ്പെടുന്നു. അതായത്, അവർ ഒരു സംഘമാണ്. വ്യക്തിയല്ല. മന്ത്രപരമായ ശ്ലോകവും(കിധുൻ) രാജവംശാവലിയും പാടുന്നവർക്ക് വിദു എന്ന നാമം പ്രത്യേകം കൊടുത്തിരുന്നു. പഴയ ജാവനീസ് പുസ്തകത്തിൽ വിദു എന്നതിനൊപ്പം മണിധുൻ എന്നുകൂടി കാണാം. ഇവർ മണിധ്വനി പോലെ ശബ്ദമുള്ളവരാണ്. എന്നാൽ മണിലാലദ്രവ്യഹാജി (നികുതിശേഖരിക്കുന്നവർ) ആയി പ്രവർത്തിക്കുന്ന പക്ഷം ഇവരെ പരിശുദ്ധസ്ഥാനത്തേക്ക് കയറ്റാറില്ല. ക്ഷേത്രത്തിൽ ചെയ്യുന്ന തൊഴിലിന് കൂലി വാങ്ങുന്നവരും അശുദ്ധരായി കണക്കാക്കപ്പെട്ടു. വിദുക്കൾ രാജാവിന്റെ ചെലവിലാണ് കഴിഞ്ഞിരുന്നത്. അവരേയും അവയന്മാരേയും (വയാങ്ങ് നടന്മാർ) മെന്മെൻകളേയും(പാട്ടുകാർ) ഇജോഇജോക്കളേയും,(ഹിജോ ഹിജോ എന്ന കളി കളിക്കുന്നവർ) അബചന പാടുന്നവരേയും സമൂഹത്തിന്റെ താണ പടിക്കാരായിട്ടാണ് ഗണിച്ചിരുന്നത്. ശൂദ്ര,ചണ്ഡാല,മ്ലേഛന്മാരുടെ തട്ടിലാണ് സ്ഥാനം. അതേ സമയം വിദു സന്തുക്കളെപ്പോലെ സന്യാസിജീവിതമാണ് നയിച്ചിരുന്നതെന്നതിനാൽ സൻഎന്ന് മുമ്പിൽ ചേർക്കുന്നുമുണ്ട്.

സൻ വിദ്വംഗ വനപ്രവേശന സമുദ്രഗതി മനുത്ഇലംപാ ഇൻകലി (സത്തുക്കളായ വിദ്വാന്മാർ നദികളുടെ ഗതി പിന്തുടർന്ന് സമുദ്രത്തിലും കാടിലും പ്രവേശിക്കുന്നു. വിദ്വംഗന്മാരായ മനുഷ്യരുടെ ഈ സ്വഭാവം കലികാലത്താണ് പറയുന്നത്.(നീതിസാരം) നഗ്നരും തപസ്വികളുമായ വിദ്വാന്മാർ കടലിലും കാട്ടിലും അഭയം പ്രാപിക്കുന്നു,നദികളെപ്പോലെ. നദി സമുദ്രത്തിലേക്ക് ലയിക്കുന്നത് നിർവ്വാണമാണ്. നാശം അവിടെ മോക്ഷമാണ്. വനപ്രവേശ നാശമുദ്രാഗതി എന്നും ഇത് വായിക്കപ്പെടുന്നു. മുഖംമൂടിയും വേഷവും അഴിച്ചുവെച്ച് വാനപ്രസ്ഥത്തിലെ ആശ്രമത്തിൽ മൌനമായി(മുദ്ര മാത്രം കാട്ടി) മുദ്രാഗതിയായി കലികാലത്ത് മുനിമാർ വാഴുന്നു. വിദുവിന് നടവേഷവും മുനിവേഷവും ഇപ്രകാരം കൊടുക്കുന്നു. മുദ്ര യോഗിയും നടനും ഉപയോഗിക്കുന്നതാണ്. ക്ലാസിക്കൽ മലായ്ഭാഷയിലെ ബിദു, ബിദ്വാൻ ഇവയും ചമ്പയിലെ (ചാം)ബുദ്വോനും ഇതേ പോലെയാണ്. ഇന്ത്യ,മലായ്,ചമ്പ,ബാലിരാജ്യങ്ങളിലെ ഈ ഭാഷാതാരതമ്യം സംസ്കൃതിയുടെ സാമ്യം കൂടിയാണ്.കാടും നദീതടവും സമുദ്രതീരവുമാണ് ഈ സംസ്കൃതി വളർന്നുവന്ന സ്ഥലങ്ങളെന്നും സൂചന തരുന്നു. ജാവനീസും സംസ്കൃതവും ഒരേ മൂലമാണെന്നത് ശ്രദ്ധേയമായ കാര്യമാണ്. അലഞ്ഞുതിരിയുന്ന സ്വഭാവം,ഏകാന്തത, ഗാനനൃത്താഭിനയപ്രാവീണ്യം, നർമ്മരസാഭിനയം, ഇവയെല്ലാം പാശുപതശൈവന്മാരുടെയാണ് . ആത്മീയമായി ഉയർന്നവരായിട്ടും സംഗീതനൃത്താദികളിലുള്ള അഭിരുചി കൊണ്ടും പ്രത്യേക സ്വഭാവങ്ങൾ കൊണ്ടും വെറുക്കപ്പെട്ടവരാണ് പാശുപതശൈവർ. കഠിനമായ വ്രതനിഷ്ഠകളാണവർക്ക്. ഇവരുടെ പാരഡികൾ രാജസഭകളിലും മറ്റും ആവർത്തിച്ച് പോപ്പുലറായിരുന്നു. അവരുടെ അമൂല്യങ്ങളായ വ്രതാദിക

ളെക്കുറിച്ചും സ്വഭാവങ്ങളെക്കുറിച്ചും ഇത്തരം കവിതാശകലങ്ങളിൽനിന്നാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. പാശുപതസൂത്രം, അതിന്റെ ഭാഷ്യമായ പഞ്ചാർത്ഥഭാഷ്യം(5ആം നൂറ്റാണ്ട്) ഇവയാണ് നമുക്ക് ഗ്രന്ഥരൂപത്തിൽ ഇവരെക്കുറിച്ച് അറിവുതരുന്ന ഏറ്റവും പഴയ പുസ്തകങ്ങൾ. പാശുപതർ നൃത്തവും നാടകവും ശിവപൂജക്ക് ഉപയോഗിച്ചുവന്നു. (പൂക്കാട്ടിയൂരിലെ ലിഖ്തം നോക്കുക) കൌണ്ഡിന്യന്റെ ഭാഷ്യപ്രകാരം ഈ ഗന്ധർവ്വ ശാസ്ത്രപ്രകാരമുള്ള ആരാധന ഭരത മുനിയുടെ നാട്യശാസ്ത്രധർമ്മപ്രകാരം വേണം അനുഷ്ഠിക്കുന്നത്. (ഡേവിഡ്സൻ 2002. 223)ജനമദ്ധ്യത്തിൽ കൂർക്കം വലിക്കാനും വിറയ്ക്കാനും, നൊണ്ടാനും കുഷ്ഠരോഗിയായി നടിക്കാനും അർത്ഥമില്ലാത്ത വാക്കുകൾ പറയാനും മടിയില്ല പാശുപത യോഗിക്ക്. അതിനാൽ ജനം അദ്ദേഹത്തെ ഭ്രാന്തനെന്നു കരുതുന്നു. അവമാനമുണ്ടാക്കുന്നു.(നാരാണത്തു ഭ്രാന്തൻ ഇങ്ങനെയാണ്) മേലാസകലം ഭസ്മം പൂശി,ഭസ്മത്തിൽ കുളിച്ച് നടക്കണം. നൃത്യം,ഗീതം,അട്ട ഹാസം, ഹുഡ്ഡുക്കാരം(മുഖംകൊണ്ട് വാദ്യം)മുതലായ ഉപാഹാരങ്ങളോടെ ശിവക്ഷേത്രത്തിൽ പൂജ ചെയ്യണം. സർവ്വദർശനസംഗ്രഹം ആറാം അദ്ധ്യായം(സായനമാധവൻ 14ആം നൂറ്റാണ്ട്) ആഹാഹാ എന്ന് കാടൻഹസിതം (ചിരി), ചുണ്ടും കണ്ഠവും തുറന്ന് ചെയ്യൽ,നാട്യശാസ്ത്ര പ്രകാരമുള്ള നൃത്തം, കാളയുടെ ഗംഭീരനാദം പോലുള്ള ഹുഡുക്ക്നാദം നാവ് അണ്ണാക്കിൽ മുട്ടിച്ച് ചെയ്യൽ ,എന്ന് ഇവയെ വിവരിക്കുന്നു. ഹുഡ്ഡുക്ക് എന്നതിനു പകരം ധുംധും എന്നും കാണാം. കാകതീയരാമായണത്തിലെ വിദു എങ്ങനെയാണ്. മനുക്ക് വിദുപ്പക്ഷി വലിയ വിദഗ്ദ്ധനൊന്നുമല്ല, വലിയ ശബ്ദമുണ്ടാക്കി, തവളയെപ്പോലെ, നാടകം കളിക്കുകയാണ്. പ്രകടാ കഥക്ക് എന്നതിലെ കഥക്ക് തവളയാണോ, അതോ കഥക്ക് നൃത്തമാണോ. പാശ്ചാത്യരുടെ തവള എന്ന പരിഭാഷക്ക് ഒരു വിയോജനക്കുറിപ്പ് വേണമെങ്കിൽ കൊടുക്കാം. കാഥക എന്നാൽ കഥപറയലുമാണ്, പഴയ നാടകങ്ങളിൽ കഥ പറയലും ഉണ്ടായിരുന്നല്ലോ. കുശലനും അവധാതനും അവ്യഥിതനുമായ കുശീലവനാണ് വിദു എന്നും പറയാം. ഉപകരണസംഗീതം,അതോടൊപ്പം പാട്ടും,കഥയും നൃത്യവും അവർ ചെയ്തിരുന്നു. വിദ്യാനാമ യാ ഗ്രന്ഥാർത്ഥവർത്തിപദാർത്ഥാനാം അഭിവ്യഞ്ജികാ വിപ്രത്വലക്ഷണം എന്ന് ബ്രാഹ്മണലക്ഷണപ്രകാരം കുശീലവന്മാർ വിപ്രരാണ്. ഏവം ചരതി വിദ്വാൻശോ ജിതക്രോധോ ജിതേന്ദ്രിയഃ എന്ന് പാശുപതസന്യാസിയെ പറയുന്നു. കുശീലവർ ആദ്യമായി കഥ പറഞ്ഞത് കാട്ടിലാണ്, വാത്മീകിയുടെ ആശ്രമത്തിൽ.

13ആം നൂറ്റാണ്ടിലെ കാക്കവിൻ സുമനശാന്തകത്തിൽ (മോനഗുണന്റെ) അജനും ഇന്ദുമതിയും തമ്മിലുള്ള വിവാഹവേളയിൽ, വിദർഭകൊട്ടാര പരിസരത്തിൽ വിദുവിന്റെ നാട്യം പറയുന്നു. അവരുടെ ഇടിനാദം കൊണ്ട് രാജ്യം പിളരുമെന്ന് തോന്നി. പെരുമ്പറകളും ഇലത്താളങ്ങളും മറ്റുവാദ്യങ്ങളും മുഴങ്ങി. ചുറ്റിത്തിരിഞ്ഞും കൂടിച്ചേർന്നും തണ്ടാന്മാർ പരസ്പരം മത്സരിച്ചു. വിദുക്കൾ ഒരുമിച്ച് നൃത്തംവെച്ചു,തങ്കിൽഹിയാന്മാർ കഥ പറഞ്ഞു. കരഞ്ഞും ചിരിച്ചും പറഞ്ഞും പാടിയും സമർത്ഥരായ വിദുക്കൾ മറ്റുള്ളവരേയും അതിനു പ്രചോദിപ്പിച്ചു.ഉദു ഉദു ഉദു ആഹാഹാഹാഹാ എന്ന് ശക്തമായി ശബ്ദമുണ്ടാക്കി. തണ്ടാന്മാർ ആയോധനവിദ്യയിൽ പ്രഗത്ഭരും തങ്കിൽഹിയാന്മാർ മതാധികാരികളുമാണ്. ഉദം എന്ന് മൂന്നുപ്രാവശ്യം പറയുന്നതും ആഹാ എന്ന അട്ടഹാസവും പാശു

പതന്മാരുടെ ഹുഡ്ഡുക്ക്(ധുംധും) അട്ടഹാസവും ഒന്നാണ്. വിദുക്കളാണ് പാശുപതന്മാർ . തണ്ടാന്മാരുടെ പെരുമ്പറ ഇടിനാദം ഉണ്ടാക്കുന്നു. യുദ്ധത്തിൽ മാത്രമല്ല, സംഗീതനാടകരംഗവേദികളിലും ഭടന്മാരുടെ സാന്നിദ്ധ്യം തണ്ടാന്മാരുടെ സാന്നിദ്ധ്യം കൊണ്ട് സിദ്ധമായി. ഇവരുടെ പരസ്പരം മത്സരിച്ച യുദ്ധക്കളി അഥവാ താണ്ഡവയുദ്ധം ഇപ്പോഴും പൂരപ്പറമ്പുകളിൽ അരങ്ങേറാറുണ്ട്. മുഖ്യനെന്നോ മന്ത്രിയെന്നോ ഉള്ള ഒരു മിലിട്ടറി റാങ്ക് ആയിരുന്നിരിക്കാം തണ്ടാനെന്നത്. അതങ്കിൽ (അണങ്കിൽ) ഹിയാനെന്നത് മതപരമായ ,ദൈവീകമായ ഒരു സ്ഥാനമാണ്. തണ്ട് അഥവാ തണ്ഡ് അടിക്കലാണ്. താണ്ഡവനൃത്തം എന്ന വാക്ക് ഇതിൽനിന്നുണ്ടായി. ഭരതന്റെ ഗുരുവായ താണ്ഡു ഇത്തരമൊരു നൃത്തക്കാരനാണ്. സുമനശാന്തകത്തിൽ വിദുസ്ത്രീയേയും ശൈവവനിതയേയും പറയുന്നുണ്ട്. ശൈവസ്തീക്ക് മദ്യപിച്ച് അട്ടഹസിച്ച് നൃത്തം ചെയ്യാൻ ലജ്ജയില്ല. മൃദംഗം,കൈത്താളം, സലൂക്കത്ത് ഇവയോ മറ്റുള്ളവരുടെ സംഗീതമോ അവളെ ഹർഷം അനുഭവിപ്പിക്കുന്നില്ല. അതിനാലവൾ ആദ്യംതന്നെ യ, സ എന്ന് ജപിക്കുന്നു. ശ്രോതാക്കൾക്ക് ഒരു ഓർമ്മപ്പെടുത്തലാണ് അത്. സ തോ തേ പ്രഥമാ എന്നാണവളുടെ പാട്ട്. പിന്നീട് കാണികളെ നോക്കി തയോ എന്നു അട്ടഹസിക്കുന്നു. പിന്നീട് മുന്നോട്ടും പിന്നോട്ടും ചലിച്ച് ഒരു സ്ത്രീനർത്തകി വരുന്നു. കൈകൾവിടർത്തിപ്പിടിച്ച് മയൂരത്തെപ്പോലെ നടനം ചെയ്യുന്നു. ഉച്ചശ്രുതിയിൽ കിഡുങ്ങ് പാടാനാണ് അവളാഗ്രഹിക്കുന്നത്. അവളുടെ സ്വരങ്ങളോടിട കലർന്ന് മധുരമായ സ്വരങ്ങളും(ഗന്ദിൻപാട്ട്) പാടപ്പെടുന്നു.അവൾക്ക് പകരം കൊടുക്കുന്നത് മദ്യമാണ്.പിന്നീട് കാല് നിലത്ത് അടിച്ച് ശബ്ദമുണ്ടാക്കി അവൾ അട്ടഹസിക്കുന്നു. വിരൽചൂണ്ടി അട്ടഹസിച്ച്, ആകാശത്തെ വന്ദിച്ച് അവൾ തന്റെ നൃത്തം അവസാനിപ്പിക്കുന്നു. ശിവസ്ത്രീയും അവളുടെ ദൂതി കാപാലിക(പാശുപത)യുമാവണം ഇവരെന്നു കരുതുന്നു.ശിവസ്ത്രീ ഉച്ചരിക്കുന്നത് സംസ്കൃതമാണ്.
കർമ്മ കർത്താ തയോർയോഗം യോ വേത്തി സ വിചക്ഷണ.
യത് കൃതം കർമ്മ തത് പ്രോക്തം സ കർത്താ യ കരോതി വാ. തൃതീയാ പ്രഥമാ ഷഷ്ഠി തിസ്ര കർതൃത്വജാതയ

കർത്താവ്,കർമ്മം ഇവയുടെ യോഗം അറിയുന്നവനാണ് വിചക്ഷണൻ.
കൃതമായത് കർമ്മം . ആര് ചെയ്യുന്നുവോ അവനാണ് കർത്താവ്.
പ്രഥമ,തൃതീയ,ഷഷ്ഠി ഇവ മൂന്നും കർതൃത്വത്തിൽനിന്ന് ജനിക്കുന്നു.
ആളുകളെ ചിരിപ്പിച്ചും ഭ്രാന്ത് അഭിനയിച്ചും വ്യാകരണത്തിലും ജീവിതത്തിലുമുള്ള സത്യതത്വം ആണ് ശരിക്ക് പറയുന്നത്. പ്രാംബണൻ, ബോറോബന്ദർ മുതലായ ക്ഷേത്രങ്ങളിൽ ബ്രഹ്മനെ വിദുവാക്കി നൃത്തം ചെയ്യിക്കുന്ന ശിൽപങ്ങളുണ്ട്. കയ്യിൽ ചെറിയ മണികൾ കെട്ടിയ ബ്രഹ്മനും സ്ത്രീകളും കാണാം.മീശയും താടിയുമുള്ള മുനിവേഷമുള്ള ബ്രഹ്മാവിനെ സ്ത്രീകളോടൊപ്പം നൃത്തരംഗത്ത് അവതരിപ്പിക്കുന്നു. നട്ടുവനെപ്പോലെ കൈ അടിച്ചുതാളംപിടിച്ചും പാടിയും പറഞ്ഞും നൃത്തക്കാരികളെ പ്രചോദിപ്പിക്കുന്നു.

വാളും പരിചയും ധരിച്ച് യുദ്ധനൃത്തം ചെയ്യുന്ന സ്ത്രീരൂപം. അടുത്ത് വില്ലും മണിയും ധരിച്ച സ്ത്രീ. പിന്നിൽ കൽപവൃക്ഷം. മീശയുള്ള ഒരാൾ എന്തോ വായിക്കുന്നു. മറ്റൊരാൾ രണ്ടു പെരുമ്പറകൾ അടിക്കുന്നു. പിന്നിലെ നാലു സ്ത്രീകൾ ഉപകരണസംഗീതം പ്രയോഗിക്കയാവാം. (ഡമരു)

താഴെ ഏറ്റവും അറ്റത്ത് ഡമരു പിടിച്ച ഒരു പാട്ടുകാരിയുണ്ട്. ബുദ്ധിസ്റ്റ് ഇക്കണോഗ്രാഫിയിലെ ദാകിനിമാരുടെ താന്ത്രികനൃത്തം പോലാണ് ഇത് തോന്നുക. തിബത്തിൽ ഇത്തരം നൃത്തം ഇപ്പോഴുമുണ്ട്. പാമ്പാട്ടികളാണ് ഡമരു എപ്പോഴും ഉപയോഗിക്കുന്നത്. പാശുപതശൈവരുടെ നൃത്തമാണ് ഇതെന്ന് കരുതുന്നതിലും തെറ്റില്ല.പാശുപതന്മാരുടെ ആദ്യം പറഞ്ഞ സ്വഭാവങ്ങളെല്ലാം ലകുലന്മാരും കാപാലികരും അനുകരിച്ചിട്ടുണ്ട്. ലകുലസമ്പ്രദായം പാശുപതത്തിന്റെ ശാഖയാണ്. കാരുകസിദ്ധാന്തികന്മാർ, കാഥകസിദ്ധാന്തികൾ,കാരുകന്മാർ എന്ന് ലകുലന്മാരെ പറഞ്ഞിരുന്നു. കാരുകനെന്നതിന് ശിൽപി എന്നും സ്തുതിപാഠകനെന്നും അർത്ഥമുണ്ട്. ആശാരിവർഗ്ഗമായ ഇവർ (കാരൂഷകർ) നാഗങ്ങളും ശൈവമതാനുയായികളും ആണ്. ശൈവ അതിമാർഗ്ഗത്തിലെ നൃത്ത,ശിൽപ്പിവർഗ്ഗമാണ് ഇവർ. വിദുക്കൾ ഇവരുടെ വർഗ്ഗമാണ്. അതി മാർഗ്ഗചാരിയായ കുവോൻ(വിദു) ഭൂമിക്കടിയിലെ ഗുഹകളിലാണ് വാസം. (പഴമ).

ബാലിരാമായണം

പനയോലകളിലും കല്ലിലും കൊത്തിവെക്കപ്പെട്ട രാമായണം മുതൽ ജാവയിൽ നിരന്തരം രാജാക്കന്മാരേയും കലാകാരന്മാരെയും ശിൽപ്പികളേയും പ്രചോദിപ്പിച്ചിട്ടുള്ള മറ്റൊരു കൃതിയില്ല. ബാലിയിൽ ആദിമ ജാവാരാമായണത്തെ ആദികാക്കവിൻ എന്ന് വിളിക്കുന്നു. സംസ്കാരത്തിലും മതത്തിലും സാഹിത്യത്തിലും നൃത്യനാടകരംഗത്തും ഇത് 1000 വര്ഷത്തിലധികം ഈ ഭൂഭാഗത്തെ പ്രചോദിപ്പിച്ചു. അത് ഉണ്ടാക്കിയ സൃഷ്ടിപരത വളരെ ശക്തമായതിനാൽ മറ്റെല്ലാ ദേശത്തുമെന്നപോലെ പലതരം രാമായണങ്ങൾ ബാലിയിലുമുണ്ടായി.ഇവയിൽ പലതും 18ആം നൂറ്റാണ്ടിലാണ് സൃഷ്ടിക്കപ്പെട്ടത്. പഴയജാവാ കാക്കവിൻ രാമായണം 8-9 നൂറ്റാണ്ടുകളിലും. ചിലത് 16ആം നൂറ്റാണ്ടിലും. 2003ൽ ധർമ്മകുസുമ അവാർഡ് ലഭിച്ച ഐവയൻ പാമിറ്റ് എന്ന സ്കൂൾടീച്ചറുടെ 4 കാക്കവിൻരചനകളാണ് ഏറ്റവും പുതിയത്. കാക്കവിൻ രാവണ, നീലചന്ദ്ര,ചന്ദ്രഭുവന,ചന്ദ്രഭൈരവ. 2006ൽ വിദ്യാപാടക അവാർഡും അദ്ദേഹത്തിന് കൊടുത്തു. രാവണന്റെ ജനനം മുതൽ മരണം വരെ യുള്ള കഥയാണ് കാക്കവിൻരാവണ. 15ആം നൂറ്റാണ്ടിലെ അവസാനകാക്കവിൻസൃഷ്ടിയായ ശിവരാത്രികൽപ്പം വരെ ജാവയും തെക്കേ ഇന്ത്യയും തമ്മിൽ സ്ഥിരമായി പരസ്പരബന്ധം പുലർത്തിയിരുന്നു. സംസ്കൃതഭാഷയുമായി ചിരകാലബന്ധം ഉണ്ടായിരുന്നു. ബാലിയിലെ കാക്കവിൻ സമ്പ്രദായം പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് തുടങ്ങുന്നത്. പതിനഞ്ചാം നൂറ്റാണ്ടിൽ ജാവയിൽനിന്ന് ഹിന്ദു, ബുദ്ധമതസന്യാസിമാർ ബാലിയിലേക്ക് ഓടിപ്പോയി. അവർ കാക്കവിൻകൃതികളും സമ്പ്രദായങ്ങളും സംരക്ഷിച്ചു. തുടർച്ചയോ,പുനരുദ്ധാരണമോ എന്നറിയാനാവാത്തവിധം ബാലിയിലും ഈ സമ്പ്രദായം വളർന്നു . അജനും പരശുരാമനും സഹസ്രബാഹു അർജ്ജുനനും രാവണനും ബാലിയിലെ കവികൾക്ക് പുതിയതരം കഥകളുടെ പ്രചോദനമായി ഭവിച്ചു. കിഴക്കൻജാവയിലും സ്മരദഹനത്തിലെ കാമനും,ഹരിവംശത്തിലെയും കൃഷ്ണായനത്തിലെയും കൃഷ്ണനും ഘടോത്കചാശ്രയത്തിലെ ഘടോത്കചനും,ഭൌമാന്തകത്തിലെ ഭൌമനും ഇപ്രകാരം പുനർസൃഷ്ടിക്കപ്പെട്ടതോ പുനർനവീകരിക്കപ്പെട്ടതോ ആയ നായകന്മാരാണ്. ബാലിയിലും ജാവയിലും ശക്തമായ നായകരൂപ

മാണ് സഹസ്രബാഹു കാർത്തവീര്യാർജ്ജുനന്. അതുപോലെ ശക്തമാണ് ബാലിയിലെ പരശുരാമകഥയും. വിവേകിയായ ഗുരുരൂപമാണ് ബാലിനി യമത്തിൽ അദ്ദേഹത്തിന്. കാർത്തവീര്യപത്നി ചിത്രാവതി കൃഷ് കൊണ്ട് സ്വയം കുത്തി ആത്മഹത്യ ചെയ്ത് യുദ്ധക്കളത്തിൽ വെച്ച് മരണം വരി ക്കുന്നതായി ജാവയിലെ കഥ.

സുമന്ത്രി(മാഹിസ്പതി) എന്ന ഒരു കൃതിയും കാർത്തവീര്യനെക്കുറിച്ചു ണ്ട്. അമലാനഗരസീമയിലെ രാജാവിന്റെ നിർദ്ദേശപ്രകാരമാണ് ഈ കൃതി രചിച്ചത്. അമലാനഗരം (ആമലകീനഗരം)ലാവാനാഡിയാണെന്ന് മറ്റൊരു ഗ്രന്ഥത്തിലുണ്ട്. ഇത് തിരുനെല്ലിയോ കിഴക്കൻജാവയോ.കവി തന്നെയാ ണോ അമലാപുരിയുടെ സീമ വാഴുന്നത്. സുമന്ത്രി സുമാത്രയാണോ. ഭാർഗ്ഗവവംശത്തിലെ സുമന്ത്രിയുടേയും സഹോദരനായ ശുകശാരണന്റേ യും കഥ കാക്കവിൻ പറയുന്നതുകൊണ്ട് ഇത് പടിഞ്ഞാറൻ തീരത്തെ മാഹിഷ്മതിസമീപമാണോ. കാക്കവിനിൽ അർജ്ജുനസഹോദരനായ സുമന്ത്രിയാണ് അർജ്ജുനന്റെയും പതി. മഗധയിലേയും വിദർഭയിലേയും രാജാക്കന്മാർ അദ്ദേഹത്തിന്റെ സാമന്തന്മാരാണ്.

ചണ്ഡിപ്രാംബണനിലും ചണ്ഡിപണതരനിലും രാമായണം

അംഗോറിലെ താ കിയോവിന്റെ പഴയ പേര് ഹേമശൃംഗഗിരി. തെക്കൻ കാംബോഡിയയിലെ ഫ്ണോം ബയാങിന്റെ പേര് ശിവപുരം. അക്കാല ത്തെ ലിഖിതങ്ങളിലെല്ലാം തെക്കേ ഇന്ത്യയിലെ മാമല്ലപുരം അതേ പേരി ൽത്തന്നെ അറിഞ്ഞിരുന്നു. പ്രാംബൺ പഴയ പേർ ലങ്കാപുരമായിരുന്നു വോ

കുംഭയോനി കോർപ്പസ് ലിഖിതങ്ങൾ:-9ആം നൂറ്റാണ്ടിലെ ലിഖിതങ്ങളാ ണ്. കലശജ,കുംഭജ,ഘടോത്കച, സംസ്കൃതനാമം ,അഗസ്ത്യപര്യായം.

ലിംഗലിഖിതങ്ങളെന്നും വിളിക്കുന്നു.കീർത്തവാസലിംഗം, ത്രയംബകലിം ഗം, ഹരലിംഗം,ശംബുലിംഗം,പിനാകിലിംഗം, ആറാമത്തെ നാമം നഷ്ടമായിരി ക്കുന്നു. രണ്ടെണ്ണം ശകം 778ലാണ്. (856,857)

പെറെങ്ങ് ലിഖിതം

തുംഗം ദവേത് ലങ്കാശിരേ വുലകന്നി വലവലൈം
ലോ ദ്വാം വൻവനിരാം ധീമാൻ കുംഭയോനീ നരന്നിരാ

ഹിമാംശുഭൂഷൺ സർക്കാരിന്റെ പരിഭാഷ:-വിവേകിയായ കുംഭയോനിയു ടെ ദേശങ്ങളാണ്, തുംഗ, ദവേത്,ലങ്ക, ശ്രീ, വലയിലെ വെള്ളച്ചാട്ടം, വലൈങ്ങ്, ലോദ്വാങ്ങ്.

ഇതിലെ 6ആം വരി: മഹേന്ദ്രസത്കാരുണ്യതുംഗം ദവാഖ്യാം പുരം
പൂർവ്വം ലങ്കാപുരം സ പാതി മതിമാൻ താംവോല.......
തത്ഥാതൻ നിർജ്ജരാഖ്യാം ശുഭം നാകം വൃത്രാരിപുര്യഥാ കലശജോ വാലൈംഗസംജ്ഞാ (ശ്ച യ)

മഹേന്ദ്രഗിരിയിലെ തുംഗമായ ദവാഖ്യപുരം, പിന്നെ കിഴക്ക് ലങ്കാപുരം, നിർജ്ജരപുരം, അവസാനം വാലൈങ്ങ്.

രാത്തു ബക്ക ലിഖിതം

മുസലാവ്യരാഷ്ട്രം എന്ന് രാത്തുബക്കലിഖിതത്തിലുണ്ട്.കുംഭയോനിയുടെ മുത്തശ്ശന്റെ മുത്തശ്ശനാണ് സമ്രാട്ട് ഹലു അഥവാ ഹലനെന്ന് പെരെഞ്ഞ് ലിഖിതം. നിർജ്ജരവും വുലാകാനും വെള്ളച്ചാട്ടമാണ്. ശതവാഹനഹല വംശത്തിലാണ് കുംഭയോനി വരുന്നത്.ശെരേ (ശ്രീ) താംബൂലം അഥവാ വെറ്റിലയാണ്. ലങ്കാശെരേ എന്നത് താംവോല(താംബൂല) എന്നായി രണ്ടാം ലിഖിതത്തിൽ കാണുന്നു. കുംഭയോനിയുടെ മറ്റൊരു പേരാണ് വലയിൻ (വലയിൻനാമ്നാ) അഥവാ വല്ലഭൻ. (കലശോദ്ഭവസംജ്ഞകാ എന്ന് രാത്തുബാക്കലിഖിതം) ശിവഗൃഹം ആദ്യം നിർമ്മിച്ചത്- വിഹിതേ കലശജനാമ്നാ ഭദ്രലോകാഹ്വയേ വിവുധഗേഹേ എന്നതനുസരിച്ച് പ്രാംബണൻആദ്യനാമം ഭദ്രലോകമെന്നാണ്. മാത്രമല്ല, കിഴക്കേ ലങ്ക എന്നു പറഞ്ഞിരിക്കയാൽ പടിഞ്ഞാറെ ലങ്കയായി ശ്രീലങ്കയെത്തന്നെയാണ് ലിഖിതം അംഗീകരിക്കുന്നത്.

കല്ലിൽ കൊത്തിയ രാമായണകഥ

ചണ്ഡിബ്രഹ്മാ,വിഷ്ണുക്ഷേത്രങ്ങളിലെ റിലീഫ് പാനലുകൾ-

1. താടക,വിരാധകഥ
2. സീത ജടായുവിന് മോതിരം കൊടുക്കുന്നത്
3. ജടായു അത് രാമനു കൊടുക്കുന്നത്
4. പറക്കുന്ന രാക്ഷസൻ രാവണനേയും സീതയേയും ലങ്കയിലെത്തിക്കുന്നത്
5. കബന്ധന്റെ രണ്ടാം തല
6. ശബരി,കാലനേമി കഥ
7. രാമനും ഹനുമാനും സംഗമം
8. സുഗ്രീവസംഗമം
9. സുഗ്രീവന്റെ പർണ്ണമാല കൊണ്ട് തിരിച്ചറിയുന്നത്
10. സമുദ്രത്തിലേക്ക് അസ്ത്രം തൊടുക്കുന്നത്
11. സേതു പണിയാനിട്ട കല്ലുകളെല്ലാം മത്സ്യം വിഴുങ്ങുന്നത്
12. ഭരതന്റെ അഭിഷേകം
13. ദശരഥന്റെ പുത്രിയുടെ പ്രവേശം

പലതും നഷ്ടമായിരിക്കാം.

ചണ്ഡിബ്രഹ്മയിൽ 30 ഉത്തരഖണ്ഡറിലീഫ് ഉണ്ട്.അവയുടെ സ്ഥാനം

കഥയിൽ മാറ്റം വരുത്തിയാലും ആദ്യം വാത്മീകിയെ വണങ്ങാൻ കവികളാരും മടിച്ചിട്ടില്ല.

ബിസി 5ആം നൂറ്റാണ്ടുമുതൽ ഇന്നുവരെ ഇന്ത്യയിലും തെക്കുകിഴക്കൻ ഏഷ്യയിലും ജനത ഉത്തമഭരണാധികാരിയായും മര്യാദാപുരുഷോത്തമ നായും മാതൃകാപുരുഷനായി സ്വീകരിച്ചിട്ടുള്ളത് വാത്മീകിയുടെ രാമ നെയാണ്.ഇത്രയും പോപ്പുലാരിറ്റി ഉള്ള മറ്റൊരു പുരുഷനുമുണ്ടായിട്ടില്ല. പലരും ഈശ്വരനായും,ചരിത്രപുരുഷനായും അദ്ദേഹത്തെ വീക്ഷിക്കുന്നു. 18ആം നൂറ്റാണ്ടിലെ സിക്ക് ഗുരു തന്റെ സൈനികനീക്കങ്ങൾക്ക് രാമന്റെ യുദ്ധമുറയാണ് മാതൃകയാക്കിയത്. ബുദ്ധമതം പ്രചരിച്ച കാലത്തും, ഇസ്ലാമികകാലത്തും തെക്കുകിഴക്കൻ ഏഷ്യയിൽ രാമകഥക്ക് വളരെ മാറ്റങ്ങളുണ്ടാക്കിയാണ് പ്രചരിപ്പിച്ചത്.

മിയാൻമാറിലെ രാമവാത്തു.

10ആം നൂറ്റാണ്ടുമുതൽ ജാവയിലും 11ആം നൂറ്റാണ്ടുമുതൽ മിയാൻമാ റിലും രാമകഥ പ്രചാരത്തിലുണ്ട്. എന്നാൽ,മിയാൻമാറിലെ ബുദ്ധമ തക്കാരുടെ രാമായണമായ രാമവാത്തു 18ആം നൂറ്റാണ്ടിലേ രചിക്ക പ്പെട്ടിട്ടുള്ളു. ഇതിൽ രാമൻ ബോധിസത്വനാണ്. ബോധിസത്വനും വിഷ്ണു വിനും അവതാരകഥകളുള്ളതുകൊണ്ട് ഈ മാറ്റം വരുത്താൻ എളുപ്പ മായിരുന്നു. യൂ ഓങ് ഫിയോവിന്റെ രാമത്യാഗിയിൻ,യു തോയുടെ രാമ യഗൻ,സയാ ഹിത്യൂണിന്റെ രാമത്യാഗിൻ ഇവയും മിയാൻമാറിൽ രാമനെ ബോധിസത്വനാക്കി രചിക്കപ്പെട്ടവയാണ്. ലങ്കയിലും ജാതകകഥകൾക്ക് സമാന്തരമായി ദശരഥജാതകം,രാമജാതകം മുതലായവ രചിക്കപ്പെട്ടിരുന്നു. തായ് രാമകീൻ,ഖമർ രാമകീർത്തി,ലാവോ രാമായണം ഇവയിൽ രാമൻ വിഷ്ണുവിന്റെ അവതാരമാണ്.

രാമവാത്തുവിൽ സീതയെ അഗ്നിശുദ്ധയാക്കുന്നുണ്ട്. പക്ഷേ കഥയിൽ ദേവന്മാർക്ക് യാതൊരു പങ്കുമില്ല. പിൽക്കാലത്തു രചിച്ച രാമത്യാഗിൻ രാവണവധത്തോടെ അവസാനിക്കുന്നു,അഗ്നിപ്രവേശമോ ശുദ്ധീകരണമോ ഇല്ല.ചില മ്യാൻമാർ രാമായണങ്ങൾസീതാപരിത്യാഗം ഉപേക്ഷിക്കുന്നു. രാമനും സീതയും വളരെക്കാലം അയോദ്ധ്യയിൽ ജീവിച്ച് വാർദ്ധക്യത്തിൽ മരിക്കുകയാണ്. സംസ്കൃതരാമായണത്തിൽ ക്ഷത്രിയ(ഭരണാധികാരി) ധർമ്മത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്നുണ്ട്. രാമവാത്തുവിൽ ധർമ്മത്തിനു പ്രാധാന്യമുണ്ട്.ക്ഷത്രിയധർമ്മത്തിന് ഇല്ല. 10ആം നൂറ്റാണ്ടിലെ കാക്കവിൻ രാമായണം ,6-7 നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട ഭട്ടിയുടെ രാവ ണവധത്തെ ആധാരമാക്കിയാണ്. ഭട്ടിയുടെ വിഭീഷണനെ രാവണൻ ചവിട്ടി പ്പുറത്താക്കുന്ന സമയത്ത് അദ്ദേഹം ക്ഷമയോടെ പുറത്തുപോകുന്നു. ജാവ യിലെ വിഭീഷണൻ തലയിൽ ചവിട്ടിയ സഹോദരനോട് ബുദ്ധമതധർമ്മം ദീർഘമായി വിവരിച്ചിട്ടാണ് പോകുന്നത്. വളരെ കാലം കഴിഞ്ഞ് രചിച്ച മാധവ് കാണ്ഡലിയുടെ ആസാമീസ് രാമായണത്തിലെ വിഭീഷണൻ ക്ഷമാവാനും ധർമ്മിഷ്ഠനുമാണ്. പക്ഷേ,രാമവാത്തുവിലെ വിഭീഷണൻ കോപിച്ച് വാക്കുകളുച്ചരിച്ചാണ് രാവണനെ വിട്ട് പോകുന്നത്. രാമവാ

ത്തുവിൽ ശൂർപ്പണഖ ലൈംഗികാസക്തിയുള്ളവളല്ല, അവളെ രാമലക്ഷ്മണന്മാർ വികൃതയാക്കുന്നില്ല.രാവണന്റെ സഭയിലെ നിരവധി സ്ത്രീകളെ വെപ്പാട്ടിമാരായല്ല, പത്നിമാരായാണ് ചിത്രീകരിക്കുന്നത്, ഹനുമാനെ ശിക്ഷിച്ചത് അദ്ദേഹം കൊള്ളക്കാരനാണെന്ന് തീരുമാനിച്ചാണ്,ദൂതനെന്നു തിരിച്ചറിഞ്ഞല്ല. സുഗ്രീവൻ ബാലിയോട് സൈന്യമില്ലാതെ പൊരുതിയത്, നിരപരാധികളായ ജീവന്മാരെ വെറുതെ കൊന്നൊടുക്കേണ്ട എന്നു കരുതിയാണ്. രാമായണത്തിലെ അശ്വമേധം മുതലായ യജ്ഞങ്ങളൊന്നും ബുദ്ധിസ്റ്റ് രാമായണങ്ങൾ പറയുന്നില്ല. രാമവാത്തുവിൽ സന്യാസി കൊടുത്ത പഴം തിന്നിട്ടാണ് രാജ്ഞിമാർ ഗർഭം ധരിക്കുന്നത്. വിശ്വാമിത്രന്റെ യാഗമോ യാഗരക്ഷക്ക് രാക്ഷസാദികളുടെ വധമോ ബുദ്ധിസ്റ്റ് രാമായണത്തിലില്ല. വിശ്വാമിത്രന്റെ ധ്യാനഭംഗം വരുത്തുന്ന കാക്കയെ കൊല്ലാതെ ഓടിക്കാനാണ് മുനി ആവശ്യപ്പെടുന്നത്.രാമവാത്തുവിൽ രാമൻ അസ്ത്രം പ്രയോഗിച്ച് കാക്കയുടെ ഒരു കണ്ണ് കളഞ്ഞു. ലാവോസ് രാമായണത്തിൽ കണ്ണുകളയുന്നില്ല, കാക്കയെ ഓടിക്കുക മാത്രം ചെയ്യുന്നു. പേടിപ്പിക്കാൻ വില്ലിന്റെ ഞാൺ ധ്വനിയാണ് ഉപയോഗിച്ചത്.ദശരഥന്റെ അനപത്യത ശാപംകൊണ്ടല്ല, വിധിയാണ്. പ്രവചനമാണ്. യുണ്ണാനിലെ ലങ്കാ ക്ഷിഹേയിൽ ദശരഥൻ മുനികുമാരനെ ചികിത്സിച്ച് സുഖമാക്കുന്നു. ആ മുനികുമാരനാണ് പുത്രന്മാരുണ്ടാവാനുള്ള മാർഗ്ഗം ദശരഥനു പറഞ്ഞുകൊടുക്കുന്നത്. രാമൻ മാത്രമല്ല, രാവണനും മുനിയുടെ അനുഗ്രഹം കൊണ്ടാണ് ജനിക്കുന്നത്. വിശുദ്ധയായ രാക്ഷസകന്യക മുനിക്ക് മാങ്ങ നിവേദിച്ചു. മുനി അവളുടെ വയറിൽ ഉഴിഞ്ഞ് പ്രഗൽഭനായ പുത്രനുണ്ടാവുമെന്ന് അനുഗ്രഹിച്ചു. അവസാനകാലത്ത് രാമൻ ബോധിസത്വനാണെന്നു മനസ്സിലാക്കി രാവണൻ മാപ്പു ചോദിക്കുന്നുമുണ്ട്.

മലായിലെ ഹിക്കായത്ത് സെറി രാമ, ഫിലിപ്പൈൻസിലെ മഹാരഥിയ ലവണഃ
ഇവ ഇസ്ലാമിക്ക സമ്പ്രദായത്തിലുള്ള രാമായണങ്ങളാണ്.ഇതിൽ രണ്ടിലും നായകനെ ദൈവമായി കാണുന്നില്ല. ദേവന്മാർക്ക് നബിആദം, അള്ളാ, ഗബ്രിയേൽ എന്നെല്ലാം പേരിടുന്നു. ദശരഥന്റെ യാഗം ഉണ്ട്. രാവണന്റെ ജനനശേഷം അദ്ദേഹം മാതാപിതാക്കൾക്ക് അയച്ചുകൊടുത്ത പൂക്കളിൽനിന്നാണ് കുംഭകർണ്ണാദികളായ സഹോദരങ്ങളുടെ ജനനം. ഏറ്റവും പഴയ ബുദ്ധിസ്റ്റ് രാമായണത്തിൽ(പാലി ദശരഥജാതകം.ശ്രീലങ്ക) സീത രാമന്റെ സഹോദരിയും ഭാര്യയുമാണ്. തിബത്തിലേയും മംഗോളിയയിലേയും മഹായാനസമ്പ്രദായത്തിൽ സീത രാവണന്റെ മകളാണ്. ഹിക്കായത്ത് സെറി രാമയിലെ ബന്ധം വളരെ സങ്കീർണ്ണമാണ്.ദശരഥന് മണ്ഡോദരിയിലുണ്ടായ മകനാണ് രാമൻ. മണ്ഡോദരിയുടെ ഇരട്ടയിലുണ്ടായ മകളാണ് സീത. അങ്ങനെ സീത രാമന്റെ സഹോദരിയാണ്. രാവണൻറെ മകളാണെന്നുകരുതി അവളെ പ്രവചനം ഭയന്ന് രാവണൻ കടലിലൊഴുക്കി,ജനകന് കിട്ടി. ഹനുമാൻ രാമന്റെ മകനാണ്, സ്വപ്നത്തിലാണ് ഹനുമാനെ ജനിപ്പിച്ചത്,സ്ത്രീസംഗം കൂടാതെ.

തായ് രാമകീൻ

ഇത് ഹിന്ദു,ബുദ്ധമതഗ്രന്ഥമല്ല.ബാങ്കോക്കിലെ ബുദ്ധമതക്ഷേത്രച്ചുമരുകളിൽ രാമകഥ കൊത്തിവെച്ചിട്ടുണ്ട്. കാംബോഡിയയിലെ പെയിന്റിങ്ങുകളിലും രാമകഥ സജീവമാണ്. രാമൻ ബോധിസത്വനല്ല, വിഷ്ണുവാണ്, തന്റെ

നിജസ്വരൂപത്തെ സദാ ബോധമുള്ളവനുമാണ്. വാത്മീകിരാമായണത്തിൽ ശിവന്റെ പ്രാധാന്യം വളരെ കുറവാണ്. രാമകീനിൽ വിഷ്ണു തന്റെ അവതാരധർമ്മം ഭൂമിയിൽ ചെയ്യുമ്പോൾ ശിവനാണ് സ്വർഗ്ഗത്തിൽ കാര്യങ്ങൾ നടത്തുന്നത്. പണ്ട് രാവണൻ കൈലാസത്തെ ചെരിവു തീർത്തതിന് കൂലിയായി ശിവനിൽനിന്ന് ഉമയെ എടുത്തപ്പോൾ വിഷ്ണുവാണ് ഉമയെ വീണ്ടെടുത്ത് ശിവനോട് യോജിപ്പിച്ചത്. ഇപ്പോൾ സീതാരാമന്മാരെ (ലക്ഷ്മി, വിഷ്ണു) യോജിപ്പിക്കേണ്ട ചുമതല ശിവനാണ്. ദശരഥന്റെ യജ്ഞത്തിൽനിന്ന് അരി കട്ട കാക്ക അത് മണ്ഡോദരിക്ക് കൊടുത്തു. അങ്ങനെ ജനിച്ചതിനാലാണ് സീത രാമന്റെ സഹോദരിയും ദശരഥ, രാവണ, മണ്ഡോദരിമാരുടെ പുത്രിയുമായത്. 1797ലാണ് രാംകീൻ എഴുതിത്തീർന്നത്. തോൺപുരിയിലെ തക്ഷിൺ(ദക്ഷിൺ) രാജാവിന്റെ കാലത്ത് ആരംഭിച്ചു. പിന്നീടു വന്ന ഫുത്ഹയോത്ഫ ചുലാലോക് രാജാവ് രാമൻ ഒന്നാമനെന്ന് പേരു സ്വീകരിച്ചു.(1737-1809)എന്നാൽ തായ്ലന്റിൽ രാമായണം നൂറ്റാണ്ടുകൾക്കു മുമ്പേ പ്രചാരത്തിലുണ്ടായിരുന്നു. പഴയ തലസ്ഥാനമായ അയുത്തയ (അയോദ്ധ്യ) 1767ലാണ് ബർമ്മസൈന്യം നശിപ്പിച്ചത്. പുതിയ രാജാക്കന്മാർക്ക് തങ്ങളുടെ പഴയ വംശത്തിന്റെ പ്രസിദ്ധി തെളിയിക്കേണ്ടതായി വന്നു. യജ്ഞങ്ങളുണ്ട്,അവയുടെ വിവരണം സംക്ഷിപ്തമാക്കിയിട്ടുണ്ട്. രാവണന്റെ ഭാര്യഉൽപ്പെടെ 6 സ്ത്രീകളോട് ഹനുമാൻ വിവാഹാഭ്യർത്ഥന നടത്തുന്നുണ്ട്.ഹനുമാന് മകനുണ്ടാവുന്നത് സുവർണ്ണമത്സ്യകന്യകയിലാണ്. ((പ്രകാശരാമന്റെ കാശ്മീരികഥയിലും ലാവോസ് രാമായണത്തിലും പറയുന്നപോലെ വിയർപ്പുതുള്ളി വീണിട്ടല്ല)രാജഭക്തിയും വിശ്വാസവുമാണ് ഇതിലെ പ്രധാനതത്വം. അതിനാൽ രാവണവധശേഷവും നിരവധി വിശ്വസ്തരായ രാജാക്കന്മാർ രാമനോട് യുദ്ധത്തിനു വരുന്നു. അവരെയെല്ലാം കീർത്തിക്കുന്ന രാംകീൻ വിശ്വാസവഞ്ചന കാട്ടിയ വിഭീഷണന് പ്രാധാന്യം കുറച്ച് കാണിക്കുന്നു.

ഇന്ത്യ, വാത്മീകി	മറ്റു രാജ്യങ്ങൾ
1. രാമൻ	ഫ്രലം,ലമ്മ,ലങ്മ,മങ്കന്ദിരി
2. സീത	സിദ,സിന്ദ,ക്ഷില,മലനോതിഹായ, മലൈല ഗണ്ഡിങ്ങ്
3. ജനകൻ	കണ്ണക,ചനോക്ക്,മഹാറിഷി കലി, കസ്സപറിഷി
4. ലവ,കുശ	കുശി,തിലവി,തബലവി,കുശ,ലോണ,സെങ്കവത്ത്,ലോമ,മൊങ്കുകുട്, ലോപ്. പുത്,രുപ്, ബൌത്,ഹൌപ്
5. ദശരഥൻ	ദശരത്ത,തട്ടരത്ത,തടലത,തൊട്സരോത്ത്
6. വിഷ്ണു	മഹാബിസ്നു,നാരായിൻ
7. ശിവൻ	ബേടരഗുരു, ഈശ്വരൻ,ഈസ്വൻ
8. കൈലാസം	ക്രൈലത്ത്
9. വിശ്വാമിത്രൻ	ബിസ്വമിത്ര്,സ്വമിത്, കോതംബ, ബൊഡാവു
10. സുഗ്രീവൻ	സുഗ്രിത്,സുക്രീപ്,പയ വൈയവോങ്സ, തുഗീക്ക്,കലിങ് ഫലിച്ചാങ്

11. ബാലി ബാലി,ബലിയ,പാലി,ഗലിൻ, കക്കാട്ട്,തിരാട്ട്, സംഗിപ്പ്, പരിമോക്ക്
12. ഹനുമാൻ അനുമോൻ,അനുചിത്,ഹൌലമൻ,ഹോവാലഹ്മാൻ,ലക്ഷമണ
13. രാവണ ലവണ,രബ്,രബ്ണാശ്വൻ,ദാസഗിരി,തോത്സാകൻ, ഫോമ്മാചക്ക്, പെങ്മാജിയ
14. മണ്ഡോദരി മണ്ഡുടക്കി,മന്തലി,മോണ്ടോ. ചന്ത.സൌദ്ത്തോ
15. വിഭീഷണ. ബിബിസന,ബിബൂസനം,ബിബേക്ക്, പിപേക്, ഫിക്ക്ഫി, പിയാഷ,തോത്സ കിരി വോങ്ങ്
16. ശൂർപ്പനഖ സമനഖ,ശൂരപണ്ഡികി,ദലിഹത,ത്രിഗത,തരിക്കട,ഗംഭി
17. ഇന്ദ്രജിത്ത് ഇന്ദേരജാത,ഇന്ദ്രചിത്ത,ഇന്തോരചിത്ത്,യിന്തസ്കിട,

രോണപക്ക്

18. ലങ്ക തെയിങ്കോ

9 ആം നൂറ്റാണ്ടിലെ ജാവയിലെ നൃത്തം

യോഗകർത്തായിൽനിന്ന് 15 കിമീ അകലെയുള്ള ഗ്രാമമാണ് പ്രാംബൺ. വൃത്താകൃതിയിലുള്ള മുറ്റങ്ങൾക്ക് ചുറ്റുമായി 200 ക്ഷേത്രങ്ങളുടെ സമുച്ചയം.ഹിന്ദു,ബുദ്ധിസ്റ്റ് ക്ഷേത്രങ്ങളുടെ സമുച്ചയം. പത്താം നൂറ്റാണ്ടോടെ മദ്ധ്യജാവയിൽനിന്ന് കിഴക്കൻജാവയിലേക്ക് തലസ്ഥാനം മാറി. വലിയ ഒരു ഭൂകമ്പത്തിന്റെ ഫലമായാണ് ഈ മാറ്റം സംഭവിച്ചത്. 16ആം നൂറ്റാണ്ടിലുണ്ടായ മറ്റൊരു ഭൂകമ്പം ഇവിടുത്തെ ക്ഷേത്രസമുച്ചയത്തെ നശിപ്പിച്ചു. സർ സ്റ്റാൻഫോഡ് റാഫിൾസ് 19ആം നൂറ്റാണ്ടിൽ ക്ഷേത്രസമുച്ചയം കണ്ടെത്തി. അകത്തെ ചുറ്റിലുള്ള 16 ക്ഷേത്രങ്ങൾ പുനരുദ്ധാരണം ചെയ്തു കഴിഞ്ഞു.2001ൽ പുറത്തെ ചുറ്റിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം തുടങ്ങി.

ഏറ്റവും നടുവിലെ ഏറ്റവും ഉയരമുള്ള ക്ഷേത്രം ശിവക്ഷേത്രമാണ്. ഇരുവശമായി വിഷ്ണുക്ഷേത്രവും ബ്രഹ്മാക്ഷേത്രവും. ശിവക്ഷേത്രത്തിന്റെ വടക്കേ അറയിലെ ദുർഗ്ഗാക്ഷേത്രം ലോറോ ജോങ്ങ്രംഗ് എന്ന രാജകുമാരിയുടേതാണെന്ന് പറയുന്നു. ശിവമഹാദേവനാണ് പ്രധാനപ്രതിഷ്ഠ. പുറത്ത് 62 നൃത്തകരണങ്ങളുണ്ട്.. ഇതിൽ നർത്തക,ഗായകസംഘത്തിന്റെ വിവിധങ്ങളായ രൂപങ്ങളും കർമ്മങ്ങളും ഭരതമുനിയുടെ നാട്യശാസ്ത്രത്തിന് അനുസൃതമായി കാണാം. അകത്ത് രാമകഥ കൊത്തിയിരിക്കുന്നു

ലകുലീശനും പൂക്കാട്ടിയൂർ ലിഖിതവും

ബ്രാഹ്മിലിപിയിൽ കവിത്വം അഥവാ കവുത്തുവമെന്ന് മൂന്നുവിധം എഴുതാം. ക്ഷേത്രത്തിലെ ശ്രീഭൂതബലിയോടനുബന്ധിച്ച് ദേവദാസിമാർ ചെയ്യുന്ന നൃത്തനാട്യമുദ്രാഭിനയപ്രധാനമായ ചടങ്ങിനെയാണ് കവത്തുവമെന്ന് തമിഴിലും കവിത്വമെന്ന് മഹാരാഷ്ട്രത്തിലും വിളിക്കുന്നത്.ഇത് ചെയ്യുന്ന നർത്തകിമാരെ ദാരികമാരെന്ന് പറഞ്ഞിരുന്നു. ശരഭപുരിയിലെ ക്ഷേത്രത്തിലേക്ക് കോലത്തുനാട്ടിൽനിന്ന് വിവാഹം കഴിച്ചുവന്ന കോലവതി എന്ന രാജ്ഞി ദാരികമാരെ സംഭാവന ചെയ്തതായി ശരഭപുരി ലിഖിതങ്ങളിലുണ്ട്.



കഥകളിയിലെ കവുത്തുവം അഞ്ചു താളത്തിലാണ്.

ഏകം തെയ്

ചെമ്പട തെയ്യ് ത്ത ത്ത ധീ ഹി ധീ ഹി

ഝംപ തൈ ഹിത തി ത്ത ത ക്കിട ധീ, ധീ,കിട

ത്രിപുട ധീയം ത ധീയം ധീ യം

അടന്ത. തൈ ഹി ത ത ര ധീ ഹി താ ത ത ധീ ഹി ധീ ഹി

പൂക്കാട്ടിയൂരിലെ ലിഖിതം താളത്തോടെ പാടി നൃത്തം വെക്കാവുന്ന കവുത്തുവമാണ്. മഹാദേവസ്വാമിയുടെ ഗഗനത്രികുടുംബസ്ഥലമെന്നാണ് ലിഖിതം ക്ഷേത്രത്തെ പറയുന്നത്.

ചൂലാലി ഹൈമീ സുന്ദരി ആയുര്യാ-
സുയു നിര്ദ്ധന നിര്ഗ്ഗുണമദ(പദ)ലലാട
ചുംചുനി ചുംചുലു ആയവധൂസ്വചുഞ്ചുള
ഊചുയ ലവുലീശ്വരു ചുഞ്ചുരുണീ

ദലല ഈചുരാസ്വാമിനിസ
രചുല്ക്കഹോമലുന്നാമമസ്വാമിക്കുയു(ള്ള)ല
(അ)ഹസ്കഴഞ്ചുക്കുമൂവിരണ്ടെള്ു(ഴു)ഭൂമിരീ
യാണ്ടു മുഴുക്ക ശകപല്ലവപൊന്ഥാലനിരാടലുവലുക്ക്

പ(ഗ)ശ്രീമെമേര്ക്ക് (വൈവൈ) ത്രിപുവണേവേണേ ഹൃദര്ണ്ണസംസ്ഥം
(സംസദ്) നഥൂസ്യാ(ര്ണ്ണ്യാ)വെലവി(ളി)ത്ത്യൂവ്വെരുക്ക്
ഏനല്ലുവേവെവ്വുവേ കവിവേര്ണ്ണയളലവണളകു ആണ്ട് 791
പമെജെ(പശ്ചിമേ) വേൽഫന്തമേ 2311 ഹർണ്ണ മേതം 12 കന്നിവിയാളം 22
വചർണ്ണേം ണേനള(ല) 27’ ണ (ക)മ്മേയ്ത്തൂണ്മത്തുണ് 73ആം തീളു
ഊമ്ണും മ്ണവറ്റ് (മ്ണവണു ഈ0 വ്യോമേ വക 013 വെ.നാ. വെ 1
വിടിഞ്ച് യതഫണിനീം (യതഫണി 10)
വീണാവേണുളുലനുനീലീ(ളീ)ണാ
തണാടധമ്യേധക്ഷവുണീമേമീസുരരസുശ്യംഗംബ ഓം

ധനാർത്ഥധിയശ്രീപുത്രജിതസുമുത്തീഞാഴലു
അഥ ഉമാസ്വാമിസ ഈഴുമൂഹ്മുതളിടസ്യുസ്യുതുടർജത്തുളുട
ഉടതാലീടുയുഗചിത്രരതീലവ-
ർദ്ധധവളജടലാസ്ഥദ്ധിതമഥ യമജയഹ
നത്ഥിത്ഥധരര മുരാരിരത
ലധലില്ലല്ലത ശതവിഷപുര
രജസജില മാത്രധര
ശിഖിശ്ഥ ദാസിശരരുരുകര(ശിഖിശതദാസീ,ശര,രുരു,കര)
തുദ(ത)രശത(ധ)ശധീവര(രു)ജൂഢ
(ഉദരശതാശദ്ധീവരജൂഢ) (പുറപ്പാടുമല്ലാരി,തേർമല്ലാരി, തീര്ത്ഥമല്ലാരി, ഇവയുടെ മൂന്നിന്റെയും താളങ്ങളുള്ള കവിതമാണിത്. ചൊൽക്കെട്ട് കൂട്ടിപ്പാടി നൃത്തം വെച്ച് നോക്കുക)

ഇനിയുള്ളത് ദ്വിഭാഷയിലുള്ള സന്ദേശംകൂടിയുള്ള ലിഖിതഭാഗമാണ്.

നലീമന മലാളലഴപ്പം ഭഗതമുനിജു
മഞ്ജുളർത്ഥജ മളഗല്ലപു സാമിസ

ആലാപയാഗലലനാനടനപീഠം
നിജമമവയജമാപാടിമുത്ഥായ
ഫുവപാലപവതിത-
സ്സാടുഫ്ഭസ്സാമിസ്സഖാദ്ധ്യക്ഷമു
സ്വാമിരുയപത്രധവരു(ര്)ത്തക പരുവ-

അർത്ഥവും വ്യാഖ്യാനവും

മഹാദേവസ്വാമിയുടെ ഗഗനത്രികുടുംബസ്ഥലം. ചൂലാലി,ഹൈമി,സുന്ദരി ആയ ദേവി ആയുസ്സുള്ള പ്രജയെ ലഭിക്കാനായി നിർഗ്ഗുണനും നിർദ്ധനനും നിത്യനിർവ്വാമമദലഹരിയിൽ ഇരിക്കുന്നവനുമായ ശിവന്റെ ലലനാപദം (ലലാടപദം) സ്വീകരിച്ചു. ചുഞ്ചുന ചുഞ്ചുലു എന്ന് ചിലങ്ക കിലുക്കുന്ന ആയിവധുവിന്റെ(പത്മനാഭസഹോദരി) നാദം കേട്ട് (ലലാടത്തിലെ ദശവിധനാദം കേൾക്കുന്ന) ലവുലീശ്വരൻ ഇപ്രകാരം പറഞ്ഞു.

ചെഞ്ചുരുണി, (ചുവന്ന നിറമുള്ള ചെഞ്ചുത്തരുണി) ഈശ്വരസ്വാമിനിയുടെ രജസ്സിൽ(രജോഗുണം) ശുക്ലഹോമത്തിന് (സാത്വികം) നാവാസ്വാമിക്കുള്ള (സഹോദരൻ) അഹസ്സ് (പകലിലെ ഹോമം) കഴഞ്ചിന് 32 എള്ളു വിളയുന്നനിലവും, ആണ്ടു മുഴുവനും ശകപല്ലവപ്പശുംപൊൻതാലനീരാടുന്ന തിന്.........

ഈ വരികൾക്ക് ദ്വാശ്രയകാവ്യരീതിയിൽ (ഒരേ വാക്കിൽ 2 കാര്യം പറയുന്ന രീതി) മറ്റൊരു അർത്ഥം കൂടി കിട്ടും. (telling two stories simultaneously using same words which can be read in more than one way) പൂവന(പൂക്കാട്ടിയൂർ) ദേവസ്വാമിയുടെ ഗഗനത്രികുടുംബസ്ഥലം. വെണ്ണനെയ്യ് ചേർത്ത് വേവിച്ച അരി മൂന്ന് നാഴിയുരി. വെള്ളനേദ്യം ,നീ ർധാര, വെണ്ണ 36 ആയം സ്വാമിക്ക്. വൈയ്യണ (ഭൂമി അഥവാ വൈയ്യകത്തിന്റെ അളവിൽ)നിന്ന് 33 ന്യൂനം (കുറവ്) ഈസ്വരസ്വാമിനിയുടെ ഭരണി ഉത്സവത്തിന്.സൂര്യന്റെ അണു(രജസ്സ്-പൊടി) ശുക്ലം ബ്രഹ്മാണിനിയുടെ (സരസ്വതി) നാവായ വാക്കിൽ നാവാമുകുന്ദസ്വാമിക്ക് (ഹരശുക്ലം ഹരിരജസ്സിൽ) അഹസ്സ് കഴഞ്ചിന് 32 എള്ളു വിളയുന്ന ഭൂമി, സ്വർണ്ണനദി(പൊൻനദി)യിൽ ആണ്ടുമുഴുവനും ശകപല്ലവപ്പൊൻതൃത്താലീയത്തിൽ (തൃത്താല) ആവണ (ശ്രാവണ)സത്സദസ്സ് (ശതശതം യാഗം ചെയ്ത ശതകർണ്ണിസഭ)

ഗോശ്രീമേർക്ക്(പടിഞ്ഞാറ്) ത്രിഭുവനത്തിലെ വേണയില് ഹൃദ്സാഗരത്തൽ സ്ഥിതി ചെയ്യുന്ന സംസദ് (പരിഷത്ത്). അഥ (മംഗളം) അപ്രകാരം യാഗം ചെയ്തവരുടെ ഊരണിയിൽ, വെളിവിത്തുത്തേവർക്ക് നല്വിസഭയിൽവെച്ച് പോ കവിവേരു ആയ വർണ്ണയാളലവണന് ആണ്ട് 790 പശ്ചിമത്തിൽ വേൽപ്പന്തമെന്ന വൈലസ്ഥാനത്ത് 2311 മേടം 12 കന്നിവ്യാഴം 22 ആകാശത്തിലെ മേൽത്തൂണുകളായിരിക്കുന്ന 27 ഗണകന്മാരുടെ (നക്ഷത്രം) 73 ആവർത്തി കഴിഞ്ഞ് 19ആം നക്ഷത്രത്തിൽ (മൂലം കഴിഞ്ഞ് പൂർവ്വാഷാഢം) 013 നാഴിക വെളുപ്പിന് 1 വിനാഴിക മുടിഞ്ഞ്, വീണാവേണുമേളനത്തോടെ നീലീനദിയുടെ (നിളാ) താഴത്തെ കരയിൽ അക്ഷൌഹിണിപ്പടയോടെ ഭൂസുരന്മാർ ശൃംഗാംബാസമേതനായ ശിവദർശനം ചെയ്തു.

സംഗീതനൃത്തവാദ്യഘോഷം , കവിത്വം, ദ്വാശ്രയകാവ്യരീതി. യമകം,ശ്ലേഷം ,യോഗത്തിലെ ദശവിധനാദം, ചിലങ്കയുടെ നാദം (onomatopoea) ഇവ കൂടാതെ ചെഞ്ചു ട്രൈബലുകളുടെ പേരും നാവാ,നീലീനദി, തൃത്താല ,വൈയ്യകം കായൽ ഇവയും ഉണ്ട്. പൂക്കാട്ടിയൂരിന്റെ പേരുണ്ട്. കാലഗണനയുമുണ്ട്. ചെഞ്ചുരുണി എന്നത് കേരളത്തിലെ തെക്കേ ഭാഗത്ത് ആയ് വംശക്കാരുടെ പുരാതനമായ സ്ഥാനമാണ്. ആവണഞ്ചേരി (അവനവഞ്ചേരി) പഴയ വേണാടിലെ മൂഷകവംശത്തിന്റെ നാമവുമാണ്.

ഇനി നമുക്ക് കാലം,ലവുലീശപരാമർശം, വേൽപ്പന്തമെന്ന പരാമർശം, ദ്വിഭാഷാപ്രയോഗം ഇവയെല്ലാം പരിശോധിക്കണം.

ലകുലീശസമ്പ്രദായം-





The Development of Various Schools of Saivism

വിക്കിപ്പീഡിയയിലെ ശൈവസ്കൂളുകളിൽ ലകുലീശസമ്പ്രദായം വിട്ടു കളഞ്ഞിരിക്കുന്നു.

28ആം യുഗാവർത്തനകാലത്ത് ശ്രീകൃഷ്ണൻ അവതരിച്ചപ്പോൾ ശിവനും ലകുലിൻ എന്ന പേരോടുകൂടി മഹേശ്വരപാശുപതബ്രഹ്മചാരിയായി ശ്രീ കൃഷ്ണലീല കാണാനവതരിച്ചു. അദ്ദേഹം ലഗധനെന്ന പേരിൽ ഭൃഗുകച്ഛത്തില് തപസ്സു ചെയ്തു. അദ്ദേഹം പ്രശസ്തരായ നാലു കുലത്തിലെ നാലു പേരെ തന്റെ ശിഷ്യരാക്കി. യോഗിയാതിരി സമ്പ്രദായമെന്ന ലകുലീശപാശുപതസമ്പ്രദായം അവരിലൂടെ വളർത്തിയെടുത്ത് പ്രചരിപ്പിച്ചു. കുശികൻ,മിത്രൻ,ഗർഗ്ഗൻ, കാരൂഷനെന്നിവരാണ് നാലു ശിഷ്യന്മാർ.

മൈത്രകന്മാരുടെ വംശത്തിലാണ് വല്ലഭവംശം . (പടിഞ്ഞാറൻ തീരത്തെ ശിവാരാധകന്മാര്). യാദവമൂഷകവംശമാണ് ഇവർ. ചെന്തുരുണി കേരള ത്തിലെ പ്രാചീനഗുഹാഗൃഹമാണ്,ആയ് (യാദവ)വംശക്കാരുടേതാണ്. ഹോ യ്സാലരാജവംശം യാദവവംശമാണെന്നും അവരുടെ ഗുരുവും ലകുലീശനാ ണെന്നും നേരത്തെ കണ്ടു. ഗര്ഗ്ഗനാണ് യാദവരുടെ ഗുരു. കാരൂഷകംന്മാർ ഭാരതകാലത്തുതന്നെ പ്രസിദ്ധമായ യാദവവംശമാണ്.(ചേദി ശിശുപാലനും സാലവനും ഈ വംശമാണ്) അവരാണ് കേരളത്തിലെ പ്രജകളെന്ന് പുരാണ ങ്ങളിൽ പറയുന്നു.

ഋഗ്വേദത്തിൽ(1.133.1) വൈലസ്ഥാനം എന്ന് പറയുന്നതാണ് ഇവിടെ വേ ല്ഫന്തം അഥവാ വേൽപ്പന്തരെന്നു പറയുന്നത്. വേള(ചന്ദ്രവേള)യിൽ വേലിയേറ്റമുണ്ടാവുന്ന കടലോരമാണത്. പുറനാനൂറിൽ(201) ഇരുംകോ വേലെന്ന ഇരുക്കുവേലിന്റെ 49 തലമുറ മുമ്പുള്ളവർ (സകല പൂർവ്വിക രും) വാണ കോട്ടയും അക്ഷൌഹിണിസേനയും ഈ പ്രശസ്തനഗരമാ ണെന്ന് പറയുന്നു. കേരളചരിത്രത്തിൽ വേലാപുരമെന്ന് കേരളത്തിന്റെ പേരാണ്.

പുറനാനൂറിൽ പറയുന്ന അക്ഷൌഹിണിപ്പടയോടുകൂടിയുള്ള ശിവദർശന മാണ് ഇവിടെ പരാമർശിക്കുന്നത്.മേടം 12 എന്നാലത് വിഷുപ്പത്ത് കഴി ഞ്ഞ ഉടനെയാണ്. വ്യാഴം ചിത്രയിലാണ്. മേടത്തിലെ അശ്വതിയിൽ സൂര്യനും കന്നിയിലെ ചിത്രയിൽ വ്യാഴവും ധനുവിലെ പൂരാടത്തിൽ ചന്ദ്രനും നിൽക്കുന്നു. മേടഭരണിക്കു (ചന്ദ്രൻ ഭരണിയിലെത്തി അമാവാ സിയാവാൻ 9 ദിനം ബാക്കിയിരിക്കെ) ആണ് ശിവനെ ദർശിക്കുന്നത്.

കലിയുഗം 3102ലാണ് ഇരുക്കുവേലിന്റെ പൂർവ്വികർ ദർശനം നടത്തിയത്. അവരുടെ സംഗമത്തിന് 2311 വർഷം കഴിഞ്ഞാണ് (ബിസി 791) ലിഖിത ത്തിലെ സംഗമം നടന്നത്. പുറനാനൂറ് കാലത്തിന് എത്രയോ മുമ്പ് നട ക്കുന്ന സംഗമത്തിന്റെ തുടർച്ചയാണത്. പുറനാനൂറുകാലത്താവാം ഇതി ന്റെ ഓർമ്മക്കായി ലിഖിതം കൊത്തിച്ചതെന്ന് വിചാരിക്കാം. ദക്ഷിണ ദിക്കിലെ യമനെയാണ് ദേവദാസികൾ സ്തുതിച്ചത് (യമ ജയഹ) ദണ്ഡധ രനും മഹിഷവാഹനനുമാണ് യമൻ.രുരു(മാൻ),ശിഖി(സർപ്പം),രജസചിന്മാത്ര (അഗ്നി) ധരിച്ച ത്രിപുരാന്തക,അഥർവ്വാംഗിരസമഹാദേവമഹേശ്വരയോഗി യായ ശിവരൂപമാണ്. മുരാരിരതനായതിനാൽ വിഷ്ണുമോഹിനിയിൽ രതിയുള്ളവനുമാണ്. (ഹരിഹര) പൂക്കാട്ടിയൂരിലെ ക്ഷേത്രം ശിവ, വിഷ്ണു, ദേവിമാരുടെ ത്രികുടുംബമാണ്. നൂറു യാഗം ചെയ്തു, നൂറു ദിക്കിലേക്ക് സഞ്ചരിച്ച ധീവരനാണ്, അനേകം ദേവദാസിമാരുടെ അധിപ നാണ്, സകലകലാവല്ലഭനും ദണ്ഡനീതിസ്ഥാപകനുമാണ്. ദേവിയുടെ ഭരണി ഉത്സവം വരാനിരിക്കെ, ചിത്രാപൌർണ്ണമിയും വസന്തയാഗവും കഴിഞ്ഞാ ണ് ചിത്തിരൈക്കൂടൽ എന്ന സംഗമം ഉണ്ടായത്. ഈ ലിഖിതം അതിന്റെ ഓർമ്മക്കാണ് പുറപ്പെടുവിച്ചതും സ്ഥാപിച്ചതും. (വസന്തോത്സവം) ഉമാ സ്വാമിയുടെ ഏഴുമൂന്നു (21) തളിയിലെ ജനങ്ങളും ആ യുഗാദിയിലെ ചിത്തിരക്കൂടലെന്ന ചിത്രരതിയിൽ ,ജടയിൽ ധവളനിറമായ അർദ്ധചന്ദ്രനെ ചൂടിയ യമധർമ്മനീതിസ്ഥനായ ശിവന്റെ ഉമയിലും മുരാരിയിലുമുള്ള ചിത്രരതിസ്വഭാവം കണ്ടു.

നത്ഥിത്ഥധര എന്ന ചൊൽക്കെട്ടിനു അതേ മാത്രയിൽ മുരാരിരത എന്നും

ലധലില്ലല്ഋത എന്നതിന് സമമാത്രയിൽ ശതവിഷ്വപുര എന്നും കാണുന്നത് സുന്ദരം. ഇവ കവുത്തുവനാട്യപ്രയോഗമാണ്. പരുവ (ദേവദാസി) പാടി യാടിയ കവുത്തുവം തന്നെ അപസവ്യമായി വായിച്ചാൽ വഴിപാടുവി വരമായി മാറുന്നതും ഭാഷാപ്രയോഗത്തിന്റെ (വിദ്വത്തം) നിദാനമാണ്.

നലീമന മലാളലഴപ്പം ഭഗതമുനിജു എന്നത് നലീമനയിലെ മലയാളത്തപ്പൻ ഭാഗവതമുനിക്ക് എന്നാണ്. അതുതന്നെ തെലുങ്കിൽ മഞ്ജുളർത്ഥജ, മളഗല പ്പു, സാമിസ എന്ന് ദ്വിഭാഷയിൽ വിവർത്തനം ചെയ്തിരിക്കുന്നു. ആലാപവും യാഗവും ലലനകളുടെ നടനപീഠവും (നടനവിദ്യാലയം) എല്ലാ ദിനവും നടത്തിക്കാനായി, (നിത്യനിദാനം) ആണ് വഴിപാടുകൾ പറയുന്ന ത്. യജമാനനെ(ഈശ്വരനെ) തുയിലുണർത്തി ഉപചരിക്കാനായി ഭുവനപാല ഭഗവതിയുടെ സാഡുഫ്ഭസ്വാമിയുടെ സഖാദ്ധ്യക്ഷതയിൽ (കൊടിക്കീഴിലുള്ള)എല്ലാ വർത്തകശ്രേണികളും പരുവ(ദേവദാസി)കളും സമ്മേളിച്ചാണ് തങ്ങൾ ഇത് ചെയ്തുകൊള്ളാമെന്ന് നിയമം പാസാക്കുന്നത്.

1.ദ്വിഭാഷയിൽ പൂർണ്ണവാചകം.

2. മലാളമെന്ന് മലയാളഭാഷയുടെ നാമം

3. സൌജന്യവിദ്യാലയസ്ഥാപനം

ഇവയുടെ പ്രാധാന്യം വളരെയധികമാണ്.

ലകുലേശസമ്പ്രദായത്തിലുള്ള ഗുരുക്കന്മാരെ ആരാധിച്ച് ക്ഷേത്രമുണ്ടാക്കിയ തിന്റെ ആദ്യത്തെ ലിഖിതം വടക്കേ ഇന്ത്യയിലെ ഗുപ്തരാജവംശകാല ത്താണ് ഉണ്ടായത്.മഥുരയിലെ കിണറിലെ തൂണിലാണ് ഇത് കണ്ടത്.



താഴെ ലകുലീശചിത്രമുണ്ട്.

സിദ്ധം ഭട്ടാരകമഹാരാജാധിരാജാശ്രീസമുദ്രഗുപ്തസത്പുത്രസ്യ ഭട്ടാരകമഹാരാജരാജാധിരാജശ്രീചന്ദ്രഗുപ്തസ്യ വിജരാജ്യസംവത്സരേ

പഞ്ചമേ കാലാനുവർത്തമാനസംവത്സരേ ഏകഷഷ്ഠേ 60 1 () പ്രഥമേ ശുക്ലദിവസേ
പഞ്ചമ്യാം അസ്യാം പൂർവ്വയംഭഗവത്കുശികത് ദാസമേന ഭഗവദ്പരാശരച്ചതുർത്ഥേന ഭഗവദ്കപിലവിമലശിഷ്യേന ഭഗവദ് ഉപമിതവിമലശിഷ്യേന അര്യോദിതചര്യേന സ്വപുണ്യപ്യായനനിമിത്തം ഗുരൂണാം ച
കീർത്ത്യാർത്ഥം ഉപമിതേശ്വരകപിലേശ്വരൗ ഗുരു( ) പ്രതിഷ്ഠാപിതോ നൈതത് ഖ്യാത്യാർത്ഥം അഭിലിഖ്യതേ അഥ മഹേശ്വരാണാം വിനാപ്തിക്സ് ക്രിയതേ
സംബോധനം ച യതകതേനാചാര്യണം പരിഗ്രഹം ഇതി മത്വാ വിശങ്കം പൂജാപുരസ്കാരം പരിഗ്രഹപരിപാല്യം കുര്യാദ് ഇതി വിജ്ഞാപ്തിർ ഇതി
യശ്ച കീർത്ത്യാഭിദ്രോഹം കുര്യാദ് യശ്ചഭിലിഖിതം ഉപര്യധോ വാ സ പഞ്ചഭിർ മഹാപാതകൈർ ഉപപാതകൈശ്ച സംയുക്ത സ്യാത് ജയതി ച ഭഗവാൻ ദണ്ഡ രുദ്രദണ്ഡോഗ്രനായകോ നിത്യം

ചന്ദ്രഗുപ്തന്റെ വിജയവർഷത്തിൽ സത്പുത്രനായ സമുദ്രഗുപ്തൻ ഗുപ്ത വ്ഷം 61ലെ ആദ്യആഷാഢത്തിലെ ശുക്ലപഞ്ചമിക്ക് എഴുതിച്ച ലിഖിതം. ഈ ദിവസം ഗുരുവായതനത്തിൽ (ഗുരുവിന്റെ ക്ഷേത്രം) ഉപമിതേശ്വര, കപിലേശ്വരന്മാരുടെ ലിംഗം പ്രതിഷ്ഠിച്ചു. ഭഗവാൻ കുശികന്റെ പാരമ്പര്യത്തിൽ 10ആം തലമുറ, പരാശരന്റെ നാലാം തലമുറ, ,കപിലന്റെയും ഉപമിതന്റെയും വിമലശിഷ്യനായ ആചാര്യ ഉദിതാചാര്യനെ ഗുരുവായി വരിച്ചു. എന്റെ കീർത്തിക്കല്ല, മഹേശ്വരഭക്തരുടെ പുണ്യത്തിനായാണ് ഈ കർമ്മം. ഇത് ആചാര്യന്മാർക്കുള്ള നിവേദനമാണ്. തങ്ങളുടെ കയ്യിലുള്ള ഈ സ്വത്തുകൊണ്ട് അവർ ദേവന്റെ സ്വത്ത് തങ്ങളുടേയായി വിചാരിച്ച് സംരക്ഷിക്കയും വേണം. ഇതിനെ നശിപ്പിക്കുന്നവർക്ക് പഞ്ചമഹാപാതകവും പഞ്ചപാതകവും വരും. ഈശ്വരദണ്ഡം എപ്പോഴും വിജയിക്കട്ടെ. അത് വളരെ ഭയങ്കരമാണ്

പാശുപതശൈവിസത്തിലെ രണ്ടു ഗുരുക്കന്മാരുടെ പേരുണ്ട്. ഉപമിത, കപില, ദാനം വാങ്ങുന്ന ഗുരു ഉദിതാചാര്യ അവരുടെ ഗുരായതനത്തിന് കൂടുതൽ പുനരുദ്ധാരണം , നിർമ്മിതി ഇവ നടത്തിയിട്ടുണ്ട്. .വില്ലിസ്സിന്റെ അഭിപ്രായം ഇപ്രകാരം പുണ്യത്തിനും മോക്ഷത്തിനുമായി കർമ്മം വൈഷ്ണവരുടെ ഇടയിലാണധികം. എന്നാൽ അലെക്സിസ് സാൻഡേഴ്സൺ പതഞ്ജലി മഹാഭാഷ്യത്തിൽ ശിവഭാഗവതന്മാരെന്ന പേരുണ്ടെന്ന് ചൂണ്ടിക്കാട്ടുന്നു. ലിഖിതരൂപത്തിൽ ലകുലീശസമ്പ്രദായത്തിനുള്ള ആദ്യതെളിവാണ് ചന്ദ്രഗുപ്ത,സമുദ്രഗുപ്തന്മാരുടെ ലിഖിതം. ഇവിടെ ലകുലീശനെന്ന നാമം ഉപയോഗിച്ചിട്ടില്ല. പക്ഷേ ഉദിതാചാര്യന്റെ ഗുരുപരമ്പര കുശികനിലാണ് ആരംഭിക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്. ലകുലീശൻ നാലു ശിഷ്യരിൽ ഒരാളാണ് കുശികൻ. മദ്ധ്യപ്രദേശിലെ ധാർ ജില്ലയിലെ (ബാഗ്)മഹാരാജാ ബുലിന്ദിന്റെ താമ്രപത്രലിഖിതവും ലകുലീശസമ്പ്രദായം ചൂണ്ടിക്കാട്ടുന്നു. ശിവലിംഗപൂജ സൈന്ധവകാലത്തേ ഉണ്ട്. ഗുപ്തകാലത്തും ഉണ്ടെന്ന് ക്ഷേത്രവും ശിവലിംഗവും തെളിയിക്കുന്നു. ഭണ്ഡാർക്കർ രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ ലകുലീശസമ്പ്രദായം

ഉത്തരേന്ത്യയിലുണ്ടെന്ന് ഗുപ്തരാജാക്കന്മാരുടെ മഥുരലിഖിതം വെച്ചാണ് പറഞ്ഞിട്ടുള്ളത്.

ഗുജറാത്തിലെ പാവഘട്ട് ചമ്പാനീർ ലകുലീശക്ഷേത്രം 10ആം നൂറ്റാണ്ടു മുതലുണ്ട്. ത്രിശൂലം ധരിച്ച് നഗ്നനായ ശിവനാണ് പ്രതിഷ്ഠ. ദക്ഷിണേന്ത്യയിലെ ചില ക്ഷേത്രങ്ങളിലും ലകുലീശസാന്നിദ്ധ്യമുണ്ട്.

സൌത്ത് ഈസ്റ്റ് ഏഷ്യയിലെ ലകുലീശ, വിദുസാന്നിദ്ധ്യം ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തുനിന്നാവാനാണ് സാദ്ധ്യത. കാരൂഷരും മൈത്രേയരും ആയ ലകുലീശശിഷ്യപരമ്പര ഗുജറാത്ത് മുതൽ കേരളം വരെയുള്ള ഭൂഭാഗത്താണ് ജീവിച്ചത്.അവരുടെ സമുദ്രയാനചരിത്രവും , നൃത്തനാട്യനാടക സംഗീതപാരമ്പര്യവും സൌത്ത് ഈസ്റ്റ് ഏഷ്യയിലെക്കും വ്യാപിച്ചിരിക്കുന്നതിന്റെ തെളിവും കഥകളും ലിപിയും (ചമ്പയിലെ പല്ലവലിപി കാരളത്തിലുള്ള പല്ലവട്ടെഴുത്ത് മണിപ്രവാളമാണ്) ഇതാണ് നമ്മോടു പറയുന്നത്. പൂക്കാട്ടിയൂരിലെ സാധുഭസ്വാമി അഥവാ സാലുവസ്വാമി മഹാഭാരതത്തിലെ സാല്വവംശമാണ്. അദ്ദേഹത്തിന് പശ്ചിമതീരത്താണ് രാജധാനി, അദ്ദേഹം പാശുപതനാണ്.അദ്ദേഹത്തിന്റെ പിൻമുറക്കാരാണ് വിജയനഗരത്തിലെ സാളുവവംശം. എല്ലാ രാജവംശവും ഒരേ മൂലവംശത്തിലുണ്ടായി, വേർപിരിഞ്ഞ് കാലക്രമത്തിൽ മൂലം ഏതെന്നറിയാതായവരാണ്. വള്ളുവ(വല്ലബ)നാട്ടിലെ ക്ഷേത്രപഠനം ആ ഒരുമയാണ് നമ്മെ പഠിപ്പിക്കുന്നത്.

റഫറൻസുകൾഃ

1 Studies on the Mahābhārata— Essays by Alf Hiltebeitel, Volume 1 Edited by Vishwa Adluri and Joydeep Bagchee . Brill Leidon-Boston 2011

2. Whence Sanskrit . Kutha samskrithamithi .: (A brief history of Sanskrit prdagogy in the west) Herman Tull. International Journal of Hindu studies 2015 Springer .

3. Cosmopolitanism and regionalism in Indian cultural dynamics . Cracow Indological studies vol XV111. 2016. Ed Christina Bignami ,Ewa Debicka Borek

4. Conquering the worlds ,subdueing the minds, Sankara's Digvijaya in the local context.

5. . Mallebrein (Mallebrein 1999: 141): "The tribal and Hinduistic forms of religion do not create monolithic blocks. On the contrary, there are manifold transitions between these two spheres."

6. Choubey, M. C. 1997. Lakulīśa in Indian Art and Culture. Delhi: Sharada Publishing House

7. Lorenzen, D. N. 1991. The Kāpālikas and Kālāmukhas. Two Lost Śaivite Sects. Delhi: Motilal Banarsidass (1st print 1972).

8. The Implementation of the Pan-Indian Form on the Keralan Ground. A. R. Rajaraja Varma's Citranakṣatramālā

9. Talking Stones: Royal Inscriptions in Medieval Karṇāṭaka എലീന മുച്ചിയാരെല്ലി

10. (From lanka Eastwards -Ramayana in literature and visual arts of Indonesia Ed:Andrea Acri,Helen Creese,Arlo Griffiths .KITLV Press Leiden 2011(Royal Netherlands Academy of arts and sciences)

11. Pollock 2006.13. 12,322

12. Ramayana in world literature. John Brockington and Mary Brockington. Conference on the Asian civilization museum.Singapore.July 2010